RNI Reg. No. KERMAL/2010/32222
Registered KL/TLY/ 01/19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളററിൻ



*Vol.11 2020 December No. 12*


Merry Christmas
and
Happy New Year

# തിരുപ്പട്ട സ്വീകരണത്തിനൊരുങ്ങുന്ന ഡീക്കന്മാർക്ക് ആശംസകൾ



Dn Rijose (George)Arumayil
Holy Family Church, Chokkad
26 December 2020, 09.15 am



Dn Jerin (Joseph) Poikayil
St. Joseph's Church, Kurumbala
29 December 2020, 09.15 am



Dn Akhil (John) Uppuveetil
Assumption Church, Bathery
30 December 2020, 09.15 am



Dn Sebin (Sebastian) Parayil
St. Antony's Church, Kottathara
31 December 2020, 09.15 am

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 11 ഡിസംബർ - 2020 ലക്കം 12**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ .................................................. 7
സർക്കുലർ .................................................. 12
സർക്കുലർ .................................................. 17
ഇടയലേഖനം .................................................. 22
രൂപതാകച്ചേരി വാർത്തകൾ .................................................. 30
*Declaration*.................................................. 33
വൈദികരുടെ മാസധ്യാനം .................................................. 34
മതബോധനരംഗം .................................................. 36
ചെറുപുഷ്പ മിഷൻലീഗ് .................................................. 40
*Department of Youth Ministry* .................................................. 54
കെ.സി.വൈ.എം .................................................. 58
കുടുംബപ്രേഷിതത്വം .................................................. 64
സീയോൻ വാർത്തകൾ .................................................. 71
കത്തോലിക്കാ കോൺഗ്രസ്സ് .................................................. 72
റേഡിയോ മാറ്റൊലി .................................................. 74
സാമൂഹ്യ സേവനരംഗം (WSSS) .................................................. 76
ബയോവിൻ അഗ്രോ റിസർച്ച് .................................................. 82
നീലഗിരി ഡവലപ്മെന്റ്.................................................. 84
*Mary Matha Arts & Science College* .................................................. 88
വിദ്യാഭ്യാസ മേഖല .................................................. 92

# സർക്കുലർ

***Circular No. 23/2020***
***Prot. No. 23946/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ,

നിങ്ങൾക്കെല്ലാവർക്കും ബിഷപ്പ്സ് ഹൗസിൽ നിന്ന് സ്നേഹാശംസകൾ നേരുന്നു. കൊറോണ വൈറസ് വ്യാപനത്തെ തുടർന്നുണ്ടായിട്ടുള്ള അസൗകര്യങ്ങൾക്ക് നടുവിലും ഇടവകകളിലെ അജപാലന കൃത്യങ്ങൾ നന്നായി നടക്കുന്നു എന്നറിയുന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യവും നന്ദിയും ഉണ്ട്. അതുപോലെ തന്നെ സംഘടനകളും വിവിധ ഡിപ്പാർട്ട്മെന്റുകളും അവസരത്തിനൊത്ത് ഉയരുകയും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട് എന്നറിയുന്നതും വലിയ സന്തോഷത്തിന് ഇട നല്കുന്നു. ഈ സാഹചര്യം എത്ര നീളും എന്ന് നമുക്ക് പ്രവചിക്കാനാവില്ല. എത്ര നീണ്ടാലും നമ്മൾ അതിനെ നേരിട്ടേ മതിയാകൂ. അതിനുള്ള ശക്തിയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും ഏവർക്കും ആശംസിക്കുന്നു.

എല്ലാ വർഷവും സെപ്റ്റംബർ മാസത്തിൽ ബഹുമാനപ്പെട്ട വൈദീകരുടെ വാർഷികധ്യാനം നമ്മൾ നടത്താറുള്ളതാണല്ലൊ. ഈ വർഷവും അതിനുള്ള തയ്യാറെടുപ്പുകൾ നടത്തിയിരുന്നതാണ്. നിർഭാഗ്യവശാൽ സാഹചര്യങ്ങൾ അനുകൂലമല്ലാതിരുന്നതിനാൽ അത് നടത്താൻ കഴിഞ്ഞില്ല. പക്ഷെ മറ്റ് കാര്യങ്ങളിൽ എന്നതുപോലെ ഈ കാര്യത്തിലും പുതിയ മാർഗ്ഗങ്ങൾ നമ്മൾ തേടുകയാണ്. പല രീതികൾ ആലോചിച്ചെങ്കിലും പലതരം തടസ്സങ്ങളാൽ അതൊന്നും സാദ്ധ്യമായില്ല. അതിനാൽ ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ ഈ കാര്യം ചർച്ച ചെയ്യുകയും ഓൺലൈനായി ധ്യാനം നടത്താം എന്ന് തീരുമാനിക്കുകയും ചെയ്തു. ധ്യാനം ഓൺലൈനായിട്ടെങ്കിലും നടത്തണം എന്ന് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പും ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ വരുന്ന ഡിസംബർ 1, 2, 3 (ചൊവ്വ, ബുധൻ, വ്യാഴം) തിയതികളിലാണ് ധ്യാനം നടത്തപ്പെടുന്നത്. താമരശ്ശേരി രൂപതാ വൈദികനും കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി അദ്ധ്യാപകനുമായ ബഹുമാനപ്പെട്ട ജെയിംസ് കിളിയനാനി അച്ചനാണ് ധ്യാനചിന്തകൾ പങ്ക് വയ്ക്കുന്നത്. കുന്നോത്ത് സെമിനാരിയിൽ നിന്ന് സൂം ആപ്ലിക്കേഷനിലൂടെ ആയിരിക്കും അദ്ദേഹം സംസാരിക്കുന്നത്.

പാസ്റ്ററൽ സെന്ററിൽ നിന്നാണെങ്കിൽ കുറേ പേർക്കെങ്കിലും നേരിൽ കണ്ടുകൊണ്ട് ധ്യാനത്തിൽ സംബന്ധിക്കാമല്ലോ എന്ന് ഒരു അഭിപ്രായം ചിലർ പങ്ക് വച്ചെങ്കിലും ധ്യാന ഗുരുവിന്റെ അസൗകര്യം പ്രമാണിച്ച് അത് ഒഴിവാക്കി. അതുകൊണ്ട് ഓരോ ഫൊറോനായിലും അതാത് ഫൊറോനായിലെ ബഹുമാനപ്പെട്ട വൈദികർ പകൽ സമയങ്ങളിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഒരു ഇടവകയിൽ ഒരുമിച്ച് വന്ന് പൊതുവായി ഒരുക്കിയിട്ടുള്ള സംവിധാനത്തിലൂടെയായിരിക്കും ധ്യാന പ്രസംഗങ്ങൾ കേൾക്കുന്നത്.

നമ്മുടെ രൂപതയിലെ എല്ലാ വൈദികരുടേയും ഇടവകശുശ്രൂഷയുള്ള സന്യസ്തവൈദികരുടേയും സജീവ സാന്നിദ്ധ്യം ഈ ധ്യാനത്തിൽ ഉണ്ടാകണം എന്നഭ്യർത്ഥിക്കുന്നു. അവരവരുടെ താമസസ്ഥലത്ത് നിന്ന് തന്നെ ധ്യാനത്തിൽ സംബന്ധിച്ചാൽ പോരെ എന്നൊരു ചിന്ത ചിലർക്കെങ്കിലും ഉണ്ടാകാവുന്നതാണ്. അതു മതിയെങ്കിലും പലപ്പോഴും ആളുകൾ ഓരോ കാര്യത്തിനായി വരുമെന്നതിനാൽ ധ്യാനത്തിന്റെ ഒരന്തരീക്ഷം കിട്ടാൻ വിഷമമാണ്. അതുകൊണ്ടാണ് ഒരുമിച്ച് വരണം എന്ന് തീരുമാനിച്ചത്.

ഓരോ ഫൊറോനായിലും വെവ്വേറെ ആളുകളെ ധ്യാനചിന്തകൾ പങ്കുവയ്ക്കാൻ വിളിച്ചാലും മതിയല്ലോ എന്ന അഭിപ്രായവും ചിലർ പങ്ക് വച്ചിരുന്നു. എങ്കിലും എല്ലാവരും ഒരാളുടെ പ്രസംഗങ്ങൾ തന്നെ കേൾക്കുന്നതാണ് നല്ലത് എന്ന ആശയമാണ് ഭൂരിഭാഗം പേർക്കും സ്വീകാര്യമായി തോന്നിയത്. അതുകൊണ്ട് നേരത്തെ തന്നെ ധ്യാന കാര്യങ്ങൾ ഒരുക്കിയ മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ വൈദികർ ഒഴികെ എല്ലാ വൈദികരും രൂപതയിൽ നിന്ന് നിശ്ചയിക്കപ്പെട്ടതു പോലെ ധ്യാനത്തിൽ സംബന്ധിക്കാൻ ശ്രദ്ധിക്കണം. ഊട്ടി, കുന്നൂർ ഇടവകകളിലെ ബഹുമാനപ്പെട്ട വൈദികർക്ക് ദൂരം പരിഗണിച്ച് ആവശ്യമെങ്കിൽ അവരവരുടെ സ്ഥലത്ത് തന്നെ ആയിരുന്നുകൊണ്ട് ധ്യാനത്തിൽ സംബന്ധിക്കാവുന്നതാണ്. ധ്യാനത്തിനായി ഒരുമിച്ച് ചേരുന്ന സ്ഥലത്ത് തന്നെ ഉച്ചഭക്ഷണവും നാലുമണി കാപ്പിയും ലഭ്യമാക്കണം. കാപ്പിയോടെ എല്ലാവരും അവരവരുടെ സ്ഥലങ്ങളിലേയ്ക്ക് തിരികെ പോകുന്നു. ധ്യാനത്തിനുണ്ടാകുന്ന ചെലവുകൾ അതാത് ഫൊറോനായിലെ ഇടവകകൾ വീതിച്ച് എടുക്കേണ്ടതാണ്.

ഓരോ ഫൊറോനായിലും ഗൂഡല്ലൂർ റീജിയനിലും സൗകര്യപ്രദമായ ഒരു ഇടവകയിൽ ബഹുമാനപ്പെട്ട ഫൊറോനാ വികാരി/റീജിയണൽ ഡയറക്ടർ മറ്റ് വൈദികരുടെ സഹകരണത്തോടെ അതിനുള്ള സാങ്കേതിക സൗകര്യങ്ങളും മറ്റ് കാര്യങ്ങളും മുൻകൂട്ടി തന്നെ ഒരു

ക്കണം. എല്ലാവർക്കും പ്രയാസം കൂടാതെ ധ്യാനപ്രസംഗകനെ കാണുന്നതിനും വ്യക്തമായി കേൾക്കുന്നതിനും പ്രസംഗങ്ങൾ കമ്പ്യൂട്ടറും പ്രൊജക്ടറും ഉപയോഗിച്ച് പ്രൊജക്ട് ചെയ്യുന്നതായിരിക്കും നല്ലത്. പള്ളിയിലെ മൈക്ക് സിസ്റ്റം ഉപയോഗിച്ച് ശബ്ദം ആവശ്യത്തിന് വർദ്ധിപ്പിക്കുകയും ചെയ്യാം.

ഓരോ പ്രസംഗത്തിനും ഉള്ള യൂസർ ഐഡി, പാസ് കോഡ് എന്നിവ വ്യത്യസ്തമായിരിക്കും. പ്രസംഗങ്ങൾ ആരംഭിക്കുന്നതിന് അരമണിക്കൂർ മുമ്പ് അത് Forane Matters എന്ന് വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ലഭ്യമാക്കുന്നതാണ്. ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാരുടെ നമ്പറുകളാണ് ആ ഗ്രൂപ്പിലുള്ളത്. ഇന്റർനെറ്റ് സ്പീഡ് കുറവുള്ള സ്ഥലങ്ങളിലും പങ്കാളിത്തം ഉറപ്പിക്കാനായി യൂറ്റ്യൂബിലൂടെയും തൽസമയം സ്ട്രീം ചെയ്യാൻ പറ്റുമോ എന്ന് നോക്കുന്നുണ്ട്. സാധിക്കുമെങ്കിൽ അതിന്റെ ലിങ്കും യഥാസമയം അയച്ചുതരുന്നതാണ്.

രാവിലെ 9.30, 11.00 ഉച്ചകഴിഞ്ഞ് 2.30 എന്നീ സമയങ്ങളിലാണ് ധ്യാനപ്രസംഗങ്ങൾ ലൈവായി സ്ട്രീം ചെയ്യുന്നത്. 12 മണി മുതൽ 1.15 വരെ വി. കുർബാനയുടെ ആരാധന, ജപമാല എന്നിവ നടത്തണം. രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 വരെ കുമ്പസാരിക്കാനുള്ള സൗകര്യം ഒരുക്കാൻ ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ/ റീജിയണൽ ഡയറക്ടർ ശ്രദ്ധിക്കണം. പുറമെ നിന്ന് ഒരു വൈദികനെ അതിനായി കണ്ടെത്തുന്നത് ഉചിതമായിരിക്കും. ആ സമയം ആരാധനക്കായി വി. കുർബാന എഴുന്നള്ളിച്ച് വയ്ക്കുകയും കുമ്പസാരിക്കാനായി ഒരുങ്ങുകയും കുമ്പസാരത്തിനു ശേഷമുള്ള പ്രാർത്ഥനക്കായി ചെലവഴിക്കുകയും ചെയ്യണം.

പങ്കെടുക്കാൻ കടപ്പെട്ട എല്ലാവരുടേയും ഒരു ലിസ്റ്റ് ബഹുമാനപ്പെട്ട ഫൊറോന വികാരി/ റീജിയണൽ ഡയറക്ടർ തയ്യാറാക്കി ഓരോ ദിവസത്തേയും അവരുടെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ അടയാളപ്പെടുത്തി ധ്യാനം കഴിഞ്ഞാലുടൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം.

അതുപോലെ തന്നെ ഇതുവരെ കുർബാനക്കണക്കുകൾ പരിശോധിക്കാൻ ഏൽപ്പിക്കാത്തവർ ധ്യാനത്തിന് വരുമ്പോൾ ബഹുമാനപ്പെട്ട ഫൊറോന വികാരിയെ/ റീജിയണൽ ഡയറക്ടറെ അത് ഏൽപ്പിക്കുകയും അദ്ദേഹമത് പരിശോധിച്ച് കൃത്യത വരുത്തി വിവരം രൂപതാ കേന്ദ്രത്തിൽ അറിയിക്കുകയും ചെയ്യണം. കുർബാനക്കണക്ക് പരിശോധനക്കായി കൊണ്ടു വരാത്തവരുടെ ലിസ്റ്റ് രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ തൃപ്തികരമായ വിശദീകരണം

ഇല്ലാത്ത കണക്കുബുക്കുകളുടെ ലിസ്റ്റും ഏല്പിക്കണം.

കുർബാനക്കണക്കിൽ ഇടവകവികാരിമാർ ഇടവകജനത്തിന് വേണ്ടി സ്റ്റൈപ്പെൻഡ് ഇല്ലാതെ ചൊല്ലേണ്ട പത്ത് (10) വി. കുർബാനകൾ, ഓരോ വർഷവും നമ്മുടെ രൂപതയിൽ നിന്ന് മരിക്കുന്ന ബഹുമാനപ്പെട്ട വൈദീകർക്ക് വേണ്ടിയുള്ള ഓരോ വി. കുർബാന, എന്നിവ ചൊല്ലിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അങ്ങനെ ചൊല്ലാത്തവരോട് അവ എത്രയും വേഗം ചൊല്ലണം എന്ന് നിർദ്ദേശിക്കുകയും ചെയ്യണം. ബൈനേഷൻ (Bination), ട്രൈനേഷൻ (Trination) എന്നിവയുടെ കണക്കും ഇതുവരെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കാത്തവരുടെ പക്കൽ നിന്ന് വാങ്ങി അവരുടെ പേരുവിവരങ്ങളോടെ അയക്കണം. ലോക്ക് ഡൗണിന് അയവ് വന്ന ശേഷം പല വൈദികരും ഒരു ദിവസം ഒന്നിലേറെ വി. കുർബാനകൾ അർപ്പിച്ചിട്ടുണ്ടാകും. ഒരു ദിവസം ഒരു വി. കുർബാനയുടെ സ്റ്റൈപ്പെൻഡ് മാത്രമാണ് എടുക്കാവുന്നത് എന്ന കാര്യം പ്രത്യേകം ഓർമ്മിക്കുമല്ലോ. ബാക്കിയുള്ളത് ബൈനേഷൻ കണക്കിൽ ചേർത്ത് രൂപതാ കേന്ദ്രത്തിലേയ്ക്ക് തരേണ്ടതാണ്.

ഇത്തരുണത്തിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യം കൂടി നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. രൂപതാ വൈദികരിൽ ഇനിയും ആരെങ്കിലും വിൽപ്പത്രം എഴുതി രൂപതാ കേന്ദ്രത്തിൽ ഏല്പിക്കാത്തവരുണ്ടെങ്കിൽ ഈ ധ്യാനാവസരത്തിൽ കുർബാനക്കണക്കിനൊപ്പം അതും യഥാവിധി എഴുതി ബഹുമാനപ്പെട്ട ഫൊറോനാ വികാരി/ റീജിയണൽ ഡയറക്ടർ വശം ഏല്പിക്കുകയും അവരത് ഇവിടെ കൊണ്ടുവന്നു തരുകയും ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട വൈദീകരുടെ മരണാവസരത്തിലും അതിനുശേഷവും വിൽപത്രത്തിന്റെ അഭാവത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ അപ്രകാരം ഒഴിവാക്കാൻ സാധിക്കും. മാതൃകാ വിൽപത്രം രൂപതാ നിയമാവലിയുടെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ധ്യാനദിവസങ്ങൾ തീക്ഷ്ണമായ പ്രാർത്ഥനയുടെയും വചനവായനയുടേയും ദിവസങ്ങളാകട്ടെ. മനുഷ്യവചനങ്ങളേക്കാൾ മൂർച്ചയേറിയ ഇരുതലവാളാണ് ദൈവവചനം. വി. ഗ്രന്ഥം പറയുന്നു: *ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും മാംസത്തിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളേയും നിയോഗങ്ങളേയും വിവേചിക്കുന്നതുമാണ്* (ഹെബ്രാ. 4,12). ജ്ഞാനത്തിന്റെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: *എന്റെ വചനങ്ങളിൽ അഭിലാഷമർപ്പിക്കുവിൻ; അവയോട് തീവ്രാഭിനിവേശം കാണിക്കുവിൻ. നിങ്ങൾക്ക് ജ്ഞാനം ലഭിക്കും* (ജ്ഞാനം 6,11). *എന്റെ വചന*

*ങ്ങളാൽ ശിക്ഷണം നേടുക, നിനക്ക് ശുഭം വരും* (ജ്ഞാനം 6, 25). വി. പൗലോസ് തിമോത്തയോസിനെ ഉപദേശിക്കുന്നു: *യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷ പ്രാപിക്കുന്നതിന് നിന്നെ ജ്ഞാനിയാക്കുന്ന വിശുദ്ധലിഖിതങ്ങൾ നീ ബാല്യം മുതൽ പഠിച്ചിട്ടുള്ളതാണല്ലൊ. വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റു തിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതു വഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പര്യാപ്തനാകുകയും ചെയ്യുന്നു* (2 തിമോത്തി: 3, 15–17).

എല്ലാവർക്കും അനുഗ്രഹപൂർണ്ണമായ ധ്യാനദിവസങ്ങൾ ആശംസിക്കുകയും നിങ്ങൾക്ക് എന്റെ പ്രാർത്ഥനകൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം പ്രത്യേകമായി നമുക്ക് യാചിക്കാം. ധ്യാനത്തിന്റെ കാര്യം പള്ളിയിൽ അറിയിച്ച് ദൈവജനത്തിന്റെ പ്രാർത്ഥനകളും അഭ്യർത്ഥിക്കണം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2020 നവംബർ മാസം 17–ന് നല്കപ്പെട്ടത്.

യേശുവിൽ,

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

# സർക്കുലർ

***Circular No. 24/2020***

***Prot. No. 23951/2020***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ,

പറയത്തക്ക കുറവില്ലാതെ ഇപ്പോഴും വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണാ വൈറസ് നമ്മുടെ രൂപതാംഗങ്ങളുടേയും തൽഫലമായി രൂപതയുടേയും ഇടവകകളുടേയും സ്ഥാപനങ്ങളുടേയും സംഘടനകളുടേയും എല്ലാം സാമ്പത്തിക സ്രോതസ്സുകളിൽ വലിയ വിടവ് ഉണ്ടാക്കിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണല്ലൊ. അതിനാൽ ഉള്ളത് വളരെ സൂക്ഷിച്ചും കഴിയുന്നത്ര ചെലവുകൾ കുറച്ചും കാര്യങ്ങൾ നടത്തേണ്ട അവസ്ഥയിലാണിപ്പോൾ എല്ലാവരും. മാത്രമല്ല പുതിയ സാമ്പത്തിക സ്രോതസുകൾ കണ്ടെത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ ഉള്ളവർ ഇല്ലാത്തവരുമായി പങ്ക് വയ്ക്കേണ്ട അടിയന്തരാവസ്ഥയും നിലനിൽക്കുന്നുണ്ട്. അക്കാര്യങ്ങളിലേക്ക് എല്ലാവരുടെയും സത്വരശ്രദ്ധ ക്ഷണിക്കുകയാണ്.

നമ്മുടെ ഇടവകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ കണക്കുകൾ കൃത്യമായി എഴുതിസൂക്ഷിക്കേണ്ടതിന്റെയും കണക്കുകൾ യഥാസമയം രൂപതാ കേന്ദ്രത്തിലേക്ക് അയയ്ക്കേണ്ടതിന്റെയും വിവിധ വശങ്ങളെപ്പറ്റിയും ചില കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്താനാണ് ഈ സർക്കുലർ. ബഹുമാനപ്പെട്ട വികാരിമാരും മറ്റ് ഉത്തരവാദപ്പെട്ട വൈദികരും ഇക്കാര്യങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കി വേണ്ട പോലെ ചെയ്യണം എന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം നിയമപരമായ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകാവുന്നതാണ്.

**വിദേശ സഹായം**

കഴിഞ്ഞ സെപ്തംബർ 29 മുതൽ വിദേശസഹായം സ്വീകരിക്കുന്നതിൽ വളരെയധികം നിയന്ത്രണങ്ങൾ കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുണ്ട്. അതനുസരിച്ച് വിദേശസംഭവങ്ങൾ സ്വീകരിക്കാനുള്ള രജിസ്ട്രേഷൻ ഇല്ലാത്തവരും മുൻകൂർ അനുമതി ഇല്ലാത്തവരും ആയ ആർക്കും വിദേശസഹായം സ്വീകരിക്കാൻ അനുവാദമില്ല. അതിനർത്ഥം അത്തരം ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളിൽ നിന്നോ പ്രോജക്ടുകൾ വഴിയോ സഹായം സ്വീകരിക്കാൻ പാടില്ല

എന്നാണ്. അങ്ങനെ ഉള്ളവർ ഇതുവരെ സഹായങ്ങൾ സ്വീകരിച്ചിരുന്നത് രൂപതയുടെ അക്കൗണ്ട് വഴിയായിരുന്നു. ഇനിമുതൽ അങ്ങനെയും സാധിക്കുകയില്ല. പുതിയ നിയമമനുസരിച്ച് രൂപത വഴി കിട്ടിയാൽ ആ തുക രൂപത നേരിട്ട് ചെലവഴിക്കേണ്ടതാണ്. അതായത് ഒരു ഇടവകക്കായി സഹായം വന്നാൽ ആ തുക രൂപതയിൽ നിന്ന് നേരിട്ട് ഇടവകക്കായി ചെലവഴിക്കുകയും പണിക്കുള്ള കോൺട്രാക്ട്, ബില്ലുകൾ, വൗച്ചറുകൾ, രസീതുകൾ തുടങ്ങിയവയെല്ലാം രൂപതയുടെ പേരിൽ തന്നെ ആയിരിക്കുകയും ചെയ്യണം. അതിൻ പ്രകാരം കണക്കുകൾ എല്ലാ മാസവും രൂപതയുടെ പൊതുകണക്കിൽ ചേർക്കുകയും ചെയ്യണം. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ സ്വീകാര്യമല്ലാത്തിടങ്ങളിൽ മേലിൽ വിദേശ സഹായം സ്വീകരിക്കാൻ കഴിയുന്നതല്ല.

ഇപ്പോൾ വിദേശ സഹായങ്ങൾ രൂപതയുടെ അക്കൗണ്ട്വഴി വന്നിട്ടുള്ളത് ഇനിയും കൈമാറാനുണ്ടെങ്കിൽ അത് ഉടനെ മാറാൻ സാധിക്കുകയുമില്ല. പുതിയ നിയമമനുസരിച്ച് രൂപതയുടെ പേരിൽ ഡൽഹിയിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (Stae Bank of India - SBI) ഒരു പ്രത്യേക ശാഖയിൽ പുതുതായി അക്കൗണ്ട് തുടങ്ങി ഇവിടെ ഇപ്പോഴുള്ള തുകകൾ ആ അക്കൗണ്ടിലേയ്ക്ക് മാറ്റിയ ശേഷമേ അത് ഉപയോഗിക്കാൻ കഴിയുകയുള്ളു. മാത്രമല്ല ആ അക്കൗണ്ടിലുള്ള തുക മാനന്തവാടിയിലുള്ള സ്റ്റേറ്റ് ബാങ്ക് ശാഖയിൽ പുതിയതായി തുടങ്ങുന്ന അക്കൗണ്ടിലേക്ക് മാറ്റി അതിൽ നിന്നാണ് ചെലവഴിക്കേണ്ടത്. ഈ പ്രക്രിയ പൂർത്തിയാകാൻ സ്വാഭാവികമായും സമയമെടുക്കും. പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഇത് കാലതാമസം ഉണ്ടാക്കിയെന്ന് വരാം. പക്ഷെ ഇക്കാര്യത്തിൽ നമ്മൾ നിസ്സഹായരാണ്. കാരണം നമ്മുടെ ഓഡിറ്റർമാർ പറയുന്നതുപോലെയല്ലേ ചെയ്യാൻ കഴിയുകയുള്ളൂ. ഏതായാലും 2021 മാർച്ച് 31 നകം ബാങ്ക് അക്കൗണ്ട് തുറക്കുന്ന പ്രക്രിയ പൂർത്തിയാക്കിയിരിക്കണം എന്നതിനാൽ ഏതാനും മാസത്തേക്ക് മാത്രമേ പ്രയാസം ഉണ്ടാകുകയുള്ളൂ. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

എല്ലാ അഞ്ച് വർഷം കൂടുമ്പോഴും വിദേശസഹായ രജിസ്ട്രേഷൻ പുതുക്കണം എന്ന നിയമം ഇപ്പോൾ തന്നെ നിലവിലുണ്ട്. എന്നാൽ പുതുക്കാനുള്ള വ്യവസ്ഥകളിൽ കാതലായ മാറ്റങ്ങൾ പുതിയ നിയമത്തിൽ ഉണ്ട്. അതനുസരിച്ച് പുതുക്കാനുള്ള അപേക്ഷകൾ ഒരു വർഷം വരെ സർക്കാരിന് പിടിച്ച് വയ്ക്കാം. മാത്രമല്ല പണം ചെലവഴിക്കുന്നതിൽ ബന്ധപ്പെട്ട സംഘടന അല്ലെങ്കിൽ സ്ഥാപനം മാത്രമല്ല അതിന്റെ ഭാരവാഹികൾ നടത്തിയിട്ടുള്ള സാമ്പത്തിക ഇടപാടുകളിൽ

പോലും യാതൊരു വീഴ്ചയും ഉണ്ടാകാൻ പാടില്ല. ഓരോ സ്ഥാപന ത്തിന്റെയും ഭരണസമിതിയിലുള്ളവരുടെ ആധാർ കാർഡ്, പാൻ കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ വിവരങ്ങൾ നല്കുകയും വേണം. അതിനും പുറമെ മൂന്നു വർഷമായി നിലവിൽ പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നതും പ്രതിവർഷം പതിനഞ്ച് (15) ലക്ഷം രൂപയെങ്കിലും ജീവകാ രുണ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തവർക്കെ രജി സ്ട്രേഷൻ പുതുക്കി കിട്ടുകയുള്ളു എന്ന വ്യവസ്ഥയും പുതിയതായി നടപ്പാക്കിയിട്ടുണ്ട്. ഈ കൊറോണാ കാലത്ത് അതിന്റെ വ്യാപനത്തെ തടയാനും പ്രതിരോധപ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുകയുടെ വിവരം ബന്ധപ്പെട്ട മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യണം എന്ന നിർദ്ദേശവും ഉണ്ടായിരുന്നു.

**കണക്കുകൾ ഓൺ ലൈനിൽ**

ഏവർക്കും അറിയാവുന്നതുപോലെ കഴിഞ്ഞ മൂന്ന് വർഷമായി നമ്മുടെ രൂപതയിലെ ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നി വയുടെ കണക്കുകൾ രൂപതയിൽ നിന്ന് തയ്യാറാക്കി നല്കിയിട്ടുള്ള ഓൺ ലൈൻ പ്ലാറ്റ് ഫോമിലാണ് ചെയ്യേണ്ടത്. ഭൂരിഭാഗം ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും അത് വളരെ ഭംഗിയായി ചെയ്യുന്നുണ്ട് എന്നതിൽ ഏറെ സന്തോഷവും നന്ദിയും ഉണ്ട്. എന്നാൽ ഇനിയും ചിലർ അക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്നും പറയേണ്ടിയിരിക്കുന്നു. അങ്ങനെ തുടരുന്നത് ശരിയല്ലല്ലോ. ഇനി മുതൽ എല്ലാ മാസവും പതിനഞ്ചാം തിയതിക്കു മുമ്പായി തലേ മാസത്തെ കണക്കുകൾ ഓൺലൈനിൽ എഴുതി പൂർത്തിയാക്കി ബന്ധപ്പെട്ടവ രുടെ സാക്ഷ്യത്തോടെ സബ്മിറ്റ് ചെയ്യണം. ബഹുമാനപ്പെട്ട വികാരി മാരുടെ ഉത്തരവാദിത്വമാണ് കണക്കന്മാർ എഴുതുന്ന കണക്കുകൾ പരി ശോധിച്ച് അവയിൽ തെറ്റുകൾ ഇല്ല എന്ന് ഉറപ്പു വരുത്തി സബ്മിറ്റ് ചെയ്യുക എന്നത്. ഓരോ മാസവും പതിനഞ്ചാം തിയതി അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ തലേമാസത്തെ കണക്കുകൾ ലോക്ക് ചെയ്യുന്നതാണ്. അതായത് പിന്നെ ആ മാസത്തെ കണക്കുകളിൽ അതാത് സ്ഥലങ്ങ ളിൽ നിന്ന് തിരുത്തലുകളും മാറ്റങ്ങളും വരുത്താൻ സാധിക്കുകയില്ല. ലോക്ക് ചെയ്യുന്ന സമയത്തെ കണക്കായിരിക്കും ആ മാസത്തെ ഔദ്യോഗിക കണക്കായി മനസ്സിലാക്കുന്നതും ഓഡിറ്റിനായി കൊടു ക്കുന്നതും.

ഓൺലൈനിൽ കണക്കുകൾ ചെയ്യാൻ സംശയമുള്ളവർക്ക് രൂപതാ കേന്ദ്രത്തിലുള്ള ഓഡിറ്റർ ശ്രീ ദിൽദേവിനെ ബന്ധപ്പെട്ടാൽ അദ്ദേഹം എല്ലാം വിശദമായി പറഞ്ഞു തരുന്നതാണ്. ഇന്റർനെറ്റ്

സ്പീഡിന്റെ പ്രശ്നമുള്ളവരും കമ്പ്യൂട്ടർ ഇല്ലാത്തവരും അടുത്തുള്ള പള്ളികളിൽ പോയാലും കണക്കുകൾ ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ/റീജിയണൽ ഡയറക്ടർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. ഓൺ ലൈൻ പ്ലാറ്റ്ഫോം നടത്തിക്കൊണ്ട് പോകുന്നതിന് ആവശ്യമായ ചെലവുകൾ അവരവർ തന്നെ വഹിക്കണം എന്ന കാര്യം ഏവർക്കും അറിയാമല്ലൊ.

### ഓഡിറ്റിംഗ്

ഈ വർഷത്തെ ഓഡിറ്റിംഗ് കൊറോണ വൈറസ് വ്യാപനം മൂലം യഥാസമയം തീർക്കാൻ പറ്റിയില്ല. ഇനിയും ഓഡിറ്റിംഗ് ചെയ്യാനുള്ളവരുടെ കണക്കുകൾ ബിഷപ്സ് ഹൗസിൽ കൊണ്ടുവരേണ്ട ദിവസവും സമയവും ഇതിനകം ഇവിടെ നിന്ന് വിളിച്ച് അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യാൻ ഇനി മറ്റൊരു അവസരം ഇല്ലാത്തതിനാൽ ഇപ്പോൾ അറിയിച്ചിരിക്കുന്ന ക്രമമനുസരിച്ച് എല്ലാവരും കണക്കുകൾ അനുബന്ധരേഖകളോടെ ബിഷപ്പ്സ് ഹൗസിൽ നിർബന്ധമായും എത്തിച്ച് ഓഡിറ്റ് ചെയ്ത് വാങ്ങേണ്ടതാണ്.

### പ്രീസ്റ്റ്സ് പ്രൊവിഡന്റ് ഫണ്ട് (PPF)

രൂപതയിലെ വൈദികരുടെ ചികിത്സാർത്ഥമുള്ള ഫണ്ടാണല്ലൊ ഇത്. അതിലേക്കുള്ള ഫണ്ട് നാല് വിധത്തിലാണ് ലഭിക്കുന്നത്. രൂപതയുടെ പൊതുഫണ്ടിൽ നിന്നുള്ള വിഹിതം, വൈദികർ ശുശ്രൂഷ ചെയ്യുന്ന ഇടവക, സ്ഥാപനം അഥവാ സംഘടനയിൽ നിന്നുള്ള വിഹിതം, അംഗങ്ങൾ സ്വന്തം സമ്പാദ്യത്തിൽ നിന്ന് തരുന്ന വിഹിതം, ഇടവകകളിൽ നിന്ന് ലഭിക്കുന്ന 10% വിഹിതത്തിൽ നിന്നുള്ളത് എന്നിവയാണവ. മിക്കവരും തന്നെ കൊടുക്കേണ്ട തുക കൊടുക്കുന്നുണ്ട്. അവരോട് പ്രത്യേകം നന്ദി പറയുന്നു. എന്നാൽ കുറേപ്പേർ വർഷങ്ങളായി ഒന്നും തരുന്നില്ല എന്നതും എടുത്ത് പറയേണ്ടിയിരിക്കുന്നു. അതേ സമയം അങ്ങനെയുള്ളവർ ഫണ്ടിന്റെ പ്രയോജനം മുടക്കമില്ലാതെ പറ്റുന്നുമുണ്ട്. അത് അനീതിയാണ് എന്ന് പറയേണ്ടതില്ലല്ലോ. കാരണം ക്രമമായി വിഹിതം അടക്കുകയും എന്നാൽ ഒന്നും തിരികെ വാങ്ങാതെ ഇരിക്കുകയും ചെയ്യുന്നവരുടെ പണം ഒന്നും കൊടുക്കാത്തവർ കൈപ്പറ്റുന്ന രീതിയാണത്. മാത്രമല്ല കുറേപ്പേർ അങ്ങനെ കൊടുക്കാതെ വരുന്നതുകൊണ്ട് രൂപതയുടെ പൊതുഫണ്ടിൽ നിന്ന് കൂടുതൽ കൊടുക്കേണ്ടിയും വരുന്നു. ഈ അവസ്ഥാവിശേഷം തുടരുന്നത് അഭിലഷണീയമല്ല. ഇപ്പോൾ ഏകദേശം 28 ലക്ഷം രൂപ ബഹു

മാനപ്പെട്ട വൈദികരുടെ വിഹിതമായി കിട്ടാനുണ്ട്. തരാനുള്ളവർ എത്രയും വേഗം ആ തുക തന്ന് തീർക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിനായി പി. പി. എഫിന്റെ സെക്രട്ടറി ഉടൻ തന്നെ എഴുതുന്നതാണ്. കൊറോണാക്കാലം എന്നത് വിഹിതം നല്കാതിരിക്കാൻ ന്യായീകരണമായി പറയാൻ പറ്റുമെന്ന് തോന്നുന്നില്ല. കാരണം ബഹുമാനപ്പെട്ട വൈദികർക്ക് ആർക്കും തന്നെ അവരുടെ ക്രമമായ അലവൻസ് ഈ കാലയളവിൽ കിട്ടാതിരുന്നിട്ടില്ല എന്ന് കണക്കുകളിൽ നിന്ന് മനസ്സിലാകുന്നു. ഇടവകകളിൽ നിന്ന് ലഭിക്കേണ്ടതായ 10% വിഹിതവും പലരും തരാത്തതുകൊണ്ട് അതിൽ നിന്നുള്ള വിഹിതവും ക്രമമായി പി. പി. എഫിലേക്ക് കൊടുക്കാൻ പറ്റുന്നില്ല.

**രൂപതാ തല സമിതികളുടെ പുനർനിയമനം**

നിലവിലുണ്ടായിരുന്ന ആലോചനാ സമിതി (Consultors Forum), സാമ്പത്തികകാര്യ സമിതി (Finance Council) കെട്ടിട നിർമ്മാണ സമിതി (Building Committe) എന്നിവയുടെ കാലാവധി അവസാനിച്ചതിനാൽ പുതിയ അംഗങ്ങളെ ചേർത്ത് രൂപീകരിച്ചിട്ടുണ്ട്. പുതിയതായി നിയമിക്കപ്പെട്ടവരെ അക്കാര്യം ഇതിനകം അറിയിച്ചിട്ടുമുണ്ട്. ഇടവകകളിൽ നിന്നുള്ള നിർമ്മാണപ്രവർത്തികൾക്ക് അംഗീകാരം തരുന്നതിനു മുമ്പായി ഈ കെട്ടിട നിർമ്മാണ സമിതി സ്ഥലത്ത് വന്ന് അന്വേഷിച്ച് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും അംഗീകാരം നല്കുന്നത്. നിർമ്മാണവേളയിലും കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടായിരിക്കുന്നതാണ്. ചില സ്ഥലങ്ങളിലെങ്കിലും യാതൊരുവിധ അനുവാദവും വാങ്ങാതെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുകയും അതിന്റെ പേരിൽ ഇടവകയിൽ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട വൈദികർ ഇക്കാര്യത്തിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

മേല്പ്പറഞ്ഞ കാര്യങ്ങളിൽ ഏവരുടേയും സവിശേഷശ്രദ്ധ ഒരിക്കൽകൂടി ക്ഷണിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2020 നവംബർ മാസം 17 –ന് നല്കപ്പെട്ടത്.

യേശുവിൽ,

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

# സർക്കുലർ

## 2020 ഡിസംബർ 20 ബൈബിൾ ഞായർ

കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ,

കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം ദൈവവചനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന മാസമാണല്ലോ യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ. ദൈവവചനത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ നമ്മെ സഹായിക്കുന്നതാണ് കേരളസഭയുടെ വചനപാരായണമാസാചരണം. സഭാജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം ഓർമപ്പെടുത്താൻ ആരാധനാവത്സരത്തിലെ ഒരു ഞായർ വചനഞായറായി ആഘോഷിക്കണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ്പാപ്പ 'അപ്പെരുയിത് ഇല്ലിസ്' എന്ന അപ്പസ്തോലിക ലേഖനത്തിൽ ഉദ്ബോധിപ്പിക്കുന്നതനുസരിച്ച്, 2020 ഡിസംബർ 20 ബൈബിൾ ഞായറായി കേരളസഭ ആചരിക്കുന്നു. ക്രൈസ്തവിശ്വാസികൾ അവരുടെ ജീവിതം ദൈവവചനത്താൽ പുഷ്ടിപ്പെടുത്തണമെന്നാണ് സഭ ഇതുവഴി ആഗ്രഹിക്കുന്നത്.

**വി. ജെറോമിന്റെ ബൈബിൾ ആഭിമുഖ്യവും സഭയും**

ബൈബിൾ പണ്ഡിതനായ വി. ജെറോമിന്റെ 1600-ാം മരണവാർഷികം ആചരിച്ച ഇക്കഴിഞ്ഞ സെപ്റ്റംബർ 30-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ "വിശുദ്ധ ലിഖിതത്തോടുള്ള ഭക്തി" എന്ന അപ്പസ്തോലികസന്ദേശം നല്കുകയുണ്ടായി. എഴുതപ്പെട്ട ദൈവവചനത്തോടുള്ള വിശുദ്ധന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം" പിഞ്ചെല്ലാൻ ഈ ലേഖനത്തിൽ പരിശുദ്ധ പാപ്പാ സഭാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. കർത്താവിനെ വിശുദ്ധഗ്രന്ഥത്തിൽ നിരന്തരം അന്വേഷിക്കുകയും അതുവഴി അറിയുകയും ചെയ്ത ഈ വിശുദ്ധന്റെ വിശുദ്ധ ലിഖിതത്തോടുള്ള സ്നേഹം ഒരു മഹാനദിപോലെ ഒഴുകുകയും അത് അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളെയെല്ലാം പരിപോഷിപ്പിക്കുകയും ചെയ്തു.

സഭാസമൂഹത്തിന് ഇന്നും പ്രചോദനമേകുന്നവയാണ് വി. ജെറോമിന്റെ ജീവിതത്തിലെ പല നിർണായക ചുവടുവയ്പുകളും സംഭവ

ങ്ങളും. എ.ഡി. 386 മുതൽ പാലസ്തീനയിൽ താമസിച്ച അദ്ദേഹം ബത്‌ലെഹെമിലെ തിരുപ്പിറവിഗ്രോട്ടോയുടെ സമീപം രണ്ട് ആശ്രമങ്ങൾ സ്ഥാപിക്കുകയും ഈ സമൂഹങ്ങളിൽ വിശുദ്ധഗ്രന്ഥവായനയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുകയും ചെയ്തു. വിശുദ്ധഗ്രന്ഥം മൂലഭാഷ യിൽത്തന്നെ വായിക്കണമെന്ന് താത്പര്യപ്പെട്ടിരുന്ന അദ്ദേഹം സങ്കീർത്തനങ്ങൾ ഹീബ്രുഭാഷയിൽ ആലപിക്കാൻ താൻ സ്ഥാപിച്ച ഈ സമൂഹങ്ങളെ സഹായിച്ചിരുന്നു. വിശുദ്ധഗ്രന്ഥത്തിന്റെ ശ്രദ്ധാപൂർവ മായ ശ്രവണം വഴിയാണ് തന്നത്തന്നെ മനസ്സിലാക്കുന്നതും ദൈവ ത്തിന്റെയും സഹോദരീസഹോദരന്മാരുടെയും മുഖം കണ്ടെത്തു ന്നതുമെന്ന് വി. ജെറോമിന് ബോധ്യമുണ്ടായിരുന്നു. വിശുദ്ധലിഖിത ങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതു ഗ്രഹിക്കാതെ ദൈവത്തോടുള്ള സ്നേഹം ഉറവയെടുക്കുകയില്ല. ഹൃദയത്തിൽ നിറയുന്ന ഈ സ്നേഹ മാണ് ക്രൈസ്തവജീവിതത്തെ പരിപോഷിപ്പിക്കുന്നത്.

വിശുദ്ധലിഖിതങ്ങളിൽ സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൈവവ ചനത്തോടുള്ള തീവ്രമായ സ്നേഹമാണ് വി. ജെറോമിന്റെ ആധ്യാ ത്മികതയുടെ പ്രത്യേകത. വി. ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണെന്നു പറയുന്ന വിശുദ്ധൻ ക്രിസ്തുവിനെക്കുറിച്ചറിയാൻ വിശുദ്ധഗ്രന്ഥം മുഴുവൻ ആവശ്യമാ ണെന്ന് പഠിപ്പിക്കുന്നു. എമ്മാവൂസിലേക്കു പോകുന്ന ശിഷ്യരോട് തന്നെ ക്കുറിച്ചുള്ള രഹസ്യം വിശദീകരിക്കാൻ ക്രിസ്തു സങ്കീർത്തനങ്ങളും പ്രവാചകരെയും ഉദ്ധരിക്കുന്നതു നാം കാണുന്നുണ്ട് (ലൂക്കാ 4,16-21; 24,27.44-47). അപ്പസ്തോലപ്രവർത്തനങ്ങളിലെ ശിഷ്യപ്രമുഖരായ പത്രോസിന്റെയും പൗലോസിന്റെയും പ്രഘോഷണങ്ങളും പഴയനിയ മത്തിൽ വേരുറപ്പിച്ചവയായിരുന്നു. പഴയനിയമക്യാൻവാസിൽ മാത്രമേ മരണോത്ഥാനങ്ങളിൽ വെളിപ്പെടുന്ന ക്രിസ്തുവിനെ ആഴത്തിൽ അറി യുവാൻ സാധിക്കുകയുള്ളൂ. നാം വിശുദ്ധഗ്രന്ഥം മുഴുവൻ വായിക്കുക യെന്ന ആവശ്യകതയിലേക്കാണ് ഇതു വിരൽചൂണ്ടുന്നത്. വിശുദ്ധ ഗ്രന്ഥപഠനത്തിന് വി. ജെറോം വലിയ പ്രാധാന്യം നല്കിയിരുന്നു. ദൈവവചനം ഗ്രഹിക്കാൻ വ്യക്തിപരമായ പരിശ്രമം ആവശ്യമാണ്. എന്നാൽ അതോടൊപ്പം, മുദ്രവയ്ക്കപ്പെട്ടതുപോലെയുള്ള വിശുദ്ധലി ഖിതത്തിലെ സന്ദേശമായ ക്രിസ്തുവിനെ അറിയാൻ അവിടന്നുതന്നെ മുദ്രകൾ തുറക്കണമെന്നും (വെളി 5,1-10) നാമറിയണം. ഉന്നതങ്ങ ളിൽനിന്നുമാത്രമേ അതിലെ കൃപാവർഷം നമുക്ക് വെളിപ്പെടുത്തികിട്ടുക യുള്ളൂ (ലൂക്കാ4,17-21).

**വിശുദ്ധഗ്രന്ഥവും ലിറ്റർജിയും**

ദൈവവചനത്തിന്റെ ഭവനം സഭയായതിനാൽ, വചനത്തിന്റെ ആഴത്തിലേക്കിറങ്ങാൻ ലിറ്റർജിക്കു പ്രാധാന്യം കൊടുക്കണമെന്ന് പരിശുദ്ധ ബനഡിക്റ്റ് XVI-ാമൻ പാപ്പ "കർത്താവിന്റെ വചനം" എന്ന അപ്പസ്തോലികാഹ്വാനത്തിൽ പറയുന്നു (നമ്പർ 52). വിശുദ്ധഗ്രന്ഥവും ലിറ്റർജിയുമായുള്ള ബന്ധം സഭാസമൂഹം കൂടുതൽ മനസ്സിലാക്കേണ്ടതുണ്ട്. ദൈവവചനവും ലിറ്റർജിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ വിശദീകരിക്കുന്നത് (ആരാധനാക്രമം, 24) ഇവിടെ പ്രസക്തമാണ്. ദൈവം തന്റെ ജനത്തോടു സംസാരിക്കുന്ന സവിശേഷ പശ്ചാത്തലമാണ് ലിറ്റർജി. വിശുദ്ധലിഖിതങ്ങളിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുതന്നെയാണ് ലിറ്റർജിയിലൂടെ സംസാരിക്കുന്നത്. ദൈവവചനത്തിന്റെ പൂർണവും തുടരുന്നതും കാര്യക്ഷമവുമായ അവതരണമാണ് ആരാധനാഘോഷങ്ങൾ. വിശുദ്ധകുർബാനയിലാണ് ദൈവവചനവായനയും ലിറ്റർജിയും തമ്മിലുള്ള ബന്ധം അതിന്റെ പാരമ്യത്തിലെത്തുന്നത്. ആരാധനാവത്സരത്തിന്റെ വിവിധ കാലങ്ങളിലൂടെ വിശുദ്ധലിഖിതം സജീവമായി പ്രഘോഷിക്കപ്പെടുകയും അതുവഴി സഭ രക്ഷാകരരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുന്നു. ആരാധനാനുഷ്ഠാനങ്ങളിൽ ദൈവവചനത്തോടൊപ്പം പരിശുദ്ധാത്മാവിന്റെ ആന്തരികപ്രവർത്തനവുമുണ്ട്. വിശുദ്ധലിഖിതരചനയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവുതന്നെയാണ് അതിന്റെ സന്ദേശം ഓരോ വ്യക്തിയിലും ലിറ്റർജിയിലൂടെ എത്തിക്കുന്നത്. അതുവഴി ലിറ്റർജിയിൽ ദൈവവചനം കാലികവും സജീവവുമായ വചനമായി ആഘോഷിക്കപ്പെടുന്നു.

**വിശുദ്ധഗ്രന്ഥവും കേരളസഭയും**

വിശുദ്ധലിഖിതത്തോടുള്ള വി. ജെറോമിന്റെ "സജീവവും ഹൃദ്യവുമായ സ്നേഹം" കേരളസഭയിൽ പ്രകടമാണെന്നത് ഏറെ അഭിമാനകരമാണ്. ദൈവവചനത്തോടുള്ള ആഭിമുഖ്യം പലതലങ്ങളിലായി ഇവിടെ ആഴപ്പെടുന്നു എന്നു പറയാം. കേരളത്തിലെങ്ങുമുള്ള വചനപ്രഘോഷണങ്ങളും ബൈബിൾ പഠനവേദികളും ആഗോളതലത്തിൽത്തന്നെ പ്രശംസിക്കപ്പെടുന്ന ലോഗോസ് ക്വിസ്പോലുള്ള സംരംഭങ്ങളും സമ്പൂർണബൈബിൾ പാരായണവും ബൈബിളിലേക്ക് ഇറങ്ങിച്ചെല്ലാൻ സഭാതനയരെ വളരെയധികം സഹായിക്കുന്നുണ്ട്. ക്രിസ്തുവിനെ കൂടുതലായി അറിയാൻ വിശുദ്ധഗ്രന്ഥംമുഴുവൻ വായിക്കണമെന്ന വിശുദ്ധ ജറോമിന്റെ ഉപദേശമാണ് കേരളസഭ ഇവിടെ പിഞ്ചെല്ലുന്നത്.

വി. ജെറോം സഭയ്ക്കു പകർന്നു നല്കിയ മറ്റൊരു പാരമ്പര്യ മാണ് വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിനുള്ള പ്രാധാന്യം. ഈ പ്രാധാന്യം തിരിച്ചറിഞ്ഞ് കേരള കത്തോലിക്കാ മെത്രാൻസമിതി ബൈബിൾകമ്മീ ഷന്റെ നേതൃത്വത്തിൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നു. എഴുതപ്പെട്ട ദൈവവചനം അതിന്റെ സംശുദ്ധിയിൽ ദൈവജനത്തിന്റെ പക്കൽ എത്തണമെന്ന ആഗ്രഹത്തോടെയാണ്, 1981-ൽ പി. ഒ. സി. പുറത്തിറക്കിയ മലയാള ബൈബിൾ വീണ്ടും മൂലഭാഷകളുമായി ബൈബിൾവിജ്ഞാനീയത്തിലെ പുതിയ ഉൾക്കാഴ്ചകളുടെ വെളിച്ച ത്തിൽ ഒത്തുനോക്കി പരിഷ്കരിക്കാൻ ബൈബിൾ കമ്മീഷനെ ചുമത ലപ്പെടുത്തിയത്. പഴയനിയമപരിഷ്കരണം ബൈബിൾ പണ്ഡിതന്മാ രുടെ നേതൃത്വത്തിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പരിഷ്കരണം പൂർത്തിയാക്കിയ പുതിയനിയമം ഹ്രസ്വവ്യാഖ്യാനങ്ങളും കുറിപ്പുകളു മായി പഠനബൈബിളായി പി. ഒ. സി. യിൽനിന്നു പ്രസിദ്ധീകരിച്ചു. വിശുദ്ധഗ്രന്ഥപഠനത്തിന് ഊന്നൽ നല്കണമെന്ന “വിശുദ്ധ ലിഖിത ത്തോടുള്ള ഭക്തി” എന്ന സന്ദേശത്തിലെ ഫ്രാൻസിസ്പാപ്പയുടെ ആഹ്വാനം ഉൾക്കൊണ്ട്, വചനപഠനവേദികളിലും പ്രാർഥനാക്കൂട്ടായ്മ കളിലും ബൈബിൾ കമ്മീഷന്റെ ഈ പുതിയനിയമ പഠനബൈബിൾ ഉപയോഗിക്കാൻ ഏവരും താത്പര്യമെടുക്കണം.

ദൈവവചനപഠനത്തിന് മൂലഭാഷകളുമായുള്ള പരിചയം അനി വാര്യമാണെന്ന് വിശുദ്ധ ജെറോം പറയുന്നുണ്ട്. ഞാനൊരു പുരോഹി തനായിരുന്നെങ്കിൽ വിശുദ്ധഗ്രന്ഥം ആഴത്തിൽ മനസ്സിലാക്കാൻ ഹീബ്രു - ഗ്രീക്ക് ഭാഷകൾ പഠിക്കുമായിരുന്നെന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ തീക്ഷ്ണതയും സഭാസമൂഹത്തിന് ഇവിടെ മാതൃകയാണ്. മൂലഭാഷ യിൽ വചനം വായിക്കാൻ സഹായകമാണ് ബൈബിൾ സൊസൈ റ്റിയുടെ പുതിയ സംഭാവനയായ മലയാളം-ഗ്രീക്ക് പുതിയനിയമം ഇന്റർലീനിയർ. ഹീബ്രു-ഗ്രീക്ക് ഭാഷകൾ ലളിതമായ രീതിയിൽ പഠി ക്കാനുള്ള പഠനഗ്രന്ഥങ്ങളും സൊസൈറ്റി പുറത്തിറക്കിയിട്ടുണ്ട്. മത പഠനക്ലാസുകളിൽ ഈ ഭാഷകൾ കുട്ടികളെ പരിചയപ്പെടുത്തുന്നത് നല്ലൊരു തുടക്കമായിരിക്കും.

വിശുദ്ധഗ്രന്ഥത്തിന്റെ ആഴങ്ങളിലേക്കിറങ്ങാനും ആത്മീയമായ ശക്തിസംഭരിക്കാനും സഹായിക്കുന്നതാണ് “ദൈവികവായന”. ദൈവ വചനഭാഗങ്ങൾ വായിച്ച് ധ്യാനിക്കുകയും അത് ജീവിതത്തിലേക്കു പകർത്താൻ ശ്രമിക്കുകയും ചെയ്യുന്ന പുരാതനമായ ഒരു വചന ധ്യാനരീതിയാണിത്. വായന, വിചിന്തനം, പ്രാർഥന, ധ്യാനം, പ്രവൃത്തി എന്നിങ്ങനെയുള്ള അഞ്ചു പടികളാണ് ഇതിനുള്ളത്. ഇടവകകളിൽ “ദൈവികവായന”യ്ക്കു വേദികളൊരുക്കി, ദൈവജനത്തെ ആത്മീയ

മായി ശക്തിപ്പെടുത്തുന്നത് ഈ കോവിഡ്കാലത്തെ വലിയ ഒരു ആത്മീയശുശ്രൂഷയായിരിക്കും.

കോവിഡ്19 പടർന്നു പിടിച്ച ഈ നാളുകളിൽ കുടുംബങ്ങളിൽ കൂടുതൽ വായിക്കപ്പെടുന്നത് ബൈബിൾ ആണെന്നത് ഏറെ സന്തോഷകരമാണ്. വചനപാരായണമാസമായ ഡിസംബറിൽ ദേവാലയങ്ങളിൽ അധികംപേർക്ക് ഒന്നിച്ചു കൂടുവാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ഇടവകകൾ നേതൃത്വം കൊടുത്ത് വീടുകളിൽ അഖണ്ഡ ബൈബിൾ പാരായണം സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. നിരവധി രൂപതകളും സംഘടനകളും വ്യക്തികളും ഈ സമയത്ത് ബൈബിൾ അധിഷ്ഠിത ഓൺലൈൻപ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു എന്നത് സന്തോഷത്തോടെ ഇവിടെ അനുസ്മരിക്കുന്നു.

വിശുദ്ധ ജെറോമിനുണ്ടായിരുന്നപോലെ, "സജീവവും ഹൃദ്യവുമായ സ്നേഹം" വിശുദ്ധലിഖിതത്തോടു പുലർത്താൻ സഭാവിശ്വാസികളേവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്തുകൊണ്ടും ക്രിസ്തുമസിന്റെ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ടും,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

NB: 2020 ഡിസംബർ 20-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.



# ഇടയലേഖനം



***Pastoral Letter No. 01/2020***
***Prot. No. 23982/2020***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും പ്രത്യേകമായി കൈക്കാരന്മാർ, ഇടവക പൊതുയോഗാംഗങ്ങൾ, പ്രതിനിധിയോഗാംഗങ്ങൾ, വിശ്വാസപരിശീല കാദ്ധ്യാപകർ, സംഘടനാഭാരവാഹികൾ, കുടുംബകൂട്ടായ്മാ ഭാരവാഹികൾ എന്നിവർക്ക് എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ ആരാധനാക്രമവർഷമനുസരിച്ച് നാമിപ്പോൾ മംഗലവാർത്ത അഥവാ ആഗമനകാലത്താണ്. ഈ കാലത്തിന്റെ അവസാനത്തിൽ നമ്മുടെ കർത്താവിന്റെ ജനനതിരുനാളായ ക്രിസ്തുമസ്സ് ആഘോഷിക്കപ്പെടുന്നു. മംഗലവാർത്താക്കാലം തുടങ്ങി പള്ളിക്കൂദാശക്കാലം വരെ നീളുന്ന ഒമ്പത് കാലങ്ങളാണ് ആരാധനാക്രമവർഷത്തിലുള്ളത്. നമ്മുടെ കർത്താവീശോമിശിഹായുടെയും അവിടുത്തെതന്നെ തുടർച്ചയായ ശിഷ്യ സമൂഹത്തിന്റെ അഥവാ സഭയുടെയും ജീവിതത്തിലെ പ്രധാനപ്പെട്ട ഏടുകളാണ് ഈ കാലഘട്ടങ്ങളിൽ അനുസ്മരിക്കപ്പെടുന്നത്. ക്രൈസ്തവജീവിതം കർത്താവിനോടൊപ്പം ദൈവപിതാവിന്റെ സന്നിധിയിലേക്കുള്ള ഒരു തീർത്ഥയാത്രയായിട്ടാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. ഈ യാത്ര സഫലമാകണമെങ്കിൽ അഥവാ അതിന്റെ ലക്ഷ്യത്തിലെത്തണമെങ്കിൽ നമ്മൾ കർത്താവിന്റെ കൈപിടിച്ച് നടക്കണം. യാത്രക്കിടയിൽ നമ്മുടെ ശ്രദ്ധയെ വഴിതിരിച്ച് വിടാൻ പര്യാപ്തമായ ധാരാളം ആകർഷണങ്ങൾ ഉണ്ടായാലും അതിനെയെല്ലാം അവഗണിച്ച് അവിടുത്തോടൊപ്പം നീങ്ങേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമാണ് അവിടുന്ന് വാഗ്ദാനം ചെയ്ത രക്ഷ അഥവാ നിത്യജീവൻ അനുഭവവേദ്യമാകുന്നത്.

രക്ഷ അഥവാ നിത്യജീവൻ എന്ന് പറയുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്നത് മരണശേഷം എത്തിചേരാനുള്ള ഒരു അവസ്ഥ എന്നാണ്. എന്നാൽ രക്ഷയുടെ അനുഭവം ഈ ലോകത്തിൽ

ലഭ്യമാവുകയും മരണത്തോടെ അതിന്റെ നിത്യതയിലേക്ക് പ്രവേശിക്കുകയുമാണ് ചെയ്യുന്നത് എന്ന് വി. ഗ്രന്ഥം മനസ്സിരുത്തി വായിച്ചാൽ മനസ്സിലാകുന്നതാണ്. ഈ രക്ഷയുടെ സന്ദേശം സഭയുടെ ജീവിത സാക്ഷ്യത്തിലൂടെ മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നതാണ് ക്രിസ്ത്യാനിയുടെ പ്രേഷിത ദൗത്യം. ഈശോയുടെ ജനനവും ജീവിതവും ആ സാക്ഷ്യം എങ്ങനെ ആയിരിക്കണം എന്ന് കാണിച്ച് തരുന്നു.

മുൻ മാർപാപ്പ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ നസ്രത്തിലെ യേശു എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു. *നിത്യജീവൻ എന്നത് ഇന്നത്തെ വായനക്കാരിൽ ചിലർ വിചാരിക്കുന്നതുപോലെ നശ്വരവും ക്ഷണഭംഗുരവുമായ ഈ ലോകജീവിതത്തിന് വിപരീതമായ ഒരു മരണാനന്തര ജീവിതമല്ല. നിത്യജീവൻ ജീവിതം തന്നെയാണ് യഥാർത്ഥജീവിതം. അത് ഇപ്പോൾ തന്നെ ജീവിക്കാം. മരണത്തിന് പോലും അതിനെ വെല്ലുവിളിക്കാനാവില്ല. ഇതാണ് കേന്ദ്രബിന്ദു. ഇപ്പോൾ ഇവിടെവെച്ച് സ്വന്തമാക്കുക.* (വാല്യം 2, പുറം 162) *യേശുവിലൂടെ, യേശുവിൽ തന്നെ ദൈവവുമായി സ്പന്ദിക്കുന്ന ബന്ധമുണ്ടാക്കുക, ആ ബന്ധമാണ് കൂട്ടായ്മ. ആ കൂട്ടായ്മയാണ് കാലാതീതമായ അജീവൻ അഥവാ നിത്യജീവൻ* (പുറം. 165).

ഏതൊരു തീർത്ഥയാത്രക്കും പിറപ്പെടുന്നതിനു മുമ്പ് തീർത്ഥാടകരുടെ ഭാഗത്ത് ഒരു ആത്മീയ ഒരുക്കം ആവശ്യമാണ്. കാരണം യാത്രക്കിടയിലെ തടസ്സങ്ങളെ വിജയകരമായി തരണം ചെയ്യാനാവശ്യമായ ആത്മീയ ഊർജ്ജം മനസ്സും ശരീരവും ആർജ്ജിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പാതിവഴിയിൽ ഉപേക്ഷിച്ച് പോയെന്ന് വരാം. അത്തരത്തിലുള്ള ആത്മീയ ഒരുക്കമാണ് ഇരുപത്തഞ്ച് നോമ്പ്. ദൈവപുത്രനായ ഈശോയെ സ്വീകരിക്കാൻ നമ്മുടെ മനസ്സുകളും ഹൃദയങ്ങളും ഒരുക്കപ്പെടണം. ഡിസംബർ ഒന്നു മുതൽ 25 വരെ നീളുന്ന ഈ കാലഘട്ടം പല കാര്യങ്ങളെപ്പറ്റിയും നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. അവയിൽ ചിലതിനെപ്പറ്റിയുള്ള ഏതാനും ചിന്തകളാണ് നിങ്ങളുമായി ഇവിടെ പങ്ക് വയ്ക്കുന്നത്.

മുൻ വർഷങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായ ഒരു നോമ്പുകാലവും ക്രിസ്തുമസ്സും ആയിരിക്കും ഈ വർഷത്തേത് എന്ന് ഇപ്പോൾ തന്നെ വ്യക്തമാണ്. കാരണം കൊറോണാവൈറസ് ജീവിത്തിന്റെ എല്ലാ വശങ്ങളേയും ബാധിച്ചിരിക്കുന്നു. വൈറസ് വ്യാപനം ഇപ്പോഴും കുറവില്ലാതെ തുടരുന്നതിനാൽ നിലവിലുള്ള നിയന്ത്രണങ്ങൾ ഉടനെയെങ്ങും നീക്കം ചെയ്യും എന്ന് തോന്നുന്നില്ല. അങ്ങനെയെങ്കിൽ നമ്മുടെ പാതിരാകുർബാനയും തിരുപ്പിറവിയുടെ കർമ്മങ്ങളും കരോളും മറ്റും

വളരെ പരിമിതമായ തോതിലേ നടത്താൻ പറ്റുകയുള്ളു. മിക്കവരും ആ കർമ്മങ്ങൾ ഓൺ ലൈനിൽ സംബന്ധിക്കേണ്ടിയും വരും. പലർക്കും പ്രത്യേകിച്ച് പത്തു വയസ്സിനു താഴെയുള്ള കുട്ടികൾക്കും 65 വയസ്സിനു മുകളിലുള്ള മുതിർന്നവർക്കും, അത് വളരെ പ്രയാസമുണ്ടാക്കുന്നുണ്ട് എന്ന കാര്യം തിരിച്ചറിയുന്നു. എങ്കിലും ലോകത്തെ മുഴുവൻ കാർന്നു തിന്നുന്ന ഒരു മഹാമാരിയെ ചെറുക്കാൻ ചിലർ സഹിക്കേണ്ടി വരുന്നു എന്ന് കരുതിയാൽ മതി. മുകളിൽ സൂചിപ്പിച്ച ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രായോഗിക വശമാണത്.

ദൈവം അറിഞ്ഞ്തന്നെയാണല്ലൊ ഈ സ്ഥിതി വിശേഷം സംജാതമായിരിക്കുന്നത്. അങ്ങനെയെങ്കിൽ അതിന്റെ പിന്നിൽ നമ്മുടെ നന്മയ്ക്ക് വേണ്ടിയുള്ള ഒരു ലക്ഷ്യവുമുണ്ട് എന്ന് നമ്മൾ വിശ്വസിക്കണം. ഏതൊരവസ്ഥയിലും നമ്മുടെ വിശ്വാസജീവിതം നമ്മൾ മുറുകെ പിടിക്കുമോ എന്നതിനുള്ള ഒരു പരീക്ഷണം കൂടിയാകാം ഈ പ്രതിസന്ധി. അവിടുന്ന് നമ്മുടെ നല്ല മനസ്സിനെയാണ് പരിഗണിക്കുന്നത്. നാം അനുഭവിക്കുന്ന ഈ വേദന നമ്മുടെ ആത്മീയ ഒരുക്കത്തിന്റെ ഭാഗമായി കരുതാം. മാത്രമല്ല കാര്യമായ ചെലവൊന്നും കൂടാതെ അവരവരുടെ വീടുകളിൽ ഇരുന്ന് തന്നെ ഈ കാര്യങ്ങളിലെല്ലാം സംബന്ധിക്കാൻ സാധിക്കുന്നുവെന്നത് തന്നെ വലിയൊരു ദൈവകൃപയാണല്ലൊ. ഏതാനും വർഷം മുമ്പാണെങ്കിൽ ഇതൊന്നും സാധ്യമാകുമായിരുന്നില്ല.

ഒരു പക്ഷെ വരുംവർഷങ്ങളിൽ ഇത്തരം പ്രതിസന്ധികൾ ഇനിയും ഉണ്ടായെന്ന് വരാം. ആ അവസരത്തിൽ നമ്മുടെ വിശ്വാസജീവിതം എങ്ങനെ ക്രമീകരിക്കണം എന്ന് ദൈവം നമുക്ക് പറഞ്ഞ് തരുന്നതായും കരുതാം. അവിടുത്തെ ഇഷ്ടം തിരിച്ചറിഞ്ഞ്, ആ രീതിയിൽ നമ്മുടെ, പ്രത്യേകിച്ച് പുതിയ തലമുറയുടെ, വിശ്വാസജീവിതത്തെ ക്രമീകരിക്കാൻ പരിശ്രമിക്കാം. ജീവിതത്തിന്റെ മറ്റ് എല്ലാ മേഖലകളിലും അത്തരം ശ്രമങ്ങൾ വളരെ ഗൗരവമായി നടക്കുന്നുണ്ട് എന്ന വസ്തുത മറക്കാതിരിക്കാം. മണവാളനെ കാത്തിരുന്ന ബുദ്ധിഹീനകളായ കന്യകമാരുടെ ദുർഗതി നമുക്ക്, ക്രിസ്തു ശിഷ്യർക്ക്, തങ്ങളുടെ വിശ്വാസജീവിതത്തിൽ വരാതിരിക്കട്ടെ.

നമ്മളിപ്പോൾ മംഗലവാർത്താക്കാലത്താണെന്ന് മുകളിൽ സൂചിപ്പിച്ചല്ലൊ. മംഗലവാർത്ത എന്നാൽ നല്ല വാർത്ത, നല്ലവിശേഷം എന്നാണന്ന് നമുക്കറിയാം. എന്താണ് ആ നല്ല വാർത്ത? അതറിയണമെങ്കിൽ സൃഷ്ടിയുടെ ആരംഭത്തിലേക്ക് പോകണം.

തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. എല്ലാ സ്വർഗ്ഗീയ സൗഭാഗ്യങ്ങളുമുള്ള, ദൈവത്തിന്റെ സാന്നിധ്യമുള്ള, അതായത് നിത്യജീവന്റെ അനുഭവമുള്ള പറുദീസായും അവരെ കുടിപാർപ്പിച്ചു. ഒരേയൊരു വ്യവസ്ഥ മാത്രം. നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ പഴം തിന്നരുത്. തിന്നാൽ അവർ മരിക്കും. അതേസമയം അത് തിന്നാനുള്ള സ്വാതന്ത്ര്യവും അവർക്കുണ്ട്. തിരുവചനം പറയുന്നു: *ഇതാ, ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു* (നിയമ: 30/15). *ജീവനും മരണവും അനുഗ്രഹവും ശാപവും ഞാൻ നിന്റെ മുമ്പിൽ വച്ചിരിക്കുന്നു എന്നതിന് ആകാശത്തേയും ഭൂമിയേയും ഞാനിന്ന് നിനക്കെതിരായി സാക്ഷ്യയാക്കുന്നു. നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക* (നിയമ: 30/19). *ജീവനും മരണവും മനുഷ്യന്റെ മുമ്പിലുണ്ട്. ഇഷ്ടമുള്ളത് അവനു ലഭിക്കും* (പ്രഭാ: 15/17).

നിർഭാഗ്യവശാൽ തങ്ങൾക്ക് കിട്ടിയ സ്വാതന്ത്ര്യം ഉപയോഗിച്ച് നമ്മുടെ ആദിമാതാപിതാക്കന്മാർ തിന്മ തെരഞ്ഞെടുക്കുകയും മരണത്തിലേയ്ക്ക് സ്വയം നടന്നടുക്കുകയും ചെയ്തു. ഇന്നും ധാരാളംപേർ അതുതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അതായത് ദൈവസാന്നിദ്ധ്യം നഷ്ടപ്പെടുകയും മനുഷ്യൻ തിന്മയ്ക്ക് അടിപ്പെടുകയും ചെയ്യുന്നു. വി. ഗ്രന്ഥത്തിന്റെ ദൃഷ്ടിയിൽ ദൈവസാന്നിദ്ധ്യമില്ലാത്ത ജീവിതം മരിച്ചതിനു തുല്യമാണ്. തന്മൂലം ജീവിതം തന്നെ ഭാരമായി മാറുന്നു. ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ട ആദത്തിന്റെയും ഹവ്വായുടേയും മകനായ കായേനിൽ നിഷ്ക്കളങ്കനായ ആബേലിനെപ്രതി അസൂയ ജനിക്കുന്നതും അവനെകൊല്ലുന്നതും എല്ലാം സ്വാതന്ത്ര്യം തെറ്റായി ഉപയോഗിച്ച് ദൈവസാന്നിദ്ധ്യം നഷ്ടപ്പെടുത്തിയതിന്റെ പാർശ്വഫലങ്ങൾ തന്നെ.

തന്റെ സ്വാതന്ത്ര്യം ശരിയായി ഉപയോഗിച്ച് എങ്ങനെ ദൈവബന്ധത്തിലേയ്ക്കും തല്ഫലമായി സന്തോഷവും സമാധാനവും നിറഞ്ഞ ജീവിതത്തിലേയ്ക്കും, പ്രവേശിക്കണം എന്ന് സ്വന്തം മാതൃകയിലൂടെ കാണിച്ചുതരാനാണ് ദൈവം മനുഷ്യനായി അവതരിച്ചത്. ശാശ്വതമായ ശാന്തിയും സമാധാനവും അവിടുത്തെ മാർഗ്ഗത്തിന് മാത്രമേ പ്രദാനം ചെയ്യാൻ കഴിയുകയുള്ളു. വി. പൗലോസ് തിമോത്തയോസിന് എഴുതിയ ലേഖനത്തിൽ പറയുന്നു: *നമ്മുടെ മതത്തിന്റെ രഹസ്യം ശ്രേഷ്ഠമാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു* (1തിമോ: 3/16). ഈ ബോധ്യം നമുക്കുണ്ടാകണം. പതിവ്

ആഘോഷങ്ങളോടെയുള്ള ഒരു ക്രിസ്തുമസ് സന്തോഷവും സമാധാനവും പ്രദാനം ചെയ്യണമെന്നില്ല.

ജീവനെ തിരഞ്ഞെടുക്കാതെ മരണത്തെ തിരഞ്ഞെടുത്തെങ്കിലും തന്റെ സൃഷ്ടിയായ മനുഷ്യനെ തീർത്തും കൈവിടാൻ ദൈവത്തിനു മനസ്സ് വന്നില്ല. അവിടുന്ന് സർപ്പത്തോട്/ പിശാചിനോട്/ പറയുന്നത് ശ്രദ്ധിക്കുക. *നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാലിൽ പരിക്കേൽപ്പിക്കും* (ഉൽപ്പത്തി. 3:15). ആ വാഗ്ദാന പൂർത്തീകരണമാണ് ക്രിസ്തുമസ് അഥവാ രക്ഷകന്റെ ജനനം. സർപ്പത്തിന്റെ അഥവാ തിന്മയുടെ തല തകർക്കാനാണ് ദൈവം മനുഷ്യനായി അവതരിച്ചത്. ലോകത്തിൽ തിന്മ ഇല്ലാതാകുമ്പോൾ തീർച്ചയായും സന്തോഷവും സമാധാനവും സംജാതമാകുമല്ലോ. അതുതന്നെയാണ് നിത്യജീവനും.

മനുഷ്യനെ ദൈവത്തിൽ നിന്നകറ്റിയത് മനുഷ്യന്റെ താൻപോരിമയും അനുസരണക്കേടുമായിരുന്നു. ആ അകലം കുറക്കുന്നത് ദൈവത്തോടുള്ള പരിപൂർണ്ണ വിധേയത്വവും അനുസരണവുമാണ്. ദൈവം തന്റെ ദൈവികമഹത്വം പരിത്യജിച്ച് ഒരു മനുഷ്യനായി അവതരിച്ച് പീഢകൾ സഹിച്ച് കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേൽക്കുക എന്ന മാർഗ്ഗമാണത്. വി. പൗലോസ് പറയുന്നു: *"ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവമുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണം വരെ അതെ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി* (ഫിലി. 2:68). ഈശോ തന്റെ ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി കാലാകാലത്തോളം നൽകി നമ്മെ എന്നും ദൈവത്തോട് ചേർത്ത് നിർത്തുന്നു. ഈ പ്രക്രിയയുടെ തുടക്കമാണ് ക്രിസ്തുമസ്സ്. അതിനുള്ള ആത്മീയ ഒരുക്കമാണ് ഇരുപത്തിയഞ്ച് നോമ്പ്.

കർത്താവായ ദൈവം വാഗ്ദാനം ചെയ്ത തേനും പാലും ഒഴുകുന്ന ദേശത്ത് സന്തോഷത്തോടെ വസിക്കണമെങ്കിൽ ഇസ്രായേൽ ജനത അവിടുത്തെ പ്രമാണങ്ങളും ചട്ടങ്ങളും നിരന്തരം ഓർക്കണം എന്ന് ദൈവം അവരെ ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നത് വി. ഗ്രന്ഥത്തിൽ കാണാം: *ഇന്ന് ഞാൻ നിനക്ക് നൽകുന്ന ഈ കൽപ്പന നിന്റെ ശക്തിക്കതീതമോ അപ്രാപ്യമാംവിധം വിദൂരസ്ഥമോ അല്ല...*

*വചനം നിനക്ക് സമീപസ്ഥമാണ്. അത് നിന്റെ അധരത്തിലും ഹൃദയത്തിലും ഉണ്ട്. അത് പ്രാവർത്തികമാക്കാൻ നിനക്ക് കഴിയും* (നിയമാ. 30:14). *നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാനും ജീവിതകാലം മുഴുവൻ അവ ഹൃദയത്തിൽ നിന്ന് മായാതിരിക്കാനും ശ്രദ്ധിക്കുവിൻ; ജാഗരൂകരായിരിക്കുവിൻ. അവയെല്ലാം നിങ്ങളുടെ മക്കളെയും മക്കളുടെ മക്കളെയും അറിയിക്കണം* (നിയമാ. 4:9).

വീണ്ടും കർത്താവായ ദൈവം ഓർമ്മപ്പെടുത്തുന്നു: *"ആകയാൽ, എന്റെ ഈ വചനം ഹൃദയത്തിലും മനസ്സിലും സൂക്ഷിക്കുവിൻ. അടയാളമായി അവയെ നിങ്ങളുടെ കയ്യിൽ കെട്ടുകയും പട്ടമായി നെറ്റിത്തടത്തിൽ ധരിക്കുകയും ചെയ്യുവിൻ. നിങ്ങൾ വീട്ടിലാ യിരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെപ്പറ്റി സംസാരിച്ചുകൊണ്ട് നിങ്ങളുടെ മക്കളെ പഠിപ്പിക്കണം. നിങ്ങളുടെ വീടുകളുടെ കട്ടിളകാലുകളിലും പടിവാതിലുകളിലും അവ രേഖപ്പെടുത്തണം. അപ്പോൾ നിങ്ങളുടെ പിതാക്കന്മാർക്ക് നൽകുമെന്ന് കർത്താവ് ശപഥം ചെയ്ത നാട്ടിൽ നിങ്ങളും നിങ്ങളുടെ മക്കളും ദീർഘകാലം ഭൂമിക്കു മുകളിൽ ആകാശം ഉണ്ടായിരിക്കുന്നിടത്തോളം കാലം വസിക്കും"* (നിയമാ. 11: 18–21). ക്രിസ്തുമസിന്റെ ബാഹ്യമായ ആചാരങ്ങൾ ദൈവം ആവശ്യപ്പെട്ട ഈ പ്രക്രിയയുടെ ഭാഗം മാത്രമാണ്. അവയ്ക്ക് കാലാകാലങ്ങളിൽ ആവശ്യാനുസരണം രൂപഭേദം വന്നെന്നും വരാം. പുൽക്കൂടും കരോളും ചരിത്രത്തിന്റെ ഓരോ ഘട്ടത്തിൽ കൂട്ടിച്ചേർക്കപ്പെട്ടവയാണ്.

വയൽ നന്നായി ഒരുക്കി വിത്തു വിതച്ചതുകൊണ്ട് മാത്രമായി ല്ലല്ലോ. ഫലം കിട്ടണമെങ്കിൽ മുളച്ചുവരുന്ന ചെടികളെ പക്ഷിമൃഗാദികളിൽ നിന്ന് സംരക്ഷിക്കുകയും ചെടികൾക്ക് ആവ ശ്യമായ വെള്ളവും വളവും സമായാസമയങ്ങളിൽ കൊടുക്കുകയും വേണം. ക്രിസ്തുമസിൽ തുടങ്ങിവച്ച ഈശോയുമായുള്ള ബന്ധം പുണ്യജീവിതത്തിലൂടെ പരിപോഷിപ്പിച്ചെങ്കിലേ ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യമായ നിത്യജീവൻ പ്രാപിക്കാൻ കഴിയുകയുള്ളു. നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണമെന്ന് ഈശോ പറഞ്ഞു തരുന്നുണ്ട്. ഒരാൾ അവനെ സമീപിച്ച് ചോദിച്ചു: *ഗുരോ നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണ് ചെയ്യേണ്ടത്? അപ്പോൾ ഈശോ പറഞ്ഞു: "ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണ ങ്ങൾ അനുസരിക്കുക"* (മത്താ. 19:16–17). ഏതൊക്കെ പ്രമാണങ്ങൾ

എന്ന ചോദ്യത്തിന് അവിടുന്ന് കൊടുക്കുന്ന ഉത്തരത്തിൽ പത്ത് പ്രമാണങ്ങളുടെ രണ്ടാം ഭാഗത്തുള്ളവയെ, അതായത് സഹജീവികളുമായുള്ള മനുഷ്യന്റെ ബന്ധത്തെ പരിപോഷിപ്പിക്കുന്നവയെ, ആണ് പ്രധാനമായും എടുത്ത് പറയുന്നത് എന്നത് ശ്രദ്ധേയമാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ വിധി പ്രസ്ഥാവിക്കപ്പെടുന്നതും അവയുടെ അടിസ്ഥാനത്തിൽ തന്നെയാണ് (മത്താ. 25:34-46).

സഹജീവികളുമായിട്ടുള്ള ബന്ധത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണല്ലോ അവരെ കൊല്ലരുത് എന്നത്. ഈ നോമ്പുകാലത്ത് ഈ പ്രമാണത്തിന്റെ പ്രായോഗികമാനത്തെ പറ്റിയാണ് നിങ്ങളെ ഓർമ്മപ്പെടുത്താനുള്ളത്. ശരീരത്തെ കൊന്ന് ജീവൻ ഇല്ലാതാക്കുന്നത് മാത്രമല്ല കൊലപാതകത്തിന്റെ ഗണത്തിൽ പെടുത്തേണ്ടത്. ഏഷണികളും അപവാദപ്രചരണങ്ങളും വ്യാജവാർത്തകളും ഭക്ഷണത്തിൽ മായം ചേർക്കുന്നതും മാരകമായ രോഗങ്ങൾ ഉണ്ടാക്കുന്ന വസ്തുക്കൾ മനുഷ്യന്റെ ആവാസ വ്യവസ്ഥയിൽ ഉപയോഗിക്കുന്നതും അപകടകരമായ രീതിയിൽ വാഹനമോടിക്കുന്നതും എല്ലാം ഈ ഗണത്തിൽ പെടുന്നു. ഉണ്ണിയീശോയെ സ്വീകരിക്കാനുള്ള ഏറ്റവും നല്ല ആത്മീയമായ ഒരുക്കം അഥവാ ഇരുപത്തിയഞ്ച് നോമ്പ് ആചരണം ഈ മേഖലകളിലുള്ള നമ്മുടെ പ്രവർത്തനങ്ങളെ നിയന്ത്രിച്ചുകൊണ്ടായിരിക്കട്ടെ. കാരണം അവിടുന്ന് വന്നത് മനുഷ്യനെ രക്ഷിക്കാനാണ്, നശിപ്പിക്കാനല്ല. അത് പരിപോഷിപ്പിക്കാനും ജീവൻ സമൃദ്ധമായി നൽകാനുമാണ്.

മേൽപ്പറഞ്ഞവയിൽ തന്നെ വ്യാജവാർത്ത പ്രചരിപ്പിക്കുക, ഏഷണി പറയുക, അപവാദം പ്രചരിപ്പിക്കുക എന്നീ പ്രവർത്തികളിൽ നിന്ന് നാം പ്രത്യേകം മാറി നിൽക്കേണ്ടതുണ്ട്. അച്ചടി മാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹമാധ്യമങ്ങളും മറ്റും പ്രചരിപ്പിക്കുന്ന അസത്യങ്ങളും അർദ്ധസത്യങ്ങളും വ്യാചവാർത്തകളും എത്രയോ വ്യക്തികളെയും കുടുംബങ്ങളെയും നശിപ്പിച്ചിരിക്കുന്നു! സമൂഹത്തിന്റെ സുസ്ഥിതിക്ക് മനുഷ്യമനസിൽ അവശ്യം നിലനിൽക്കേണ്ട ചില മൂല്യങ്ങളുണ്ട്. അവ ഇല്ലാതാകുമ്പോൾ രൂപമെടുക്കുന്ന ഭീകരമാനസികാവസ്ഥയുടെ ഇരകളാണ് വളർന്നുവരുന്ന തലമുറ.

സത്യമല്ലാത്തതൊന്നും പറയുകയില്ല എന്നും സത്യം അറിയാതെ ഒരു വാർത്തയും ഒരു മാധ്യമത്തിലൂടെയും പ്രചരിപ്പിക്കുക ഇല്ലാ എന്നും നമുക്ക് ഈ നോമ്പുകാലത്ത് പ്രതിജ്ഞ എടുക്കാം. വി. ഗ്രന്ഥം പറയുന്നു: *“വ്യാചവാർത്ത പ്രചരിപ്പിക്കരുത്; കള്ളസാക്ഷ്യം നൽകി കുറ്റക്കാരനു കൂട്ടു നിൽക്കരുത്”* (പുറ. 23:1). *“വിറകില്ലെങ്കിൽ*

*തീ കെട്ടടങ്ങുന്നു; ഏഷണിക്കാരൻ ഇല്ലാത്തിടത്ത് കലഹം ശമിക്കുന്നു"* (സുഭാ.26:20). *''പരദൂഷകനും ഏഷണിക്കാരനും ശപിക്കപ്പെവർ; സമാധാനത്തിൽ കഴിഞ്ഞിരുന്ന അനേകരെ അവർ നശിപ്പിച്ചിട്ടുണ്ട്"* (പ്രഭാ.28:13). *"അപവാദം അനേകരെ തകർക്കുകയും ദേശാന്തരങ്ങളിലേക്ക് ചിതറിക്കുകയും ചെയ്തിട്ടുണ്ട്. അത് പ്രബല നഗരങ്ങളെ നശിപ്പിക്കുകയും ഉന്നതന്മാരുടെ ഭവനങ്ങൾ തട്ടിമറിക്കുകയും ചെയ്തിട്ടുണ്ട്"* (പ്രഭാ. 28:14). സത്യമല്ലാത്തത് പറയാതിരിക്കാൻ നമ്മുടെ കർത്താവായ ഈശോ നമ്മളെ ഉദ്ബോധിപ്പിക്കുന്നു: *"നിങ്ങളുടെ വാക്ക് അതെ, അതെ എന്നോ, അല്ലാ, അല്ലാ എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽ നിന്ന് വരുന്നു"* (മത്താ. 5:37). ഈ തിരുവചനങ്ങൾ നമ്മുടെ നോമ്പുകാല ധ്യാനവിഷയമാകട്ടെ.

രണ്ടായിരത്തിയിരുപതിനോട് വിട പറഞ്ഞ് പുതിയ ഒരു വർഷത്തെ വരവേൽക്കാൻ നമ്മൾ ഒരുങ്ങുകയാണല്ലോ. രണ്ടായിരത്തിയിരുപതിൽ ദൈവം നമുക്ക് നൽകിയ എല്ലാ കൃപകൾക്കും അവിടുത്തോട് നന്ദിയുള്ളവരായിരിക്കാം. വിജയങ്ങളോടൊപ്പം പരാജയങ്ങളും നമ്മൾ അനുഭവിച്ചിട്ടുണ്ടാകാം. അവയെ ഓർത്ത് ദുഃഖിക്കാതെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും കൂടി നമുക്ക് മുന്നേറാം. പ്രത്യേകിച്ച് കൊറോണ വൈറസിന്റെ പിടിയിൽ നിന്ന് ഈശോ നിങ്ങളെ കാത്തു സൂക്ഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതിനുള്ള ശക്തി ഈ പുതു വൽസരത്തിൽ കർത്താവിൽ നിന്ന് നമുക്ക് യാചിക്കാം. അവിടുന്ന് നമ്മോടൊപ്പം എപ്പോഴും ഉണ്ട് എന്ന വസ്തുത പ്രതിസന്ധികളിൽ നമുക്ക് ശക്തി പകരട്ടെ.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പ്കാലവും, സന്തോഷപ്രദമായ ക്രിസ്തുമസും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവൽസരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2020 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

യേശുവിൽ,

**മാർ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം 2020 ഡിസംബർ മാസം 6-ന് വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**സ്നേഹസ്മരണ**

ഡിസംബർ 24 ന് ബഹു. അഗസ്റ്റിൻ കീലേത്തച്ചന്റെയും ഡിസംബർ 25 ന് ബഹു. ലെയോപോൾഡ് മഠത്തിനകം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും ഓർക്കാം.

**ബൈബിൾ ഞായർ**

ഡിസംബർ 20 ഞായറാഴ്ച ബൈബിൾ ഞായറായി കേരളസഭ ആചരിക്കുകയാണല്ലോ. ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി ഡിസംബർ മാസത്തിൽ ബൈബിൾ വായിക്കുവാനും ധ്യാനിക്കുവാനും പ്രോത്സാഹനം നൽകാം.

**പബ്ലിക്ക് അഫയേഴ്സ് കും വിജിലൻസ് കമ്മീഷൻ (Public Affairs cum Vigilance Commission)**

സാമുദായിക പ്രതിസന്ധികൾ (സമുദായാംഗങ്ങളുടെ വിദ്യാഭ്യാസം, ജീവിതാന്തസ്സ്, വിവാഹം-തൊഴിൽ സംബന്ധമായ പ്രതിസന്ധികൾ), ന്യൂനപക്ഷ അവകാശങ്ങൾ(80% - 20% വിഷയം, ന്യൂനപക്ഷ സ്കോളർഷിപ്പുകൾ, സാമ്പത്തികസംവരണം) രാഷ്ട്രീയനിലപാടുകൾ, വിശ്വാസസംബന്ധമായ വിഷയങ്ങൾ (കുരിശ് അവഹേളനം, സിനിമകൾ, സാഹിത്യസൃഷ്ടികൾ) തുടങ്ങിയ വിവിധ മേഖലകൾ സമയബന്ധിതമായി പഠിക്കുവാനും വിവിധ മാധ്യമങ്ങളിലൂടെ പ്രസ്തുത പഠനവിവരങ്ങൾ പങ്കുവെക്കുവാനും രൂപതയുടെ ഇതരസംവിധാനങ്ങൾക്കും സംഘടനകൾക്കും പ്രസ്തുത പഠനവിവരങ്ങൾ പങ്കുവെക്കുവാനും കൈമാറുവാനും സാമൂഹ്യമാധ്യമങ്ങളിലും ഇതരമാധ്യമങ്ങളിലും നിലപാടുകൾ രൂപപ്പെടുത്തുവാനും ഒരു സ്ഥിരം സംവിധാനമായി പബ്ലിക് അഫയേഴ്സ് കും വിജിലൻസ് കമ്മീഷൻ (Public Affairs cum Vigilance Commission) രൂപപ്പെടുത്തുന്നു . കെസിബിസിയുടെ ജാഗ്രതാ കമ്മീഷനോടും സീറോ മലബാർ സിനഡിന്റെ പബ്ലിക് അഫയേഴ്സ് കമ്മീഷനോടും ചേർന്ന് അവയുടെ രൂപതാഘടകമായിട്ടായി

രിക്കും പുതിയ സംവിധാനം പ്രവർത്തിക്കുന്നത്. ഈ സംവിധാനത്തിന്റെ പഠനങ്ങളും നിരീക്ഷണങ്ങളും സഭാംഗങ്ങളുടെ ബോധവത്കരണത്തിനും തുടർപഠനങ്ങൾക്കും സഹായകമാകുന്ന വിധത്തിൽ സന്ദർഭോചിതമായി പ്രസിദ്ധീകരിക്കപ്പെടുന്നതായിരിക്കും.

## New appointments

**Eparchial Consultors**

1) Fr Paul Mundolickal (Protosyncellus)
2) Fr Thomas Manakunnel (Syncellus)
3) Fr Chacko Pullankunnel (Chancellor)
4) Fr John Ponparackal (Procurator)
5) Fr Sebastian Elemkunnel (Rector, Minor Seminary)
6) Fr Paul Koottala (Director, Social Service)
7) Fr Joseph Pinakattu
8) Fr George Myladoor
9) Fr James Puthenparambil
10) Fr Jose Kocharackal
11) Fr Abraham Madathil
12) Fr Joseph Vazhakattu

**Finance Council**

1) Fr Paul Mundolickal (Protosyncellus)
2) Fr Thomas Manakunnel (Syncellus)
3) Fr John Ponparackal (Procurator)
4) Fr John Choorapuzhayil
5) Fr Mathew Madapallikunnel
6) Fr Joseph Muthirakkalayil
7) Mr T. P. Paul Thuruthiyil

**Building Committee**

1) Fr Paul Mundolickal (Protosyncellus)
2) Fr John Ponparackal (Procurator)
3) Fr Biju Mavara
4) Fr Sibichan Chelakapallil
5) Mr Sabu Kudakkachira (PWD, Rtd Eng., Payyampally)

## പൗരോഹിത്യം സ്വീകരിക്കുന്നവർ

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കൻ അരുമായിൽ ജോർജ്ജ് (റിജോസ്), കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കൻ പൊയ്കയിൽ ജോസഫ് (ജെറിൻ), ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ ജോൺ (അഖിൽ) ഉപ്പുവീട്ടിൽ, പാറയിൽ സെബാസ്റ്റ്യൻ (സെബി) - ഡിസംബർ മാസം തിരുപ്പട്ടം സ്വീകരിക്കാൻ ഒരുങ്ങുന്നു. ഇവർക്ക് ആശംസകളും അനുമോദനങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് ഇവർക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യസ്വീകരണത്തിനായി ഒരുങ്ങുന്ന ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

| തീയതി | വീട്ടുപേരും, പേരും | സ്ഥലം | സമയം |
|---|---|---|---|
| 2020 ഡിസം 26 | ഡീ.അരുമായിൽ ജോർജ്ജ് (റിജോസ്) | ചോക്കാട് | രാവിലെ 9.15 |
| 2020 ഡിസം 29 | ഡീ. പൊയ്കയിൽ ജോസഫ് (ജെറിൻ) | കുറുമ്പാല | രാവിലെ 9.15 |
| 2020 ഡിസം 30 | ഡീ. ഉപ്പുവീട്ടിൽ ജോൺ (അഖിൽ) | ബത്തേരി | രാവിലെ 9.15 |
| 2020 ഡിസം 31 | ഡീ. പാറയിൽ സെബാസ്റ്റ്യൻ (സെബി) | കോട്ടത്തറ | രാവിലെ 9.15 |

## കൂരിയ അവധി

ഡിസംബർ മാസം 24 മുതൽ ജനുവരി 6 വരെ രൂപത കച്ചേരി അവധിയായിരിക്കും.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

Prot. No. 23966/2020

# <u>DECLARATION</u>

It is hereby brought to the attention of all that Rev. Fr Joseph Thumbiamkuzhiyil (Prince) until now a member of the eparchial clergy of Mananthavady, has informed the eparchial Bishop of Mananthavady, of his definitive and non-retractable decision, for personal reasons, to leave priesthood and to return to secular life and that he has forwarded his petition to the said bishop and His Holiness Pope Francis for obtaining dispensation from all his clerical obligations and consequently of clerical rights as well, with effect from 18th November 2020. Therefore, after mature consideration and due consultations, the undersigned bishop of Mananthavady, has suspended him from the exercise of all his priestly faculties with immediate effect. Until otherwise provided, his priestly faculties remain suspended and therefore, he has no more permission to exercise any of those faculties either inside or outside the eparchy of Mananthavady.

Issued from the office of the bishop of Mananthavady on 19th November 2020

**Fr Chacko Pullankunnel**
Chancellor

**Bishop Jose Porunnedom**
Bishop of Mananthavady

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനം നവംബർ 10-ന് റിപ്പൺ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. വൈദിക കൂട്ടായ്മ യിലേക്ക് ബഹു. വികാരി സുനിൽ തെക്കേപ്പെര അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ബഹു. ബെഞ്ചമിൻ SDB അച്ചൻ ധ്യാനചിന്തകൾ പങ്കുവച്ചു. തുടർന്ന് കുമ്പസാരവും ദിവ്യകാരുണ്യ ആരാധനയും നടന്നു.

മാസധ്യാനത്തോടനുബന്ധിച്ച് നടന്ന യോഗത്തിൽ ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. അച്ചൻ രൂപതയിൽ നിന്നുള്ള നിർദ്ദേശങ്ങൾ യോഗത്തെ അറിയിച്ചു. വാർഷിക ധ്യാനത്തിന് എല്ലാവർക്കും ഒരുമിച്ചു കൂടാനുള്ള സ്ഥലം ക്രമീകരിച്ച് അറിയിക്കാമെന്ന് അച്ചൻ പറഞ്ഞു. യോഗത്തിൽ വിവിധ മേഖല ഡയറക്ടർമാർ സംഘടനകളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ബഹു. വൈദികർ കുർബ്ബാന കണക്കുകൾ പരിശോധിക്കുകയും ബൈനേഷൻ കണക്കുകൾ ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ നേന്ത്രക്കായയുടെ തറവില പ്രഖ്യാപനത്തിൽ വയനാട്ടിലെ കർഷകരോട് സർക്കാർ കാണിച്ച അവഗണനയിൽ പ്രതിഷേധിക്കുകയും കർഷകർക്കൊപ്പം സമരമുഖത്ത് സജീവമായി ഇറങ്ങാനും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി വയനാട് സംരക്ഷണസമിതി കൃഷിഭവനുകളുടെ മുമ്പിൽ നടത്തുന്ന ധർണ്ണയിൽ പങ്കെടുക്കാൻ തീരുമാനിച്ചു. യോഗം സമകാലിക രാഷ്ട്രീയ സാഹചര്യങ്ങൾ വിലയിരുത്തുകയും ക്രൈസ്തവർ വിവിധ മേഖലകളിൽ നേരിടുന്ന അവഗണനയിൽ ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തു. ലൗവ് ജിഹാദ് പോലെയുള്ള കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത യോഗം എടുത്തു പറഞ്ഞു. യോഗാവസാനം ബഹു. ബിജോയി ചെമ്പക്കര അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. ജോൺ പുളിന്താനം**
സെക്രട്ടറി

## ചുങ്കക്കുന്ന് ഫൊറോന

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ മാസധ്യാനം പാൽചുരം പള്ളിയിൽ വച്ച് 10-ന് നടത്തപ്പെട്ടു. ഈ മാസധ്യാനത്തിൽ രൂപതയുടെ Family Apostolate Director ബഹു. പോൾ വാഴപ്പിള്ളി അച്ചന്റെയും, KCYM Director ബഹു.സിജേഷ് ചിറക്കത്തോട്ടം

അച്ചന്റെയും സാന്നിധ്യം ഉണ്ടായിരുന്നു. രാവിലെ 11 മണിയോടെ ആരംഭിച്ച ധ്യാനത്തിലേക്ക് ഇടവക വികാരി ബഹു. ബാബു മാപ്ലശ്ശേരി അച്ചൻ സ്വാഗതമാശംസിച്ചുകൊണ്ട് ധ്യാനചിന്തകൾ പങ്കുവച്ചു.

തുടർന്ന് നടന്ന വൈദികരുടെ മീറ്റിംഗിൽ വിവിധ സംഘടനകളുടെ മേഖല ഡയറക്ടർമാർ രൂപതയിൽ നിന്നുള്ള അറിയിപ്പുകളും നിർദ്ദേശങ്ങളും നല്കി. 20/11/2020 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ ചുങ്കക്കുന്ന് പള്ളിയിൽ വച്ച് മേഖലയിലെ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെ മീറ്റിംഗ് ഉണ്ടായിരിക്കുമെന്ന് മേഖല ഡയറക്ടർ ബഹു. സിനീഷ് പുത്തൻപുര അച്ചൻ അറിയിച്ചു.

ബഹു. സിജേഷ് ചിറക്കത്തോട്ടം അച്ചൻ KCYM കലാമത്സരങ്ങൾ മേഖല, രൂപത തലങ്ങളിൽ നടത്തുന്നതിനേക്കുറിച്ച് സംസാരിച്ചു. യുവജന കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിന് യൂത്ത് കഫേ ഓൺലൈൻ മീറ്റിംഗ് ആരംഭിക്കുന്നതിനേക്കുറിച്ചും ഇടവകയുടെ ചരിത്രമടങ്ങുന്ന ഡോക്യുമെന്ററി മത്സരം രൂപതയിൽ നടത്തുന്നതിനേക്കുറിച്ചും അറിയിച്ചു. ബഹു. പോൾ വാഴപ്പള്ളി അച്ചൻ കുടുംബ കുട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, കാലാവധി എന്നീ കാര്യങ്ങളെക്കുറിച്ച് എല്ലാവരുമായി ചർച്ച ചെയ്യുകയും ലോഗോസ് ക്വിസ്സിന്റെ പുതുക്കിയ തിയതി 2021 മാർച്ച് 21 ആയിരിക്കുമെന്നും അറിയിച്ചു.

രൂപതയിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് വൈദികരുടെ വാർഷിക ധ്യാനം ഡിസംബർ 1 മുതൽ 3 വരെ രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ സൂം കോൺഫറൻസ് വഴിയായി നടത്തപ്പെടുമെന്നും PPF തുക അടക്കുവാനുള്ള വൈദികർ ഉടനെ തന്നെ അടയ്ക്കണമെന്നും ഫൊറോന വികാരി ബഹു. ജോയി തുരുത്തേൽ അച്ചൻ അറിയിച്ചു. ഈ ധ്യാനാവസരത്തിൽ നേരത്തെ നിർദ്ദേശിച്ചതനുസരിച്ച് കഴിഞ്ഞ വർഷത്തെ വി. കുർബാന കണക്ക് വൈദികർ പരസ്പരം പരിശോധിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം ബഹു. ജോയി അച്ചൻ ഏവർക്കും നന്ദി പറഞ്ഞ് മീറ്റിംഗ് അവസാനിപ്പിച്ചു.

**ഫാ. അരുൺ മഠത്തിപറമ്പിൽ**
സെക്രട്ടറി

**വാർഷികപരീക്ഷ**

മതബോധനത്തിന്റെ 2020–21 അധ്യായനവർഷം ജനുവരി മാസത്തിൽ പൂർത്തിയാവുകയാണ്. പ്രതിസന്ധികൾക്കിടയിലും വിശ്വാസപരിശീലനം ഭംഗിയായി നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഈ വർഷത്തെ വാർഷികപരീക്ഷയെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കട്ടെ.

HCC I & HCC II (Plus One & Plus Two) - ജനുവരി 10, Diploma - January 31, I to IX - Feb.7 തിയ്യതികളിൽ ആയിരിക്കും നടത്തപ്പെടുക. മൂല്യനിർണയം ഇടവകകളിൽ തന്നെ നടത്തുന്നു. ഹെഡ്മാസ്റ്റേഴ്സ് Answer Sheet കൃത്യമായി verify ചെയ്ത് മാർക്ക് നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി മതബോധന കേന്ദ്രത്തിലേക്ക് അയച്ചുതരികയും ഉത്തരകടലാസുകൾ ഫൊറോന കേന്ദ്രത്തിൽ ജനുവരി 24-ന് മുമ്പ് എത്തിക്കേണ്ടതുമാണ്.

വാർഷികപരീക്ഷക്ക് മുഴുവൻ സിലബസും ഉണ്ടായിരക്കുന്നതാണ്. I Term 30 %, II Term 70 % . Mark വിഭജനം ഇപ്രകാരമാണ് -Text book –35 മാർക്ക്, നമസ്കാരം –3 മാർക്ക്, പൊതു വിജ്ഞാനം –2 മാർക്ക്, ഉപപാഠപുസ്തകം –10 മാർക്ക്.

**ചോദ്യങ്ങൾ**

Objective type - 5 എണ്ണം, Short answer - 10 എണ്ണത്തിൽ 7 എണ്ണം, Paragraph type - 6 എണ്ണത്തിൽ 4 എണ്ണം എഴുതണം.

V മുതലുള്ള ക്ലാസുകളിലെ പരീക്ഷയ്ക്ക് സിലബസ് അനുസരിച്ച് 50 മാർക്കിന്റെ ചോദ്യപേപ്പർ രൂപതാ കേന്ദ്രത്തിൽ നിന്നും നൽകുതാണ്.പുസ്തകത്തിൽനിന്ന് 35 മാർക്കിന്റേയും Part 2 –ൽ നിന്ന് 15 മാർക്കിന്റേയും വീതമായിരിക്കും ചോദ്യങ്ങൾ ഉൾപ്പെടുത്തുക.

I മുതൽ IV വരെയുള്ള ക്ലാസുകളിലെ ചോദ്യപേപ്പർ അതാത് ഇടവകകളിൽ തയ്യാറാക്കി പരീക്ഷ നടത്തണ്ടതാണ്.

HCC I & HCC II കുട്ടികൾ ഉപപാഠപുസ്തകത്തെ അടിസ്ഥാനമാക്കി Assignment (10 മാർക്ക്) എഴുതി ക്ലാസ്സ് ടീച്ചറിന് ഡിസംബർ 31 മുൻമ്പായി സബ്മിറ്റ് ചെയ്യേതാണ്.

**Assignment വിഷയം:**

HCC I: ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് 1 പേജിൽ കവിയാതെ ലഘുവിവരണം തയ്യാറാക്കുക.

1. പലപ്രവശ്യം തെറ്റുചെയ്ത ഇസ്രായേൽ ജനതയോട് ക്ഷമിച്ച ദൈവം എന്തുകൊണ്ടാണ് ഒരു പ്രാവിശ്യം തെറ്റുചെയ്ത ആദിമാതാ പിതാക്കളോട് ക്ഷമിക്കാതിരുന്നത്?

2. സഭയ്ക്കുപുറമേ രക്ഷയില്ല. ഈ പ്രസ്താവനയെക്കുറിച്ച് പ്രതി കരണകുറിപ്പ് തയ്യാറാക്കുക.

3. ഉൽപ്പത്തിപുസ്തകത്തിലെ സൃഷടിവിവരണത്തേയും, ശാസ്ത്ര പഠനങ്ങളേയും സഭയുടെ കാഴ്ച്ചപാടിൽ എങ്ങനെ വിശദീകരിക്കാം.

HCC II: ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് 1 പേജിൽ കവിയാതെ ലഘുവിവരണം തയ്യാറാക്കുക.

1. മരണശേഷമുള്ള തനതുവിധിയെകുറിച്ചും അന്ത്യവിധിയെകു റിച്ചും സഭ ഔദ്യോഗികമായി സഭാമക്കളെ പഠിപ്പിക്കുന്ന കാര്യങ്ങൾ വിവരിക്കുക.

2. ദൈവത്തിന്റെ കരുണകൊണ്ടുമാത്രം സ്വർഗ്ഗം പ്രാപിക്കാൻ കഴി യുമോ? നിങ്ങളുടേതായ ആശയങ്ങൾ കൂടി കൂട്ടിച്ചേർത്ത് സഭാപഠനം വ്യക്തമാക്കുക.

3. കുർബ്ബാന ധർമ്മം എന്നാൽ എന്താണ്? പണം നൽകി കുർബ്ബാ നയർപ്പണം നടത്തുന്നത് ശരിയാണോ? സഭയുടെ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ പ്രതികരണം തയ്യാറാക്കുക.

**മതാധ്യാപകദിനം**

നവംബർ 8 മതാധ്യാപകദിനമായി നമ്മൾ ആചരിച്ചല്ലോ. അന്നേ ദിനം മതാധ്യാപകരെ ആദരിക്കുകയും ആശംസകളറിയിക്കുകയും ചെയ്ത എല്ലാ വികാരിയച്ചന്മാർക്കും നന്ദി അറിയിക്കുന്നു.

**'വെളിച്ചം പെയ്യുന്ന ആകാശങ്ങൾ' Short Film**

തലമുറകളുടെ ജീവിതവഴികളിൽ വിശ്വാസവെളിച്ചം വീശുന്ന വിശ്വാസ പരിശീലകർക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് മാനന്തവാടി രൂപത വിശ്വാസപരിശീലനകേന്ദ്രം അണിയിച്ചൊരുക്കിയ ഷോട്ട് ഫിലിം ('വെളിച്ചം പെയ്യുന്ന ആകാശങ്ങൾ') നവംബർ 6 -ാം തിയ്യതി അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പ്രകാശനം ചെയ്തു. ജോസ് പിതാവ് മതധ്യാപകരുടെ നിസ്വാർത്ഥ സേവനത്തെ വിലമതിക്കുകയും അഭിന ന്ദിക്കുകയും മതാധ്യാപകദിനത്തിന്റെ ആശംസകളർപ്പിക്കുകയും ചെയ്തു. ഈ ഷോട്ട് ഫിലിമിന്റെ രചന, സംവിധാനം നിർവ്വഹിച്ചത് രൂപതാ ടീം അംഗമായ ശ്രീ ജോസ് വടക്കേക്കര സാറാണ്. അസോ സിയേറ്റ് ഡയറക്ടർ : സജിൻ ജേക്കബ് കൊട്ടിയൂർ (മുൻ സംസ്ഥാന

പ്രതിഭ), ഡി. ഓ. പി. & എഡിറ്റിംഗ് : ക്ലീറ്റസ് വെള്ളമുണ്ട, റെക്കോർഡിംഗ് : ഫാദർ. ജോസ് കാവുങ്കൽ, മേക്കപ്പ്: അശ്വൻ മാനന്തവാടി (ദ്വാരക സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ). ജോസ് സാറിനും ഒപ്പം പ്രവർത്തിച്ചവർക്കും അഭിനയിച്ചവർക്കും രൂപതാ മതബോധനകേന്ദ്രത്തിന്റെ അനുമോദനവും നന്ദിയും അറിയിക്കുന്നു.

**മേഖല HM Conference**

രൂപതാ HM Conference നടത്താൻ സാധിക്കാത്ത ഈ സാഹചര്യത്തിൽ നവംബർ 14 മുതൽ 27 വരെ രൂപതാ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ എല്ലാ ഫൊറോനകളിലും HM Conference നടന്നു. വേണ്ട ക്രമീകരണങ്ങൾ നടത്തിയ ഫൊറോന വികാരിമാർ, ഫൊറോന ഡയറക്ടർമാർ, മേഖല സെക്രട്ടറിമാർ എന്നിവർക്കും തിരക്കുകൾ മാറ്റിവച്ച് എത്തിചേർന്ന എല്ലാ പ്രധാനാധ്യാപകർക്കും നന്ദി അറിയിക്കുന്നു.

**സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് IAS പരിശീലനത്തിന് സുവർണ്ണാവസരം.**

നമ്മുടെ ഇടവകകളിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്ക് IAS പരിശീലനത്തിന് ഒരു സുവർണ്ണാവസരം ലഭിച്ചിരിക്കുകയാണ്. മുൻ കേരള ഡി. ജി. പി. ഡോ. അലക്സാണ്ടർ ജേക്കബ് IPS, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന വേദിക് ഐ.എ.എസ്. അക്കാദമി എന്ന സിവിൽസർവീസ് പരിശീലന സ്ഥാപനം സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന വാഗ്ദാനം ചെയ്തിട്ടുണ്ട്. ലോകമെമ്പാടുമുള്ള ഇന്ത്യൻ വിദ്ധ്യാർത്ഥികൾക്കായി യു.എൻ. സിവിൽസർവീസ്, ഇന്ത്യൻ സിവിൽസർവീസ്, വിവിധ സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ്സർവ്വീസുകൾ, സെൻട്രൽ സെക്രട്ടറിയേറ്റ് സർവീസ് എന്നിവയിലെല്ലാം വിദ്യാർത്ഥികൾക്കു വിജയം ഉറപ്പുവരുത്തുന്ന വിധമുള്ള ഓൺലൈൻ പരിശീലനമാണ് ഈ സ്ഥാപനത്തിൽ നടക്കുന്നത്.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി (8,9,10 ക്ലാസ്സുകൾ) 6 വർഷം നീണ്ടു നിൽക്കുന്ന പരിശീലനവും, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി (11,12 ക്ലാസ്സുകൾ) 4 വർഷം നീണ്ടു നിൽക്കുന്ന പരിശീലനവും, കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനവും, ഡിഗ്രി പാസ്സായവർക്കായി 1 വർഷം നീണ്ടു നിൽക്കുന്ന പരിശീലനവുമാണ് ഈ സ്ഥാപനം നൽകുന്നത്. ശനി, ഞായർ ദിവസങ്ങളിൽ വൈകുന്നേരം 7 മുതൽ 10 വരെയാണ് ക്ലാസ്സുകൾ.

ഇന്ത്യയിലെ എല്ലാ IAS പരിശീലന സ്ഥാപനങ്ങളും ഒരുലക്ഷം

രൂപയ്ക്ക് മുകളിൽ വിദ്യാർത്ഥികളോട് ഒരുവർഷം ഫീസ്മേടിക്കുമ്പോൾ, വേദിക് ഐ. എ. എസ്. അക്കാദമി 6 വർഷവും, 4 വർഷവും, 2 വർഷവും നീണ്ടു നിൽക്കുന്ന പരിശീലനത്തിന് ആകെ 29,999/- രൂപയാണ് ഈടാക്കുന്നത്. സിവിൽസർവീസ് പ്രിലിമിനറി, മെയിൻ, ഇന്റർവ്യൂ പരിശീലനം എല്ലാം ഉൾപ്പടെയാണ് ഈ ഫീസ്. ഒരിക്കൽ ഫീസ് അടച്ച ഈ സ്ഥാപനത്തിൽചേരുന്ന വിദ്യാർത്ഥിക്ക് വീണ്ടും ഒരുരൂപ പോലും ഫീസ് അടക്കാതെ 32 വയസ്സുവരെ ഇവിടെ പഠനം തുടരാവുന്നതാണ്.

നമ്മുടെ ഇടവകകളിൽ നിന്നുമുള്ള പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് 50% പ്രത്യേകസ്കോളർഷിപ്പും വേദിക് ഐ. എ. എസ്. അക്കാദമി വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഈ സ്കോളർഷിപ്പ് വാഗ്ദാനം പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ പരമാവധി വിദ്യാർത്ഥികളെ ഈ പരിശീലനത്തിന് ചേർക്കണമെന്ന് നിർദേശിക്കുന്നു. നമ്മുടെ ഓരോ ഇടവകയിൽ നിന്നും സൺഡേസ്കൂളുകൾ വഴി പഠനത്തിൽസമർത്ഥരായ പത്തോ അതിലധികമോ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, കോളേജ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് ഐ. എ. എസ്., ഐ. പി. എസ്. പഠനത്തിനായി ചേർക്കുമല്ലോ. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികളെ ഇടവകതന്നെ സ്പോൺസർ ചെയ്യുകയോ, സാമ്പത്തികസ്ഥിതി ഉള്ളവരിൽനിന്നും സ്പോൺസർമാരെ കണ്ടെത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മാനന്തവാടി രൂപതയിൽനിന്ന് പരിശീലനത്തിന് ചേരുന്ന കുട്ടികളെ സഹായിക്കാൻ കൽപറ്റ ഡി പോൾ സ്കൂളിൽ വേദിക് ഐ. എ. എസ്. അക്കാദമിയുടെ ഓഫ് ക്യാംപസ് ഓഫീസ് പ്രവർത്തിക്കുന്നതാണ്.

2030-ഓട് കൂടി നമ്മുടെ ഓരോ ഇടവകയിൽ നിന്നും യു എൻ സിവിൽസർവീസ്, ഇന്ത്യൻ സിവിൽസർവീസ്, വിവിധ സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകൾ എന്നീ ഉന്നത ഭരണമേഖലകളിലേയ്ക്ക് ഓരോവർഷവും ഓരോ വിദ്യാർത്ഥിയെ എങ്കിലും എത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. വിശദവിവരങ്ങൾക്ക്: +917356444999 നമ്പറിൽ അന്വേഷിക്കാവുന്നതാണ്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹിതരെ,

ക്രിസ്തുമസ് ഇതാ ആഗതമായി. സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും രാവ്. വെറും ഒരു ആഘോഷത്തിൽ നിന്ന് നമ്മുടെ ജീവിതത്തിന് അനുഗ്രഹീതമായ ഒരു അനുഭവമായി ക്രിസ്തുമസ് മാറേണ്ടതിന് നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെ കുറിച്ച് ഫ്രാൻസിസ് പാപ്പ ഒരു ക്രിസ്തുമസ് സന്ദേശത്തിൽ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്. നീ തന്നെയാണ് ക്രിസ്തുമസ്. യേശുവിനെ സ്വീകരിക്കാനായി നിന്റെ ഹൃദയം ഒരു പുൽക്കൂടായി മാറുമ്പോൾ, രക്ഷകനായി യേശുവിനെ ജീവിതത്തിലേക്ക്, നിന്റെ ഹൃദയത്തിലേക്ക് നീ സ്വീകരിക്കുമ്പോൾ, നീ ഒരു ക്രിസ്തുമസ് ആയി മാറുകയാണ്. ക്രിസ്തുവിലേക്ക് ഒരു വ്യക്തിയെങ്കിലും കടന്നുവരാൻ ഞാൻ ഒരു വഴികാട്ടിയായി തീരുമ്പോൾ, എന്റെ ജീവിതം കണ്ടിട്ട് ആരെങ്കിലും യേശുവിലേക്ക് അണയുന്നുവെങ്കിൽ ഞാൻ ഒരു ക്രിസ്തുമസ് താരകം ആയി മാറുന്നു. എന്റെ ജീവിതത്തിന്റെ ഏറ്റവും പരമമായ ലക്ഷ്യം ക്രിസ്തുവിനെ അന്വേഷിക്കുന്നതായി തീരുമ്പോൾ, ക്രിസ്തുവിന്റെ ചാരത്തണഞ്ഞിട്ട് എനിക്കു ദൈവം ഏറ്റവും വിലപ്പെട്ടതായി നൽകിയ ജീവിതത്തെ അവന്റെ മുമ്പിൽ സമർപ്പണം ചെയ്യുമ്പോൾ ഞാനും ഒരു ജ്ഞാനി ആയി തീരുന്നു. അങ്ങനെ എന്റെ ജീവിതം ക്രിസ്തുമസ് ആയി തീരുന്നു. എന്റെ നാവിൽ ശാന്തിയുടെ ദൂത്, ആശ്വാസത്തിന്റെ ദൂത്, രക്ഷയുടെ ദൂത് തത്തികളിക്കുമ്പോൾ ഞാനൊരു മാലാഖ ആയിട്ട് മാറുകയാണ്. എന്റെ ജീവിതത്തെ നന്മകളാൽ ഞാൻ അലങ്കരിക്കുമ്പോൾ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവയൊക്കെ എന്റെ ജീവിതത്തിൽ ഞാൻ അനുവർത്തിക്കുമ്പോൾ, അവ കൊണ്ട് എന്റെ ജീവിതമാകുന്ന മരത്തെ ഞാൻ ഫലദായകമാക്കുമ്പോൾ, ഞാനൊരു ക്രിസ്തുമസ് ട്രീ ആയിട്ട് മാറുകയാണ്. ക്രിസ്തുമസ് സമ്മാനങ്ങളൊക്കെ നാം പരസ്പരം കൈമാറുന്നുണ്ടല്ലോ. ഞാനൊരു നല്ല വ്യക്തിത്വമായി മാറുമ്പോൾ എന്റെ മാതാപിതാക്കളെ എനിക്കു സ്നേഹിക്കാനും ബഹുമാനിക്കാനും അവരോടുള്ള കടമകൾ നിർവഹിക്കാൻ

കഴിയുമ്പോൾ അതുതന്നെയാണ് എന്റെ മാതാപിതാക്കൾക്ക് എനിക്കു നൽകാവുന്ന ഏറ്റവും വലിയ സമ്മാനം. അതെ, കുറച്ചുകൂടെ നല്ലൊരു വ്യക്തിത്വമായി നമുക്ക് നമ്മെ തന്നെ ഒരു സമ്മാനമായി സമർപ്പിക്കാം. ഇത്തവണത്തെ ക്രിസ്തുമസ് ഒരുക്കം ചില വ്യത്യസ്തമായ ചലഞ്ചുകളോടെയാണ് ക്രമീകരിച്ചിരിക്കുന്നത്. പ്രാർത്ഥനയിലൂടെയും പ്രവർത്തനത്തിലൂടെയും നമ്മുടെ ജീവിതത്തിലും പരിസരങ്ങളിലും മറ്റുള്ളവരിലും ക്രിസ്തുമസ് ശോഭ പരത്താൻ നമുക്കു സാധിക്കട്ടെ. അങ്ങനെ ക്രിസ്തുമസ് ആയി നമുക്ക് ഓരോരുത്തർക്കും മാറാം. സ്നേഹ ത്യാഗ സമ്പന്നമായ ക്രിസ്തുമസ് ഏവർക്കും ആശംസിക്കുന്നു.

പ്രേഷിതാഭിവാദ്യങ്ങളോടെ,

**ഷിജു അച്ചൻ**

| | | |
|---|---|---|
| 2020 ഡിസംബർ | : | മാനവഹൃദയങ്ങളിൽ ക്രിസ്തു പിറക്കുവാൻ |
| പ്രയർ | : | എല്ലാ സുവിശേഷപ്രഘോഷകർക്കും വേണ്ടി |
| മിഷൻ പ്രയർ | : | കല്യാൺ (മാനന്തവാടി മേഖലയിലെ ശാഖകൾ) |

**ചങ്കാണ് ഈ മിഷൻലീഗ്**

മിഷൻമാസത്തിലുടനീളം മുൻകാല ഭാരവാഹികളെയും രൂപതാ ടീം എക്സിക്യൂട്ടീവ് അംഗങ്ങളെയും ഉൾപ്പെടുത്തി അവരുടെ ജീവിതത്തിലെ മിഷൻലീഗിന്റെ സ്വാധീനത്തെപറ്റി പറയുന്ന മൂന്നു മിനിറ്റുള്ള വീഡിയോ ഷൂട്ട് ചെയ്ത് സോഷ്യൽമീഡിയയിലൂടെ ഏവർക്കും ലഭ്യമാക്കി. മിഷൻലീഗിനെകുറിച്ച് പുതിയ തലമുറയ്ക്കു ബോധ്യം നല്കുക എന്ന ലക്ഷ്യത്തോടെ ചെയ്ത ഈ പ്രോഗ്രാം തികച്ചും വേറിട്ടൊരനുഭവമായിരുന്നു. ഇതിനോടു സഹകരിച്ച എല്ലാവർക്കും ഇതിനാവശ്യമായ സഹായങ്ങൾ ചെയ്തുതന്ന മീഡിയ കമ്മീഷനും രൂപത കുടുംബത്തിന്റെ നന്ദി.

**ഒരുമയുടെ വചനത്താളുകൾ**

നമുക്കൊരു ബൈബിൾ കൈയ്യെഴുത്തു പ്രതി തയ്യാറാക്കാം. 25 നോമ്പിന് ഒരുക്കമായി ബൈബിൾ വായിക്കാനും പഠിക്കാനും ദൈവാനുഗ്രഹങ്ങൾ സ്വന്തമാക്കാനുമുള്ള സുവർണ്ണാവസരം മാനന്തവാടി രൂപത മിഷൻലീഗും മാതൃവേദിയും സംയുക്തമായി ഒരുക്കി. ഇടവകയ്ക്ക് ഒരു ബൈബിൾ എന്ന അടിസ്ഥാനത്തിൽ സമ്പൂർണ ബൈബിൾ ഉൽപത്തി മുതൽ വെളിപാടു വരെ കൃത്യമായും ചിട്ടയായും ഒക്ടോബർ 20-ഡിസംബർ 15 വരെയുള്ള സമയം കൊണ്ട് പൂർത്തിയാക്കാൻ അവസരം നൽകി. വിവിധ വ്യക്തികളും വിവിധ കുടുംബങ്ങളും ചേർന്ന്, മാതാപിതാക്കളും മക്കളും ചേർന്ന്, ഇടവകയാകുന്ന കുടുംബത്തിന്റെ പേരിൽ ഒരു ബൈബിൾ കൈയ്യെഴുത്തു

പ്രതി ഉണ്ടാക്കി വചനം മാംസമായി അവതരിച്ച ഈശോയ്ക്കു ജൻമദിന സമ്മാനമായി നൽകുന്നു.

**5 മിഷൻ ചലഞ്ചുകൾ**

ശാഖകളിൽ നടപ്പാക്കാനായി രൂപത സമിതി 5 മിഷൻ ചലഞ്ചുകൾ ശാഖകൾക്കു നൽകി. **1– നിന്നെ അറിയാൻ ഉള്ളുനിറയാൻ** – സംഘടനയെകുറിച്ചുള്ള അറിവുകൾ എല്ലാ അംഗങ്ങളിലേക്കും എത്തിക്കുക. അതിനായി ശാഖകൾക്ക് വീഡിയോ, ലീഫ് ലെറ്റ്, പ്രസംഗം, വെബിനാർ എന്നിങ്ങനെ ഏതു രീതിയും സ്വീകരിക്കാം. **2–മിഷൻ ആവേശം തൂലികകളിൽ**–കേട്ടു പഴകിയ മുദ്രാവാക്യങ്ങളിൽ നിന്നും വ്യത്യസ്തമായ മുദ്രാവാക്യങ്ങൾ മിഷൻലീഗ് പ്രവർത്തകരുടെ തൂലികയിൽ വിരിയാൻ അവസരമൊരുക്കി. ഏറ്റവും മികച്ച മുദ്രാവാക്യങ്ങൾ രചിച്ച ജെബിൻ തോമസ് കളപ്പുരക്കൽ (ശിശുമല), ഷെറിൻ പുത്തൂർ (ചിത്രഗിരി), നീതു പട്ടരുപറമ്പിൽ (ഒലിവുമല) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കും, ആന്റണി വൈദ്യർ(വാഴവറ്റ), കെ.ജെ. ക്ളമന്റ് കുഴികണ്ടത്തിൽ (മൂലംങ്കാവ്) എന്നിവർ പ്രോത്സാഹന സമ്മാനത്തിനും അർഹരായി. മുദ്രാവാക്യങ്ങൾ എഴുതിയ എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനാർഹരായവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. **3–വഴികാട്ടിയവർ വഴിവിളക്കായവർ**–അറിയാം നമുക്ക് മുൻപേ നടന്ന് വഴിയൊരുക്കിയ മേഖല ഡയറക്ടർമാരെ. മിഷൻലീഗ് അംഗങ്ങൾ തങ്ങൾ ഉൾപ്പെടുന്ന മേഖലയിൽ സേവനം ചെയ്ത ഡയറക്ടറച്ചൻമാർ ആരൊക്കെയെന്ന് കണ്ടെത്തുക. ശാഖകൾ വളരെ മനോഹരമായി ഈ ചലഞ്ച് ഏറ്റെടുത്ത് ക്രിയാത്മകവും മനോഹരവുമായ വിധത്തിൽ മേഖലകളുടെ ആരംഭകാലം മുതലുള്ള ഡയറക്ടർമാരെ കണ്ടെത്തുകയും ശാഖ അംഗങ്ങൾക്കു പരിചയപ്പെടുത്തുകയും ചെയ്തു. നിങ്ങൾ കാണിച്ച സഹകരണത്തിന് നന്ദി. **4– ഇത്തിരി നേരം ഒത്തിരി കാര്യം**– രണ്ട് ദിവസം കൊണ്ട് ശാഖയിലെ അംഗങ്ങൾ ചേർന്ന് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. മിഷൻലീഗുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ , ലേഖനങ്ങൾ, അനുഭവ കുറിപ്പുകൾ അങ്ങനെ കുഞ്ഞുമിഷണറിമാരുടെ സർഗ്ഗവാസനകളെ പുറത്തുകൊണ്ടുവരാൻ ഈ ചലഞ്ച് ഏറെ ഉപകരിച്ചു. **5–വചനം ജീവിതത്തിൽ** – മിഷൻലീഗ് പ്രവർത്തകർക്ക് പ്രചോദനമാകുന്ന ദൈവവചനങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ നിന്നും കണ്ടെത്തി വീഡിയോ രൂപത്തിലോ മറ്റേതെങ്കിലും രീതിയിലോ അത് എല്ലാ അംഗങ്ങളിലും എത്തിക്കുക. വളരെ മനോഹരമായി വിവിധ മാർഗങ്ങളിലൂടെ ഈ ചലഞ്ചുകൾ ഏറ്റെടുത്തു നടത്തിയ ശാഖ മേഖല നേതൃത്വങ്ങൾക്ക് രൂപത കുടുംബ

ത്തിന്റെ അഭിനന്ദനങ്ങൾ.

**ദേശീയ പോലീസ് ദിനം**

സുരക്ഷിതത്വത്തിന്റെ കാവലാൾ ആകുന്ന, പ്രത്യേകിച്ച് കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ കർമ്മനിരതരായി രക്ഷയുടെ കവചം തീർക്കുന്ന ഞങ്ങളുടെ നിയമ പാലകർക്ക് ദേശീയ പോലീസ് ദിനത്തിന്റെ (ഒക്ടോബർ 21) ആശംസകൾ നേർന്നു.

**അമ്മയ്ക്കൊരു ഗ്രോട്ടോ**

ജപമാല മാസാചരണത്തിന്റെ ഭാഗമായി കുഞ്ഞുമിഷനറിമാർ തങ്ങളുടെ ഭവനങ്ങളിൽ പരി. അമ്മയ്ക്കു മനോഹരമായ ഗ്രോട്ടോ നിർമ്മിച്ചു. രൂപതയുടെ നിബന്ധനകൾ പാലിച്ചുകൊണ്ട് ഗ്രോട്ടോ നിർമ്മിച്ചതിൽ സ്റ്റെഫിൻ ജോസഫ് മങ്കുഴിയിൽ (കരിമാനി), സാനിയ ജോസ് ചെമ്പകശ്ശേരി (വടപുറം), ആൽവിൻ തലച്ചിറ (മുണ്ടേരി) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. വളരെ ക്രിയാത്മകമായി സൃഷ്ടി നടത്തിയ കുഞ്ഞുമിഷനറിമാർക്ക് അഭിനന്ദനങ്ങൾ.

**കയ്യെഴുത്തു മാസിക**

"മിഷനെ അറിയാം മിഷനറിയാകാം മിഷൻലീഗിലൂടെ" എന്ന വിഷയത്തെ ആസ്പദമാക്കി കയ്യെഴുത്തു മാസിക തയ്യാറാക്കാൻ ശാഖകൾക്ക് അവസരം നൽകി. 2020 ഡിസംബർ 31 ന് കയ്യെഴുത്തു മാസിക രൂപതയിൽ സമർപ്പിക്കണം

**നല്ല അയൽക്കാരൻ പദ്ധതി**

വ്യാധിയുടെ കാലത്ത് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ശാഖ, മേഖലകളുടെ സഹകരണത്തോടെ നടത്തുന്ന നല്ല അയൽക്കാരൻ പദ്ധതിയുടെ മൂന്നാം ഘട്ടം കല്പറ്റ ക്ളാര അഗതി ഭവനിൽ അവശ്യവസ്തുക്കൾ നല്കികൊണ്ട് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, ജോ. ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി.സി, സി. നാൻസി, സി. അനിത എന്നിവർ നേതൃത്വം നല്കി.

**ദശലക്ഷം ജപമാല സമാപനം**

കോവിഡ് മഹാമാരിയുടെ പരീക്ഷണങ്ങൾക്കെതിരെ പ്രാർത്ഥനയുടെ പോരാട്ടമായി മാറിയ ദശലക്ഷം ജപമാല സമർപ്പണത്തിന്റെ സമാപനം ഒക്ടോബർ 31 ശനിയാഴ്ച കരണി ക്രിസ്തുരാജ ദേവാലയത്തിൽ വച്ച് നടത്തി. രാവിലെ 7 മണിയോടെ ആരംഭിച്ച ജപമാലയ്ക്കു രൂപത ജോ. ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി.സി നേതൃത്വം നല്കി. തുടർന്നുള്ള ദിവ്യബലിക്ക് രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ കാർമ്മികത്വം വഹിച്ചു. ജപമാല സമാ

പനത്തോടനുബന്ധിച്ച് ആവശ്യമായ എല്ലാ സഹകരണങ്ങളും നല്കി അന്നേദിനം മനോഹരമാക്കാൻ സഹായിച്ച കരണി ഇടവക വികാരി ജെയ്മോൻ കളമ്പുകാട്ടിൽ അച്ചനും ഇടവകാംഗങ്ങൾക്കും രൂപത കുടുംബത്തിന്റെ നന്ദി.

**ക്രൈസ്തവന്റെ രക്ഷയുടെ പ്രതീകമായ കുരിശ്**

ലോകത്തിന്റെ മുഴുവൻ രക്ഷയുടെ അടയാളമായ കുരിശിനെ അവഹേളിച്ചതിനെതിരെ മാനന്തവാടി രൂപത കുടുംബം മുഴുവൻ ശക്തമായി പ്രതിഷേധിച്ചു. ശാഖ, മേഖല, രൂപത തലങ്ങളിൽ പ്രതിഷേധ റാലിയും പ്രാർത്ഥന യജ്ഞങ്ങളും സംഘടിപ്പിച്ചു. വളരെ ശക്തമായ ഭാഷയിൽ യൂറ്റ്യൂബ് ചാനലിലൂടെ പ്രതികരിച്ച ഐറിൻ സജിക്കും (നടവയൽ), ജോനാഥ് തിടങ്ങഴി (ചുങ്കക്കുന്ന്) എന്നിവർക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. രക്ഷയുടെ അടയാളവും ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതീകവുമായ വിശുദ്ധ കുരിശു രൂപത്തെ മന:പൂർവ്വം അവഹേളിക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശുദ്ധ കുരിശിൽ അഴിഞ്ഞാട്ടവും ആഭാസത്തരങ്ങളും ചെയ്യുന്ന സാമൂഹ്യ വിരുദ്ധർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കണമെന്ന് ചെറുപുഷ്പ മിഷൻലീഗ് രൂപത സമിതിയും വിവിധ മേഖല സമിതികളും ആവശ്യപ്പെട്ടു.

**ഹൃദയത്തിലാണീ കുരിശടയാളം.-വിശുദ്ധ കുരിശ് അവഹേളനം വേറിട്ട പ്രതിഷേധം**

മിഷൻമാസാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് ഹൃദയത്തിലാണീ കുരിശടയാളം എന്ന പേരിൽ പ്രേഷിത കൂട്ടായ്മ സി. എം. എൽ. കല്ലോടി മേഖലയുടെ സഹകരണത്തോടെ 2020 നവംബർ 1 ഞായറാഴ്ച കല്ലോടി ഫൊറോന ദേവാലയത്തിൽ വച്ച് നടത്തി. നമ്മൾ മുറുകെ പിടിക്കുന്ന വിശ്വാസവും പാരമ്പര്യവുമൊക്കെ അധിക്ഷേപിക്കപ്പെടുന്ന വർത്തമാനസാഹചര്യത്തിൽ നമ്മുടെ ഐക്യവും പ്രതിഷേധവും പ്രകടിപ്പിക്കുവാനായിരുന്നു ഈ കൂട്ടായ്മ സംഘടിപ്പിച്ചത്. കുരിശിന്റെയും കുരിശിനു ചുറ്റും ഹൃദയത്തിന്റെ ആകൃതിയിൽ ചെമ്മഞ്ഞ കൊടിയേന്തി സി.എം.എൽ അംഗങ്ങൾ അണിനിരന്നാണ് പ്രതിഷേധപ്രകടനം നടത്തിയത്. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, ജോ. ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി..സി, പ്രസിഡന്റ് രഞ്ചിത് മുതുപ്ലാക്കൽ, എന്നിവർ നേതൃത്വം നൽകി. രൂപത തല സംഗമത്തിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തു തന്ന കല്ലോടി ശാഖ ഡയറക്ടർ ഫാ. ബിജു മാവറ, അസി.വികാരി റ്റിബിൻ ചക്കുളത്തിൽ, ശാഖ ജോ.ഡയറക്ടർ സി.ഡാരിയ എഫ്.സി.സി, ശാഖ

പ്രസിഡന്റ് ഡാനിഷ്, മറ്റ് ഇടവകാംഗങ്ങൾക്കും, ശാഖാ, മേഖല തലങ്ങളിൽ സംഗമം വളരെ സജീവമാക്കുന്നതിനായി സഹകരിച്ച എല്ലാവർക്കും രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**നവകേരളം വീഡിയോ പ്രസംഗ മത്സരം**

നവംബർ 1 കേരള പിറവിയോടനുബന്ധിച്ച് 'സമകാലിക കേരളം പ്രതീക്ഷകളും ചില അപ്രതീക്ഷിത സംഭവങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ 4 മിനിറ്റ് ദൈർഘ്യമുള്ള പ്രസംഗമത്സരത്തിൽ രൂപതയിലെ വിവിധ ശാഖകളിൽ നിന്നും ധാരാളം പ്രതിഭകൾ പങ്കെടുത്തു. ഈ മത്സരത്തിൽ അലീന മുക്കത്ത് (തോണിച്ചാൽ), ഐറിൻ വാതക്കോടത്ത്(നടവയൽ), മറീന കുരിക്കാട്ടിൽ (കല്ലോടി) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**ഫ്രാൻസ് ബസിലിക്കയിലെ തീവ്രവാദി ആക്രമണത്തിൽ നടുക്കം രേഖപ്പെടുത്തി.**

ഫ്രാൻസിലെ നേത്രദാം പള്ളിയിൽ 3 ക്രൈസ്തവർ കൊല്ലപ്പെട്ട സംഭവത്തെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത അപലപിച്ചു. ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ജീവിത ശൈലി പഠിപ്പിക്കുന്ന ക്രൈസ്തവ മതത്തിനെതിരെ തിൻമയുടെ ശക്തികൾ കാപാലിക ചെയ്തികൾ അഴിച്ചുവിടുകയാണെന്ന് സംഘടന പറഞ്ഞു. സമാധാനത്തിന്റെ ക്രിസ്തു സന്ദേശം എല്ലാ പ്രതിസന്ധികളേയും കീഴടക്കുമെന്നും ലോക ചരിത്രം അതിന് തെളിവാണെന്നും മിഷൻലീഗ് രൂപത സമിതി പറഞ്ഞു. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, ജോ. ഡയറക്ടർ സി. ക്രിസ്റ്റീന എഫ്.സി..സി, പ്രസിഡന്റ് രഞ്ജിത് മുതുപ്ലാക്കൽ, സെക്രട്ടറി ടോം ജോസ്, ഓർഗനൈസർ തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു.

**സകല വിശുദ്ധരുടെയും തിരുനാൾ**

വിശുദ്ധിയിലേക്കുള്ള പ്രയാണത്തിൽ വഴികാട്ടികളാകുന്ന സകല വിശുദ്ധരെയും പ്രത്യേകവിധം അനുസ്മരിക്കുന്ന പുണ്യദിനത്തിൽ ഏവർക്കും സകല വിശുദ്ധരുടെയും തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**സംവരണത്തിലെ ഇരട്ടത്താപ്പ്–മിഷൻലീഗ് പ്രതിഷേധിച്ചു.**

മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായവർക്ക് 10% സംവരണം നടപ്പിലാക്കാനുള്ള തീരുമാനത്തിനെതിരെ രംഗത്തുവന്ന വിഭാഗീയ ശക്തികൾ സാമൂഹിക മര്യാദ പുലർത്തണമെന്ന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സമിതി ആവശ്യപ്പെട്ടു.സ്വന്തം സമുദായ താത്പര്യങ്ങൾമാത്രം സംരക്ഷിക്കാൻ

എല്ലാവിധ സമ്മർദ്ദ തന്ത്രങ്ങളും കൈക്കൊള്ളുന്ന ഇക്കൂട്ടർ മറ്റുളളവരുടെ ന്യായമായ അവകാശങ്ങൾക്ക് എതിരു നിൽക്കുന്നത് ഭൂഷണമല്ലെന്ന് സംഘടന ചൂണ്ടിക്കാട്ടി. ഒരു സമുദായത്തിൽ ജനിച്ചു എന്ന കാരണത്താൽ യാതൊരു ആനുകൂല്യത്തിനും അർഹതയില്ല എന്നു കരുതുന്നവർ ജനാധിപത്യ സമൂഹത്തിന് ഭീഷണിയാണെന്നും മിഷൻലീഗ് പ്രവർത്തകർ ഊന്നിപറഞ്ഞു.

**2-11-20-സകല മരിച്ചവരുടെയും തിരുനാൾ**

മരിച്ചുപോയ പൂർവ്വികരുടെയും പ്രിയപ്പെട്ടവരുടെയും ആത്മാക്കൾക്കു നിത്യശാന്തി ലഭിക്കുന്നതിനായി മിഷൻലീഗ് അംഗങ്ങൾ പ്രത്യേകം പ്രാർത്ഥിച്ച പുണ്യദിനം. ഒപ്പം വളർന്നുവരുന്ന പുതിയ തലമുറയ്ക്കു ദിശാബോധം നൽകി ഈ ലോകത്തോടു വിടപറഞ്ഞ എല്ലാ സംഘടനാഗംങ്ങളെയും ഓർത്ത് അവരുടെ ആത്മാക്കൾക്കായി പ്രാർത്ഥിച്ചു.

**4-11-20 മതാദ്ധ്യാപക ദിനം**

മതാദ്ധ്യാപകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനത്തിൽ വിവിധ ശാഖകളിൽ ചെറുപുഷ്പ മിഷൻലീഗിന്റെ ശക്തിയായി നിലകൊള്ളുന്ന എല്ലാ മതാദ്ധ്യാപകർക്കും തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. തിരുബാലസഖ്യത്തിലെയും മിഷൻലീഗിലെയും കുരുന്നുകളെ ചേർത്തിണക്കി വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രത്യേകിച്ച് സംഘടന അംഗങ്ങളായ എല്ലാ മതാദ്ധ്യാപകർക്കും ആശംസകൾ അർപ്പിക്കുന്ന വീഡിയോ യൂറ്റ്യൂബിൽ അപ് ലോഡ് ചെയ്തു. 'ഒരു മതാദ്ധ്യാപകന്റെ ജോലി ചെയ്യുക എന്നതല്ല ഒരു മതാദ്ധ്യാപകനായിരിക്കുക എന്നതാണ് പ്രധാനം. അത് നമ്മുടെ മുഴുവൻ ജീവിതവും ഉൾചേരുന്നതാണ്. നമ്മുടെ ജീവിതവും വാക്കുകളും വഴി മറ്റുള്ളവരെ ക്രിസ്തുവിലേക്ക് നയിക്കലാണത്' എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് മതബോധനവും മിഷൻലീഗും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളായി കണ്ട് ഇനിയും കൈകോർത്ത് മുന്നോട്ടു പോകുവാനുള്ള ദൈവാനുഗ്രഹങ്ങൾ രൂപത സമിതിക്കുവേണ്ടി പ്രസിഡന്റ് രഞ്ചിത് മുതുപ്ലാക്കൽ ആശംസിച്ചു.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ മുൻ ജോ. ഡയറക്ടർ സി. ലിസ എസ്. കെ. ഡി. യുടെ അമ്മ മറിയാമ്മ മഠത്തിക്കുന്നേലിന് ആദരാഞ്ജലികൾ. വിശ്വാസം അതിന്റെ പൂർണ്ണതയിൽ കാത്തു സൂക്ഷിച്ച് സ്വർഗ്ഗസമ്മാനത്തിനായ് യാത്രയായ അമ്മച്ചിയുടെ

പാവന സ്മരണയ്ക്കു മുമ്പിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ പ്രണാമം.

**അറിയാം ഇന്നിന്റെ വിശുദ്ധനെ, വളരാം നാളെയുടെ വിശുദ്ധരായ്**

ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലനായ വാഴ്ത്തപ്പെട്ട കാർലോ അകിറ്റിസിന്റെ വിശുദ്ധ ജീവിതം മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനുമായി നവംബർ 14 ശിശുദിനത്തിൽ കാർലോ ക്വിസ് എന്ന പേരിൽ ക്വിസ് മത്സരം നടത്തി. 200 ലേറെ അംഗങ്ങൾ പങ്കെടുത്ത മത്സരത്തിൽ ആൻ മരിയ വിൻസെന്റ് (ശിശുമല), മെറീന നെല്ലിയാട്ടുപറമ്പിൽ(കയ്യൂന്നി), ആഞ്ചലീന തട്ടാംപറമ്പിൽ (മണിമൂളി) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. പങ്കെടുത്തവർക്കും വിജയികളായവർക്കും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ശിശുദിനാശംസകൾ**

സംഘടനയിൽ പ്രവർത്തിക്കുന്ന എല്ലാ കുഞ്ഞുമിഷണറിമാർക്കും പ്രത്യേകിച്ച് തിരുബാലസഖ്യത്തിലുള്ള എല്ലാ കുരുന്നുകൾക്കും ശിശുദിനത്തിന്റെ ആശംസകൾ നേർന്നു.

**ശാഖാവാർത്തകൾ**

**മംഗളം**

ചെറുപുഷ്പ മിഷൻലീഗിന്റെ ഭാരവാഹിയും സജീവ പ്രവർത്തകനുമായിരുന്ന പാരയ്ക്കൽ ജോയ് സർ മിഷൻലീഗ് അംഗങ്ങളുമായി പഴയകാല ഓർമ്മകൾ പങ്കുവച്ചു. ഇടവകയിലെ 10 യൂണിറ്റുകളിലും ജപമാല നൽകി കൊണ്ട് ജപമാല രാജ്ഞിയുടെ പ്രയാണം നടത്തി. ദശലക്ഷം ജപമാല സമർപ്പണത്തോട് ചേർന്നുകൊണ്ട് ശാഖാ അംഗങ്ങൾ 1001 ജപമാല ചൊല്ലി കാഴ്ചവച്ചു. ഇടവകയിൽ സേവനം ചെയ്തിട്ടുള്ള വൈദീകർക്കും ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചിട്ടുള്ള സന്യസ്തർക്കും ആശംസകൾ നേർന്നു. അവരുടെ ഫോട്ടോകൾ അൾത്താരയോട് ചേർത്തുവച്ച് അവരെ സമർപ്പിച്ച് പ്രാർത്ഥിച്ചു. മിഷൻലീഗ് എന്താണെന്നും മിഷൻലീഗിന്റെ പ്രാധാന്യം എന്താണെന്നും വീഡിയോ പ്രസംഗം നടത്തി. സുവിശേഷത്തെ ആസ്പദമാക്കി 31 ദിവസം നീണ്ടു നിൽക്കുന്ന ഓൺലൈൻ ബൈബിൾ ക്വിസ് നടത്തി. ജപമാല റാലിയും വി. കുരിശിനെ അവഹേളിച്ചതിനെതിരെ പ്രതിഷേധ റാലിയും സംഘടിപ്പിച്ചു.

**വാളവയൽ**

മിഷൻ മാസത്തിൽ എല്ലാ ദിവസവും കുട്ടികൾ വചനങ്ങൾ എഴുതി പൊതു നിയോഗത്തിനായി പ്രാർത്ഥിച്ചു. സകല മരിച്ചവരുടെയും

ദിനത്തോടനുബന്ധിച്ച് പള്ളിപരിസരവും പൂന്തോട്ടവും വൃത്തിയാക്കി. സിമിത്തേരി സന്ദർശിച്ച് മരിച്ചുപോയ പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**അപ്പപ്പാറ**

ആത്മദൂത് 2020 എന്ന പേരിൽ മിഷൻ മാസാചരണം നടത്തി. വി. കൊച്ചുത്രേസ്യായുടെ രൂപപ്രയാണം നടത്തി. 1-31 വരെ വി. കൊച്ചു ത്രേസ്യായുടെ സൂക്തമാലിക ഇടവക ജനങ്ങൾക്കു നൽകി. കുരിശിനെ അവഹേളിച്ചതിനെതിരെ പ്രതിഷേധിച്ചു. മിഷൻ അനുഭവം വീഡിയോ പ്രദർശനം നടത്തി. ഓൺലൈൻ പഠനവീടുകൾക്ക് ആവശ്യമായ പഠ നോപകരണങ്ങൾ നൽകി.

**അരിഞ്ചേർമല**

മിഷൻ കിറ്റ് കൊടുത്തു. ജപമാല റാലി നടത്തി. പള്ളിയും പരി സരവും വൃത്തിയാക്കി. പൂന്തോട്ടം പിടിപ്പിച്ചു. ഒക്ടോബറിലെ 30 ദിവ സവും ഓൺലൈനായി മിഷൻ സന്ദേശം കൊടുത്തു.

**കല്ലോടി**

മിഷൻ മാസാരംഭത്തിൽ എല്ലാ ഭവനങ്ങളിലും പതാക ഉയർത്തി. മിഷൻലീഗ് അംഗങ്ങൾക്ക് തെങ്ങിൻതൈ, പച്ചക്കറി, ആട് എന്നിവ വിതരണം ചെയ്തു. 20 കുടുംബങ്ങൾക്ക് ബൈബിൾ നൽകി. 10 ദിവസം വചനോത്സവമായി ആഘോഷിച്ചു. ശാഖയുടെ പേരിൽ മിഷൻ കല ണ്ടർ അച്ചടിച്ചു നൽകി. ബിജ്നോർ ബിഷപ്പുമായി മിഷൻ അനുഭവ ങ്ങൾ പങ്കുവച്ചു. പ്രായം അനുസരിച്ച് 3 ഗ്രൂപ്പായി തിരിച്ച് കലാമത്സരം നടത്തി. 31 ദിവസം കുട്ടികൾ വചന പ്രസംഗം, വിശുദ്ധരെ പരിചയപ്പെ ടുത്തൽ, ഭക്തി ഗാനം എന്നിവ ഇടവക ഗ്രൂപ്പിൽ നടത്തി. ഭവന സന്ദർശനം, സെമിനാരി സന്ദർശനം, അഗതി മന്ദിര സന്ദർശനം, രോഗീസന്ദർശനം, കോളനി സന്ദർശനം തീർത്ഥാടനം, രോഗി സഹായം എന്നിവ നടത്തി.

**പയ്യംപള്ളി**

മിഷൻമാസ ഉദ്ഘാടനവും പതാക ഉയർത്തലും നടത്തി. സി. എം. എൽ. അംഗങ്ങൾ ജപമാല നിർമ്മിച്ചു. വീടുകളിൽ മാതാവിന്റെ രൂപം അലങ്കരിച്ച് ദിവസവും പ്രാർത്ഥനകൾ നടത്തി. കൊറോണ, ഫാ. സ്റ്റാൻ സ്വാമിയുടെ മോചനം, കുരിശിനെ അപമാനിച്ചതിനു പരിഹാരം എന്നീ നിയോഗങ്ങൾക്കായി 3 മണിക്കൂർ ആരാധന നടത്തി. ബൈബിൾ പ്രതിഷ്ഠ നടത്തി. മതാധ്യാപകദിനം വളരെ കാര്യക്ഷമമായി ആഘോഷിച്ചു.

**ചെറുകാട്ടൂർ**

ക്രിസ്തുവിനുവേണ്ടി വീരചരമം പ്രാപിച്ച വിശുദ്ധാത്മാക്കളുടെയും രക്തസാക്ഷികളുടെയും ജീവചരിത്രം പഠിച്ച് പ്രസംഗം അവതരിപ്പിച്ചു. ദൈവവചന പഠനത്തിലും നിയോഗം വച്ചുള്ള പ്രാർത്ഥനയിലും കുട്ടികൾ പങ്കുചേർന്നു. മിഷൻ ഫ്ളാഗ് ചലഞ്ചിൽ പങ്കെടുത്തു. യൂറ്റ്യൂബ് വഴി മിഷൻ സന്ദേശം നൽകി. കലാസാഹിത്യ മത്സരങ്ങൾ ഓൺലൈനിൽ ചെയ്തു. മിഷൻ ഞായർ ദിനത്തിൽ ഒരു കുടുംബത്തിന് ഭക്ഷണ കിറ്റ് നൽകി. ഫാ. സ്റ്റാൻ സ്വാമിയെ അറസ്റ്റു ചെയ്തതിൽ കണ്ണുകെട്ടി പ്രതിഷേധിച്ചു. 'ബലിപീഠത്തിനരികിൽ' വെബിനാറിൽ 40 ഓളം കുട്ടികൾ പങ്കെടുത്തു. കിഡ്നിരോഗിയായ ഒരാൾക്ക് ബിപി അപ്പാരറ്റസ് നൽകി. ദത്തു കുടുംബത്തിന് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ 30 ചാക്ക് സിമന്റ് നൽകി. കുരിശിന്റെ അവഹേളനത്തിനെതിരെ പ്രതിഷേധിച്ചു. അഖണ്ഡ ജപമാലയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**ബത്തേരി**

കുട്ടികൾ ഭവനങ്ങളിൽ പതാക നിർമ്മിച്ച് ഉയർത്തികൊണ്ട് മിഷൻമാസത്തിന് ആരംഭം കുറിച്ചു. ശുചീകരണപ്രവർത്തികൾ ചെയ്തു. സ്ഥാപനദിനസന്ദേശം നൽകി. 4-ാം തീയ്യതി അൽവേർണ ആശ്രമത്തിലെ വൈദീകർക്ക് ആശംസകൾ നേർന്നു. കുടുംബ വിശുദ്ധീകരണ പ്രാർത്ഥന ചൊല്ലി കുടുംബങ്ങൾക്കായി പ്രാർത്ഥിച്ചു. കൊറോണ ബാധിതർക്കും ആരോഗ്യ പ്രവർത്തകർക്കുമായി പ്രത്യേക പ്രാർത്ഥന നടത്തി. ജോ. ഡയറക്ടർ സി. ഫിൽസി കൊറോണ രോഗികളെ ശുശ്രൂഷിക്കാനായി പോയി. മാതൃദിനത്തിൽ കുട്ടികൾ അമ്മമാരെ സഹായിക്കുന്നതിന്റെയും അറിവു ദിനത്തിൽ വായിച്ച പുസ്തകത്തിന്റെയും ഫോട്ടോസ് അപ് ലോഡ് ചെയ്തു. മിഷൻ ഞായർ ദിനത്തിൽ സംഘടനയുമായി ബന്ധപ്പെട്ട വിവിധ മത്സരങ്ങൾ നടത്തി. മിഷൻ ക്ളാസ്, മിഷൻ ഫാമിലി എന്നിവ തിരഞ്ഞെടുത്തു. വെബിനാറിലൂടെ ഫാ. വർഗ്ഗീസ് ചക്കാല എസ്.ഡി.ബി. മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. മിഷൻ ടെലിക്വിസ് നടത്തി. മിഷൻമാസ സമാപനത്തിൽ ഒരു സാധു കുടുംബത്തിന് ചികിൽസാ സഹായം നൽകി. മതാദ്ധ്യാപകരെ ആദരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്കായി ക്രിസ്ത്യൻ ആംഗ്യപ്പാട്ട് മത്സരം നടത്തി.

**ചാരിറ്റി**

1-31 വരെ ഓരോ വിശുദ്ധരെ പരിചയപ്പെടുത്തി. വീടുകളിൽ മാതാ

വിനെ  അലങ്കരിച്ച് പ്രാർത്ഥന നടത്തി. ഫാ. സ്റ്റാൻ സ്വാമിക്കുവേണ്ടി പ്ലക്കാർഡ് ഏന്തി പ്രതിഷേധിച്ചു. കുരിശിനെ അവഹേളിച്ചതിനെതിരെ കുരിശുവരച്ചു പ്രതിഷേധിച്ചു, രോഗീ സന്ദർശനം, ദത്തുകുടുംബത്തെ സഹായിക്കൽ, ധനസഹായം, ആദ്യകാല പ്രവർത്തകരെ ആദരിക്കൽ എന്നിവ ചെയ്തു. സിമിത്തേരി വൃത്തിയാക്കി.

**റൂബിനഗർ**

വീടുകളിൽ അഖണ്ഡ ജപമാല പ്രത്യേക നിയോഗാർത്ഥം നടത്തി. മിഷൻ ഞായറിന് വീടുകളിൽ 10 പേരടങ്ങുന്ന റാലി ആഘോഷമായി നടത്തി. സ്റ്റാൻ സ്വാമിയെ അറസ്റ്റുചെയ്തതിലും കുരിശിനെ അവഹേളിച്ചതിലും പ്രതിഷേധിച്ചു. ഇടവകയിലെ ഓരോ വാർഡിലും ഒരു ഗ്രോട്ടോ വീതം നിർമ്മിച്ച് അമ്മയോട് പ്രാർത്ഥിച്ചു.

**സീതാമൗണ്ട്**

ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ച് വിവിധ പ്രേഷിത മേഖലകളിലായിരിക്കുന്ന വൈദീകരും സന്യസ്തരുമായ മുൻകാല മിഷൻലീഗ് അംഗങ്ങളെ വിളിച്ച് ക്ഷേമാന്വേഷണം നടത്തുകയും പ്രാർത്ഥനകൾ നേരുകയും ചെയ്തു. നവംബർ ആദ്യവെള്ളിയാഴ്ച രാവിലെ മുതൽ വൈകുന്നേരം വരെ വചനവായന നടത്തി. മതാദ്ധ്യാപക ദിനം സമുചിതമായി ആഘോഷിച്ചു.

**മുണ്ടേരി**

'നമ്മുടെ സംഘടനയുടെ ദൗത്യം' എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി. വിശുദ്ധരുടെ പുസ്തകങ്ങൾ വായിച്ച് കുറിപ്പ് എഴുതി. കൈയ്യെഴുത്തുമാസിക തയ്യാറാക്കി. ബൈബിളിലെ പുസ്തകങ്ങളുടെ പേരുകൾ ഇഷ്ടമുള്ള ട്യൂൺ കൊടുത്ത് വീഡിയോ ഉണ്ടാക്കി. 25-31 വരെ ജപമാല വാരമായി ശാഖ ആചരിച്ചു.

**നെയ്ക്കുപ്പ**

'വി. കൊച്ചുത്രേസ്യായും മിഷൻലീഗും' എന്ന വിഷയത്തെ ആസ്പദമാക്കി വീഡിയോ പ്രസംഗ മത്സരം നടത്തി. കുരിശിനെ അപമാനിച്ചതിനെതിരെ പ്രതികരിച്ചുകൊണ്ട് വിവിധ കുരിശടികളിൽ കുരിശ് വണങ്ങിയും കുരിശ് ചുംബിച്ചും പ്രതിഷേധം അറിയിച്ചു. സ്റ്റാൻ സ്വാമിയുടെ മോചനത്തിനായി വി. കുരിശിൻ ചുവട്ടിൽ തിരിതെളിച്ച് കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. മതാധ്യാപക ദിനത്തിൽ അദ്ധ്യാപകരെ ആദരിച്ചു. ശിശുദിനത്തിൽ 4-ാം ക്ളാസ് വരെയുള്ള കുട്ടികളുടെ ഫോട്ടോ ശേഖരിച്ച് വീഡിയോയും പോസ്റ്ററും ഉണ്ടാക്കി അവർക്കയച്ചു കൊടുത്തു. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അവരെ ആദരിക്കുകയും ചെയ്തു. സകല മരിച്ചവരുടെയും ദിനത്തിൽ

സിമിത്തേരി സന്ദർശനം നടത്തി.

**കളത്തുവയൽ**

31 ദിവസം നീണ്ടുനിന്ന റോസറി വാർ ഗ്രോട്ടോയിൽ നടത്തി. അംഗങ്ങൾ 2760 ജപമാലകൾ പ്രാർത്ഥിച്ചു. എല്ലാ ദിവസവും വചനങ്ങൾ ഓൺലൈൻ ആയി കുട്ടികൾക്കു നൽകി. വി. കൊച്ചുത്രേസ്യായെ കുറിച്ചുള്ള പ്രസംഗ മത്സരം നടത്തി. ഓൺലൈൻ ബർത്ത്ഡേ ക്ളബ് രൂപീകരിച്ച് ബർത്ത്ഡേ ആശംസകൾ നേർന്നു. ഫാ.സ്റ്റാൻ സ്വാമിയെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിച്ചു. കുരിശിനെ അപമാനിച്ചവരുടെ മാനസാന്തരത്തിനായി കുരിശടിയിൽ കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ അവരെ അനുസ്മരിച്ച് വീഡിയോ നിർമ്മിച്ചു. മതാദ്ധ്യാപക ദിനത്തിൽ മതാദ്ധ്യാപകരെ ആദരിച്ചു. ശിശുദിനത്തിൽ തിരുബാലസഖ്യത്തിലെ കുട്ടികൾക്ക് ആശംസകൾ നേർന്നു. വ്യദ്ധസദനത്തിലെ അന്തേവാസികൾക്കായി ഇടവകയിൽ നിന്നും വസ്ത്ര ശേഖരണം നടത്തി.

**ചുണ്ടക്കര**

പള്ളിയിലും ഭവനങ്ങളിലും പതാക ഉയർത്തി. വിവിധ മത്സരങ്ങൾ നടത്തി. ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ അഖണ്ഡ ജപമാല നടത്തി. കൽപറ്റ ഗവ. ആശുപത്രിയിൽ ഉച്ചഭക്ഷണം ഉണ്ടാക്കി കൊടുത്തു. ഓൺലൈൻ സെമിനാർ നടത്തി. പള്ളിയിൽ വച്ച് വചന പാരായണം നടത്തി. പാവപ്പെട്ട കുടുംബങ്ങളിൽ ഭക്ഷണകിറ്റ് വിതരണം ചെയ്തു. സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിക്കുകയും വൃത്തിയാക്കുകയും ചെയ്തു.

**കയ്യൂന്നി**

ഭവനങ്ങളിൽ പതാക നിർമ്മിച്ച് സ്ഥാപിച്ചു. വെയ്റ്റിംഗ് ഷെഡും പരിസരവും വൃത്തിയാക്കി. സ്ഥാപകാംഗങ്ങൾക്കായി വി. ബലിയും ഒപ്പീസും നടത്തി. ഭവനങ്ങളിൽ വചന കൂടാരം നിർമ്മിച്ചു. കാരുണ്യ കിറ്റ് വിതരണം ചെയ്തു. ഫാ. സ്റ്റാൻ സ്വാമിക്കുവേണ്ടി കണ്ണുകെട്ടി പ്രതിഷേധം പ്രകടിപ്പിച്ചു. ഫിയാത്തു മിഷനുവേണ്ടി ബുക്കുകൾ ശേഖരിച്ചു. നല്ല കർഷകരെ തിരഞ്ഞെടുത്തു. തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി വചനവാക്യ മത്സരം നടത്തി. ടെലി ക്വിസ് നടത്തി. ഫിനിക്സ് (അതിജീവനത്തിന്റെ കഥ)പോസ്റ്റർ നിർമ്മിച്ചു. സിമിത്തേരി വൃത്തിയാക്കി. നല്ല വിളവുകൾ ശേഖരിച്ചു.

**തൃശ്ശിലേരി**

എല്ലാ ദിവസവും വചനം എഴുതി ബോക്സിൽ നിക്ഷേപിച്ച് ഭാഗ്യശാലിയെ കണ്ടെത്തി. മിഷൻ ഡയറി എഴുതി. ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ റാലി നടത്തി, പോസ്റ്റർ നിർമ്മിച്ചു, ഒപ്പു ശേഖരണം

നടത്തി. കൊറോണയ്ക്കെതിരെ കുടുംബങ്ങളിൽ വചനപാരായണം നടത്തി. മിഷൻലീഗ് ദൗത്യവും പ്രസക്തിയും എന്ന വിഷയത്തെ ആസ്പദമാക്കി രൂപത ഡയറക്ടറുമായി സൂം മീറ്റിംഗ് നടത്തി. സംഘടനയെ അറിയാൻ ടെലി ക്വിസ് നടത്തി. ദൈവവിളിയുമായി ബന്ധപ്പെട്ട് 5 ദിവസത്തെ പരമ്പര നടത്തി. വചനം പറയൽ, വചനദൃശ്യാവതരണം എന്നീ മത്സരങ്ങൾ നടത്തി. 2 ഭവനങ്ങൾക്ക് ഭക്ഷണ കിറ്റ് നൽകി. കുട്ടികൾക്ക് പഠന സഹായം നൽകി. സി.എം.എൽ. അനുദിന പ്രാർത്ഥന ഭവനങ്ങളിൽ നടത്തി. അദ്ധ്യാപക ദിനത്തിൽ അദ്ധ്യാപകരെ ഫോൺ വിളിച്ച് ആശംസകൾ അറിയിച്ചു.

**മണിമൂളി**

ഒക്ടോബർ മാസം മുഴുവൻ പ്രത്യേക നിയോഗത്തിനായി 10 നന്മ നിറഞ്ഞമറിയം ചൊല്ലി പ്രാർത്ഥിച്ചു. മിഷനറിമാർക്കും, ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചിട്ടുള്ള എല്ലാവർക്കും, ഇടവകയിൽ സേവനം ചെയ്തിട്ടുള്ള വൈദീകർക്കും വേണ്ടി ബലിയർപ്പിച്ചും ജപമാല ചൊല്ലിയും പ്രാർത്ഥിച്ചു. കുട്ടികളുടെ കലാസാംസ്കാരിക പരിപാടികൾ മിഷൻ ഞായർ ദിനത്തിൽ നടത്തി. ഫാ. സ്റ്റാൻ സ്വാമിയുടെ അറസ്റ്റിനെതിരെയും വി. കുരിശിന്റെ അവഹേളനത്തിനെതിരെയും പ്രതിഷേധിച്ചു. വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനത്തിൽ പ്രസംഗ മത്സരം നടത്തി. ബൈബിളിൽ നിന്നും മിഷൻ വചനങ്ങൾ പരിചയപ്പെടുത്തി വചന മത്സരം നടത്തി. ബൈബിൾ കൈയ്യെഴുത്തുപ്രതി അമ്മമാരോടു ചേർന്ന് തയ്യാറാക്കി. സംഘടനാംഗങ്ങളെ ഉൾകൊള്ളിച്ചുകൊണ്ട് മിഷൻ ലീഗിനെ പരിചയപ്പെടുത്തുന്ന വീഡിയോ പ്രോഗ്രാം ചെയ്തു.

**മേഖല വാർത്തകൾ**

**ബത്തേരി മേഖല**

മാറുന്ന കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് 150 ഓളം അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പുതുമയുള്ള മത്സരങ്ങളുമായി ഓൺലൈൻ മിഷൻ കലോത്സവം നടത്തി. ഇന്നലകളിൽ സംഘടനയുടെ നേതൃത്വനിരയിലൂടെ കടന്നുപോയവരുടെ മിഷനനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് പ്രേഷിത പരിശീലന കളരി എന്ന പ്രോഗ്രാം ഒക്ടോബർ 22-30 വരെ നടത്തി .

**മണിമൂളി മേഖല**

**മിഷൻമാസ ഉദ്ഘാടനം**

ദത്തു കുടുംബത്തിന് പഠന സഹായം നൽകികൊണ്ട് മിഷൻമാസ ഉദ്ഘാടനം നടത്തി. ദശദിന ജപമാല യജ്ഞം കോവിഡിന്റെ കാഠിന്യം കുറയുന്നതിനായി ശാഖകളുടെ നേതൃത്വത്തിൽ നടത്തി. മിഷൻ മാസം മുഴുവനും ചെറുപുഷ്പ സൂക്തങ്ങൾ എഴുതി പോസ്റ്റു

ചെയ്തു. ബാഡ്ജ് ചലഞ്ചിൽ 40 ഓളം പേർ പങ്കെടുത്തതിൽ അനയ്ഡ മാന്നാടൻ (പാലേമാട്), ടാനി കാച്ചാംകോടത്ത് (മണിമൂളി), ഗ്ളാഡ്‌വിയ പ്ളാത്തോട്ടം (മണിമൂളി) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായി. മിഷൻ പോസ്റ്ററിൽ നൽകിയ ചോദ്യങ്ങളിൽ നിന്നായി മിഷൻ ഞായറാഴ്ച മിഷൻ ടെലി ക്വിസ് നടത്തി. മേഖലയിലെ മുഴുവൻ ശാഖകളെയും ഉൾപ്പെടുത്തി മിഷൻ ആന്തം ആലപിക്കുന്നതിന്റെ വീഡിയോ റിലീസ് ഒക്ടോബർ 31 ന് സി.എം.എൽ. മണിമൂളി മേഖല എന്ന ഇൻസ്റ്റഗ്രാം പേജിൽ നടത്തി.

കർമ്മവീഥികളിൽ നൻമയുടെയും കാരുണ്യത്തിന്റെയും ചിന്തകൾ നിറച്ച്, മിഷൻ മുദ്രാവാക്യങ്ങൾ ജീവിത ബന്ധിയാക്കി യഥാർത്ഥ ക്രിസ്തു സാക്ഷികളായി നമുക്ക് മുന്നേറാം.

**ടോം ജോസ് പൂവക്കുന്നേൽ**
സി.എം.എൽ. രൂപത സെക്രട്ടറി

# Department of Youth Ministry

**ദിവ്യകാരുണ്യ നാഥനോടൊപ്പം**

യൂത്ത്മിനിസ്ട്രി ലീഡേഴ്സിന്റെ നേതൃത്വത്തിൽ ജപമാല മാസാചരണത്തിന്റെ ഭാഗമായി ഓൺലൈൻ ആരാധന നടത്തി. 2020 ഒക്ടോബർ 29 ന് 3 മണി മുതൽ 4 മണിവരെ നടത്തിയ ആരാധനയിൽ 25 യുവജനങ്ങൾ പങ്ക് ചേർന്നു. പരിശുദ്ധ അമ്മയോടുള്ള സ്നേഹത്തിൽ വളരാനും ആ സ്നേഹം പ്രകടിപ്പിക്കാനുമുള്ള നല്ലൊരവസരമായിരുന്നു. ഫാ. ലാൽ ജേക്കബ് പൈനുങ്കലിനോടൊപ്പം അതുല്ല്യ സെബാസ്റ്റ്യൻ, ജോനാഥൻ എന്നിവർ ആരാധനയ്ക്ക് നേതൃത്വം നല്കി.

**റോസറി ഭവനം**

യൂത്ത് മിനിസ്ട്രി കുടുംബം മുഴുവൻ ഒന്നുചേർന്ന് 10 ദിവസത്തെ ആഘോഷപൂർവ്വകമായ ജപമാല നമസ്കാരം 2020 ഒക്ടോബർ 22 മുതൽ 31 വരെ വീടുകളിൽ നടത്തി. വീടുകളിൽ മാതാവിന്റെ ഗ്രോട്ടോ നിർമ്മിക്കുകയും അതിനു മുൻപിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും അത് ഉൾക്കൊള്ളുന്ന ഫോട്ടോ അടങ്ങിയ പോസ്റ്ററുകൾ നിർമ്മിച്ച് സാമൂഹ്യമാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കൂടാതെ 2020 ഒക്ടോബർ 31-ന് എല്ലാ വീടുകളിലും മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ജപമാല പ്രദക്ഷിണം നടത്തി. ഇതിന്റെ വീഡിയോ എടുത്ത് ഫെയ്സ് ബുക്കിൽ അപ്ലോഡ് ചെയ്യുക വഴി ജപമാലയുടെ ശക്തി അനേകരെ അറിയിക്കുവാനും സാധിച്ചു. 89 കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു.

**ഹൈക്കു കവിതാരചന**

ജപമാല മാസാചരണത്തിന്റെ ഭാഗമായി ലൈഫ് 2017 ബാച്ചിന്റെ നേതൃത്വത്തിൽ ഹൈക്കു കവിതാരചന മത്സരം നടത്തുകയുണ്ടായി. 80 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. മത്സര വിജയികൾ

**ജൂനിയർ വിഭാഗത്തിൽ**

1. Christy Abhy David
11.Sandra Prakash
111.Maria Tom & Angela

**സീനിയർ വിഭാഗത്തിൽ**

1. Irin Mary Saji
11. Ann Maria Shibu
111. Alan George

ഇതിന് നേതൃത്വം നൽകിയ ലെന, റിച്ചാർഡ് എന്നിവർക്ക് അഭി നന്ദനങ്ങൾ.

**ജപമാല സമാപനം**

2020 ഒക്ടോബർ 31 ശനിയാഴ്ച വൈകുരേം 7.30 ന് ഗൂഗിൾ മീറ്റ് വഴി ജപമാല സമാപന ആരാധന നടത്തി. യൂത്ത് മിനിസ്ട്രി കുടുംബം മുഴുവൻ ഇതിൽ പങ്കുചേർന്നു. ബഹുമാനപ്പെട്ട ഫാ. ലാൽ ജേക്കബ് പൈനുങ്കൽ വി. കുർബ്ബാന എഴുന്നള്ളിച്ച് വച്ച് ഈ ആരാ ധനാ ആരംഭിച്ചു. യൂത്ത് മിനിസ്ട്രി ലീഡേഴ്സിന്റെ പ്രതിനിധികളായി എമിൽ, അതുല്യ എന്നിവർ പാട്ടുപാടി സമർപ്പണ പ്രാർത്ഥന നടത്തി. യുവജനങ്ങളുടെ പ്രതിനിധിയായി ലിജിന, ജോമോൾ എന്നിവർ മാതാ വിന്റെ കീർത്തനം ആലപിക്കുകയും ഷാർലെറ്റ് സമർപ്പണ പ്രാർത്ഥന നടത്തുകയും ചെയ്തു. ജീസസ് ബാന്റിന്റെ പ്രതിനിധിയായി അലീന, സോന എന്നിവരും ജീസസ് പ്രൊഫഷണലിന്റെ പ്രതിനിധിയായി ആന്റണിയും, ആൻ റോസ് ബെന്നിയും പങ്കുചേർന്നു. തുടർന്ന് യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ എല്ലാവരെയും മാതാവിന്റെ വിമലഹൃദയത്തിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് വിശുദ്ധ കുർബാനയുടെ ആശീർവാദം നല്കി. ഇങ്ങനെ ജപമാലയുടെ സമാപനം നടത്തി.

**വി. ലൂക്കാ സുവിശേഷകൻ**

2020 ഒക്ടോബർ 18 ന് സുവിശേഷകനായ വി. ലൂക്കായുടെ തിരുനാൾ ആഘോഷിച്ചു. ജീവചരിത്രം ഉൾക്കൊള്ളുന്ന ഒരു ഡോക്യു മെന്ററിയും, അദ്ദേഹത്തിന്റെ വചനങ്ങൾ ഉൾക്കൊള്ളുന്ന പ്ലാക്കാഡുക ളുടെ വീഡിയോയും, മേധയുടെ നേതൃത്വത്തിൽ ജീവസുറ്റ പ്രസംഗവും നടത്തി. ഐറിൻ, മേധ, റിച്ചാർഡ്, സാന്ദ്ര, ഡാനിയേൽ എന്നിവർ നേതൃത്വം നൽകി. 60 ലൈഫ് വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു.

**മിഷൻ ഞായർ**

ആഗോളസഭ മിഷൻ ഞായർ ആയി ആഘോഷിക്കുന്ന 2020 ഒക്ടോബർ 18 ന് മിഷൻ ചൈതന്യത്തെ കുറിച്ച് ജെറി ബാബു അർത്ഥ വത്തായ ഒരു പ്രഭാഷണം തയ്യാറാക്കി ഫെയ്സ് ബുക്കിൽ അപ്ലോഡ് ചെയ്തു.

**വിശുദ്ധരിലൂടെ**

ലൈഫ് ട്രെയിനിങ്ങ് 2017 ബാച്ചുകാരുടെ നേതൃത്വത്തിൽ ആഴ്ച

യിൽ ഒരു വിശുദ്ധനെ വീതം ഡോക്യുമെന്ററിയിലൂടെ പരിചയപ്പെടുത്തുന്നു. ആൻസ കല്പറ്റ, ജുവൽ ചോക്കാട് , ജെറി എന്നിവർ ഇതിനു നേതൃത്വം നല്കുന്നു.

2020 ഒക്ടോബർ 22 ന് വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ തിരുനാൾ ദിനവും സീറോ മലബാർ യൂവജനദിനവും സമുചിതമായി യൂത്ത് മിനിസ്ട്രി ആഘോഷിച്ചു. 2019 ബാച്ചുകാർ 2 വീഡിയോ തയ്യാറാക്കി. പീറ്റർ, ഹെലേന, ഡാനിയേൽ എന്നിവർ ഇതിൽ പങ്കുചേർന്നു. 2016 ബാച്ചുകാർ യുവജന ആശംസാ വീഡിയോയും, വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ ഒരു ചരിത്ര വീഡിയോയും തയ്യാറാക്കി. ആൽഫ്രെഡ്, എമിൽ, ആഷ്ളിൻ, ജോയേൽ, അപർണ്ണ, ഐറിൻ, ജോൺ സോനു, അനോവ എന്നിവർ പങ്കുചേർന്നു.

യൂത്ത് മിനിസ്ട്രി ലീഡേഴ്സായ യുവജനങ്ങളുടെ നേതൃത്വത്തിൽ നൃത്തവീഡിയോ തയ്യാറാക്കി യുവജനങ്ങൾക്ക് ആശംസകൾ അറിയിച്ചു. ഇതിന് നേതൃത്വം നൽകിയ അതുല്യ, ലിറ്റി, എന്നിവർക്കും ലീഡർ ജോനാഥനും അഭിനന്ദനങ്ങൾ.

**നവംബർ ചലഞ്ച്**

മരിച്ചവരെ പ്രത്യേകവിധം അനുസ്മരിക്കുന്ന നവംബർ മാസം മരണകച്ച വീടുകളിൽ നിർമ്മിച്ച് വീടുകളിൽ നിന്ന് മരിച്ചുപോയ പൂർവ്വികരുടെ പേരുകൾ അതിൽ എഴുതി വച്ച് പ്രാർത്ഥിക്കുന്ന ഒരു നല്ല പാരമ്പര്യം ലൈഫ് കുടുംബങ്ങളിൽ ആരംഭിച്ചു. 80 കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു. വളരെ പേർക്ക് ഇത് പ്രചോദനമായി.

**YOUR NEIGHBOUR ASSOCIATION**

**കുക്കറി ഷോ**

വേൾഡ് ഷെഫ് ഡേയുടെ ഭാഗമായി 2020 ഒക്ടോബർ 20 ന് 2019 ലൈഫ് ബാച്ചിന്റെ നേതൃത്വത്തിൽ കുക്കറി ഷോ സംഘടിപ്പിച്ചു. 3 മിനിറ്റ് നീളുന്ന കുക്കറി ഷോ വീഡിയോ മത്സരത്തിൽ 13 വിദ്യാർത്ഥികൾ പങ്കുചേർന്നു. ഈ പരിപാടിക്ക് നേതൃത്വം നല്കിയ സാന്ദ്രാ, ഡയൻ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**പോസ്റ്റർ നിർമ്മാണം**

2020 ഒക്ടോബർ 19 ന് വേൾഡ് പീഡിയാട്രിക്ക് ബോൺ ആന്റ് ജോയിന്റ് ഡേയുടെ ഭാഗമായി യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി മീഡിയാ പോസ്റ്ററുകൾ നിർമ്മിച്ചു. 19 പേർ ഇതിൽ പങ്കുചേർന്നു. ഇതിന്റെ വീഡിയോ ഫെയ്സ്ബുക്കിൽ അപ്‌ലോഡ് ചെയ്തു. സാന്ദ്രാ, ഡയൻ, അൽബീന, ഡാനിയേൽ എന്നിവരാണ് നേതൃത്വം നല്കിയത്.

**കവചം തീർക്കുന്നവർ**

സമൂഹത്തിന്റെ ഐക്യത്തെയും സമാധാനത്തെയും കാത്തു സൂക്ഷിക്കുകയും കൊറോണാ ദുരിതത്തിൽ കവചം തീർക്കുകയും ചെയ്തവരാണ് നിയമപാലകർ. 2020 ഒക്ടോബർ 21 ന് ദേശീയ പോലീസ് ദിനം ആചരിക്കുമ്പോൾ പകരം വയ്ക്കാനാകാത്ത സേവനങ്ങൾക്ക് നന്ദിയും ആദരവും നല്കികൊണ്ട് യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ ആശംസാ കാർഡുകളും 3 വീഡിയോകളും തയ്യാറാക്കി. ഇതിനോടൊപ്പം IPS സ്വപ്നം കാണുന്ന ലൈഫ് വിദ്യാർത്ഥികൾ അവരുടെ സ്നേഹവും ആദരവും പങ്കുവെച്ചു. ആൽഫ്രഡ് ജോസ്, എമിൽ മരിയ, അനോവ ജേക്കബ്, മേധ, ജോസ്ന, സാന്ദ്രാ, ഹെലേന, ക്രിസ്റ്റി, ആഷ്ലി, ഏയ്ഞ്ചലീന ഡിനോജ്, ആൻമരിയ ഷിബു, ലെന, റിച്ചാർഡ് എന്നിവരാണ് നേതൃത്വം നല്കിയത്. അഭിനന്ദനങ്ങൾ.

**സുന്ദര കേരളം**

യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ നവംബർ ഒന്നാം തിയതി കേരളപ്പിറവി സമുചിതമായി കൊണ്ടാടി. 19 വീഡിയോകളും 35 പോസ്റ്ററുകളും വിദ്യാർത്ഥികൾ നിർമ്മിച്ചു. കേരളത്തെ കുറിച്ച് 19 വിഷയങ്ങളിൽ പ്രസംഗങ്ങൾ തയ്യാറാക്കുകയും അതിനെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുകയും ചെയ്തു. പങ്കുചേർന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

**കുരുന്നുകൾ**

2020 നവംബർ 14 ശിശുദിനത്തോടനുബന്ധിച്ച് യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തി. മഹത് വചനങ്ങൾ നിറഞ്ഞ 3 വീഡിയോകളും ഒരു ഡോക്യുമെന്ററിയും തയ്യാറാക്കി. അന്നേദിനം ഉച്ചയ്ക്ക് 1 മണിക്ക് സൂം പ്ലാറ്റ്ഫോമിൽ ശിശുദിനാഘോഷം നടത്തി. 2019 ബാച്ചിന്റെ നേതൃത്വത്തിൽ നടന്ന ആഘോഷത്തിൽ വിദ്യാർത്ഥികൾ പരിപാടികൾ അവതരിപ്പിക്കുകയും ശിശുദിന ക്വിസ് നടത്തുകയും ചെയ്തു. കൂടാതെ വെയ്സ്റ്റ് സാധനങ്ങൾ കൊണ്ട് വസ്തുക്കൾ നിർമ്മിച്ച് പ്രദർശിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**കുരിശിന്റെ തണലിൽ**

സാമൂഹ്യ മാധ്യമങ്ങളിലും മറ്റുമായി വർദ്ധിച്ചു വരുന്ന ക്രൈസ്തവ അവഹേളനങ്ങളുടെ പശ്ചാത്തലത്തിൽ സകല വിശുദ്ധരുടെയും തിരുനാൾ ദിനവും കേരളപ്പിറവിദിനവുമായ നവംബർ 1 ന് കുരിശിന്റെ തണലിൽ എന്ന പേരിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രാർത്ഥനാദിനമായി ആചരിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ എല്ലാ യൂണിറ്റുകളിലും യുവജനങ്ങൾ കുരിശടികളിൽ തിരിതെളിച്ച് പ്രാർത്ഥിച്ചു. പ്രാർത്ഥനാദിനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കുറുമ്പാലക്കോട്ട കുരിശടിയിൽ വിളമ്പുകണ്ടം ഇടവക വികാരി റവ. ഫാ. സജി നെടുംങ്കല്ലേൽ നിർവ്വഹിച്ചു. ക്രൈസ്തവർ രക്ഷയുടെ അടയാളമായി കാണുന്ന വിശുദ്ധ കുരിശിനെ അവഹേളിക്കുന്ന സാമൂഹ്യവിരുദ്ധരുടെ ചെയ്തികൾക്കെതിരെ ഒരു പ്രതിഷേധ സ്വരമായിട്ടാണ് ഈ പ്രാർത്ഥനാദിനാചരണം. ഭരണഘടന ഉറപ്പ് നൽകുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടാൻ സർക്കാർ ജാഗ്രത പുലർത്തണമെന്ന് കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര ആവശ്യപ്പെട്ടു. കെ.സി.വൈ.എം. രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറയ്ക്കതോട്ടത്തിൽ, ആനിമേറ്റർ സി. സാലി, റ്റെസിൻ വയലിൽ, റോസ്മേരി തേറുകാട്ടിൽ, ജിയോ മച്ചുകുഴിയിൽ, മേബിൾ പുള്ളോലിക്കൽ, ടിബിൻ പാറക്കൽ, ഡെറിൻ കൊട്ടാരത്തിൽ എന്നിവർ നേതൃത്വം നൽകി.

**പെൺകുരുന്ന് പൊൻകുരുന്ന്**

സ്ത്രീത്വം കീറിമുറിക്കപ്പെടേണ്ടതല്ല അപമാനിക്കപ്പെടേണ്ടതല്ല. ഓരോ സ്ത്രീയും അമ്മയാണ് സഹോദരിയാണ്. ഇന്നിന്റെ വെല്ലു വിളികളും നാളെയുടെ വാഗ്ദാനങ്ങളും ആകേണ്ട നാം പരസ്പരം ബഹുമാനിച്ചും ആദരിച്ചും സമൂഹത്തിന്റെ ഉന്നതി ലക്ഷ്യമാക്കി പ്രവർത്തിക്കണം എന്ന ലക്ഷ്യത്തിലൂന്നി അന്താരാഷ്ട്ര ബാലികാ ദിനമായ ഒക്ടോബർ 11 ന് കെ.സി.വൈ.എം. സംസ്ഥാന സമിതി ആരംഭിച്ചിരിക്കുന്ന WWW (We are with Women) ക്യാമ്പയ്ന്റെ ഭാഗമായി കെ.സി.വൈ.എം. മാനന്തവാടി രൂപത കോഫി ടീം 'പെൺകുരുന്ന് പൊൻകുരുന്ന്' എന്ന ഒരു വെബിനാർ സംഘടിപ്പിച്ചു. ഈ ദിനാചര ണത്തിന് കരുത്തും ഊർജ്ജവും പകരാനായി കടുന്നുവന്നത്

മാനന്തവാടി രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം, ആലത്തൂർ MP, Ms. രമ്യ ഹരിദാസ്, കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്ററിലെ സൈക്കാട്രിക് സോഷ്യൽ വർക്കർ, Dr. ശ്രീപ്രിയ CK, കെ.സി. വൈ.എം.സംസ്ഥാന സമിതി ആനിമേറ്റർ സി. റോസ് മെറിൻ എന്നിവരാണ്.

**പത്രപ്രസ്താവന നൽകി**

പ്രമുഖ രാഷ്ട്രീയ പാർട്ടിയെന്നും മതേതര പാർട്ടിയെന്നും അവകാശപ്പെടുമ്പോഴും ചില കാര്യങ്ങളിൽ ഇരട്ടത്താപ്പ് കാണിക്കുന്ന നയത്തിൽ നിന്ന് മുസ്ലീംലീഗ് പിൻമാറണമെന്ന് കെ.സി.വൈ.എം. മാനന്തവാടി രൂപത അടിയന്തിര സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. മുന്നോക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകുന്നത് എതിർക്കുകയും അതേസമയം ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങളുടെ 80 ശതമാനവും ഒരു സമുദായം മാത്രം സ്വന്തമാക്കുന്നതിനെക്കുറിച്ച് നിശബ്ദത പാലിക്കുകയും ചെയ്യുന്ന വിരുദ്ധനിലപാട് ചോദ്യം ചെയ്യപ്പെടേണ്ടതാണെന്ന് കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര അഭിപ്രായപ്പെട്ടു. ഭാരതത്തിന്റെ ജനാധിപത്യ-മതേതര സ്വഭാവത്തിന് ഭൂഷണമല്ലാത്ത ഇത്തരം നിലപാടുകൾ ഒഴിവാക്കുകയും ന്യൂനപക്ഷങ്ങൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ അവർക്ക് സംലഭ്യമാക്കുകയും ചെയ്യണം. ന്യൂനപക്ഷത്തിൽ ഭൂരിപക്ഷം നിൽക്കുന്നവർ മറ്റുള്ളവർക്കും കൂടി അവകാശപ്പെട്ട ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതും അവരെ ചൂഷണം ചെയ്യുന്നതും ഇനിയും അംഗീകരിക്കാൻ ആവില്ല. സാമ്പത്തിക സംവരണ വിഭാഗത്തിൽ മുസ്ലിംലീഗിന്റെ നിലപാടിനോടും മതസ്പർധ ഉണ്ടാകുന്ന വിധത്തിലുള്ള പ്രസ്താവനകളോടും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഈ വിഷയത്തിൽ മുസ്ലീംലീഗ് പൊതു സമൂഹത്തോട് തന്നെ മാപ്പ് പറയണം. വോട്ട്ബാങ്ക് ലക്ഷ്യംവെച്ച് മതേതരത്വത്തിന്റെ മുഖംമൂടിയണിയുകയും അതേസമയം ഒരു സമുദായത്തിന് വേണ്ടി മാത്രം നിലപാടുകളെടുക്കുകയും ചെയ്യുന്നതിലൂടെ മറ്റ് സമുദായങ്ങളെ അവഹേളിക്കുകയും അവരുടെ അവകാശങ്ങളെ താഴ്ത്തിക്കെട്ടുകയും ചെയ്യുന്ന നയങ്ങൾ ഒഴിവാക്കണം എന്നും കെ.സി.വൈ.എം. മാനന്തവാടി രൂപത വ്യക്തമാക്കി.

**HER -Workshop Webinar**

കെ.സി.വൈ.എം. സംസ്ഥാന സമിതി ആരംഭിച്ചിരിക്കുന്ന WWW (We are with Women) ക്യാമ്പയ്ന്റ് ഭാഗമായി 2020 നവംബർ 5 മുതൽ 8 വരെ നടത്തപ്പെട്ട HER(Her Effective Responsibility)എന്ന വർക്ക്ഷോപ്പ്

വെബിനാറിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപത ആനിമേറ്റർ സി. സാലി, ഗ്രാലിയ അന്ന അലക്സ് (മണിമൂളി), ലിസ്ന പി. എസ്. (നടവയൽ), ആഷ ചാക്കോ (പയ്യംമ്പള്ളി), ജിജിന കറുത്തേടത്ത് (മാനന്തവാടി), മെർലിൻ ജോയി (ദ്വാരക) എന്നിവർ പങ്കെടുത്തു. ഇന്നത്തെ കാലത്ത് സ്ത്രീകൾ ഏതെല്ലാം രീതിയിൽ മുന്നോട്ട് വരണമെന്നുള്ള അവബോധം സൃഷ്ടിക്കാൻ വെബിനാറിന് സാധിച്ചു.

**നവദമ്പതികളെ ആദരിച്ചു**

തിരുക്കുടുംബ സദൃശ്യമാകേണ്ടതാണ് ഓരോ കുടുംബവും. 2020 പ്രവർത്തനവർഷത്തിൽ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡണ്ട് ബിബിൻ ചെമ്പക്കര ഭാര്യ അഞ്ജിത മേരി, സെക്രട്ടറി ജിയോ മച്ചുക്കുഴിയിൽ ഭാര്യ ദിവ്യ, മുൻ രൂപത പ്രസിഡന്റ് ആന്റണി മങ്കടപ്ര, ഭാര്യ അഷിത എന്നിവരെ 01/11/2020 ന് കൂടിയ സെക്രട്ടറിയേറ്റ് യോഗത്തിൽ ആദരിച്ചു. സഭയ്ക്ക് മുതൽക്കൂട്ടായി ശോഭിക്കുന്ന കുടുംബങ്ങളായി തീരട്ടെ എന്ന ഒരായിരം പ്രാർത്ഥനാശംസകൾ.

**പേൾ 2020 (സാഹിത്യമത്സരം)**

കാലഘട്ടത്തിന്റെ പരിമിതികളിൽ നിന്നുകൊണ്ട് 2020 വർഷത്തെ സാഹിത്യമത്സരം പേൾ 2020 നവംബർ 8 ന് ഓൺലൈൻ വഴി നടത്തപ്പെട്ടു. 13 മേഖലകളിലായി 1000 ൽ അധികം മത്സരാർത്ഥികൾ പങ്കെടുത്തു. കവിത, പത്രവാർത്ത, മുദ്രാവാക്യം, പോസ്റ്റർ, നോട്ടീസ് എന്നീ ഇനങ്ങളാണ് നടത്തപ്പെട്ടത്. സാഹിത്യമത്സരം വിജയകരമായി പര്യവസാനിക്കുമ്പോൾ നന്ദിയോടെ ഓർക്കേണ്ടവർ നിരവധിയാണ്. മേഖല തലത്തിൽ ഇതിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ മേഖല- യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവരെയും ഇവരോടു സഹകരിച്ച പ്രിയയുവജന സുഹൃത്തുകളെയും നന്ദിയോടെ ഓർക്കുന്നു. സാഹിത്യ മത്സരത്തിന്റെ ഓരോ മേഖലയുടെയും ചുമലത ലകൾ ഏറ്റെടുത്ത് അത് ഭംഗിയായി നിർവ്വഹിച്ച രൂപത സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കട്ടെ. ഒപ്പം വ്യത്യസ്ത സാഹചര്യങ്ങളിൽ പലയിടങ്ങളിലായിരുന്നുകൊണ്ട് മത്സരത്തിൽ പങ്കെടുത്ത ഓരോ മത്സരാർത്ഥികൾക്കും നന്ദിയുടെ നറുമലരുകൾ.

**പേൾ 2020 (മേഖലാ കലാമത്സരം)**

നവംബർ 14,15 തീയതികളിൽ പേൾ 2020 മേഖലാ കലാമത്സരം ഓൺലൈൻ വഴി നടത്തപ്പെട്ടു. 13 മേഖലകളിലായി രണ്ടായിരത്തിലധികം യുവജനങ്ങൾ വിവിധ കലാമത്സരങ്ങളിൽ

പങ്കെടുക്കുകയും മേഖലാ കലാമത്സരം ഒരു വൻവിജയമാക്കി മാറ്റുകയും ചെയ്തു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ യൂണിറ്റ് ഡയറക്ടർമാർ യൂണിറ്റ് ആനിമേറ്റർമാർ, മേഖല സമിതികൾ, യൂണിറ്റ് സമിതികൾ എന്നിവർക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും രൂപത സമിതിയുടെ പേരിൽ അറിയിക്കുന്നു.

**പേൾ 2020 (രൂപതാ കലാമത്സരം)**

രൂപതാ കലാമത്സരം നവംബർ 15-ാം തീയതി ഓൺലൈൻ വഴി ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ശ്രീ. ജിയോ ജെയിംസ് സ്വാഗതവും, രൂപത ആനിമേറ്റർ സി. സാലി സി.എം.സി. വചന പ്രതിഷ്ഠയും, രൂപതാ ഡയറക്ടർ റവ ഫാ. അഗസ്റ്റിൻ ചിറയ്ക്കത്തോട്ടത്തിൽ ആമുഖ പ്രഭാഷണവും നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ. ബിബിൻ ചെമ്പക്കര അധ്യക്ഷപദം അലങ്കരിച്ചു. 2020 വർഷത്തെ മികച്ച രണ്ടാമത്തെ സിനിമയ്ക്കുള്ള സംസ്ഥാന അവാർഡ് നേടിയ'കെഞ്ചിര' സിനിമയിലെ നായിക കുമാരി വിനിഷ രവി ഉദ്ഘാടനം നിർവഹിച്ചു. റേഡിയോ മറ്റൊലി ഡയറക്ടറും കെ.സി.വൈ.എം. ദ്വാരക മേഖല ഡയറക്ടറുമായ റവ. ഫാ. ബിജോ കറുകപ്പള്ളി, മുൻ രൂപത കെ.സി.വൈ.എം. സെക്രട്ടറി ശ്രീ. ജസ്റ്റിൻ ചെഞ്ചട്ടയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. കുമാരി. മേബിൾ പുള്ളോലിക്കൽ നന്ദിയും പറഞ്ഞു. രൂപത സെക്രട്ടറിയേറ്റ് മെമ്പർമാരായ വൈസ് പ്രസിഡന്റ് കുമാരി. റ്റെസിൻ വയലിൽ ജനറൽ സെക്രട്ടറി കുമാരി. റോസ്മേരി തേറുകാട്ടിൽ, ശ്രീ. റ്റിബിൻ പാറയിൽ, കോഡിനേറ്റർ ശ്രീ. ഡെറിൻ കൊട്ടാരത്തിൽ എന്നിവർ സന്നിഹിതരായിരുന്നു. രൂപത കലാമത്സര ഇനങ്ങളായ പ്രസംഗം, ലളിതഗാനം, മോണോ ആക്ട്, നാടൻ പാട്ട് കെ.സി.വൈ.എം. ആന്തം, നാടോടി നൃത്തം എന്നിവ ഓൺലൈൻ വഴി നടത്തപ്പെട്ടു. 500 ൽ പരം യുവജനങ്ങൾ വിവിധ കലാമത്സരങ്ങളിൽ പങ്കെടുത്തു. പങ്കെടുത്തവർക്കും കലാ, സാഹിത്യമത്സരങ്ങളുടെ വിധിനിർണ്ണയം നടത്തിയവർക്കും വിജയികളായവർക്കും രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**യൂണിറ്റ്, മേഖല തെരഞ്ഞെടുപ്പുകൾ**

2021 പ്രവർത്തന വർഷത്തിൽ പ്രസ്ഥാനത്തെ നയിക്കേണ്ട ഭാരവാഹികളെ യൂണിറ്റുകളിലും മേഖലകളിലും ഡിസംബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. അർപ്പണബോധവും ധാർമ്മിക മൂല്യങ്ങളും സാമൂഹിക പ്രതിബദ്ധതയും വിശ്വാസാധിഷ്ഠിത ജീവിതവും നിറഞ്ഞ യുവതീ യുവാക്കളെ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കുമല്ലോ. പുതിയ ഭാരവാഹികളുടെ ലിസ്റ്റ് (സ്ഥാനം, പേര്, വീട്ടുപേര്,

ഇടവക, ഫോൺ നമ്പർ, വാട്സ്ആപ്പ് നമ്പർ) ജനുവരി 5 ന് മുൻപായി രൂപത ഓഫീസിൽ എത്തിക്കുമല്ലോ. യൂണിറ്റ്, മേഖല വാർഷിക റിപ്പോർട്ടുകളും കൊണ്ടുവരുമല്ലോ. നേരിട്ട് എത്തിക്കാൻ സാധിക്കാത്തവർ കെ.സി.വൈ.എം. രൂപത ഓഫീസ് നമ്പറായ 9400472939 – അയച്ച് തരണമെന്ന് ഓർമിപ്പിക്കുന്നു.

**വാർഷിക സെനറ്റും രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പും**

കെ. സി. വൈ. എം. സംഘടനയുടെ പരമാധികാര സഭയും, നയരൂപീകരണ സമിതിയുമായ രൂപത വാർഷിക സെനറ്റ് ജനുവരിയിൽ നടക്കുന്നു. 2020 പ്രവർത്തന വർഷത്തിലെ മേഖലകളുടെയും രൂപതയുടെയും വാർഷിക റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെടുന്നു. 2021 വർഷത്തേയ്ക്കുള്ള പുതിയ ഭരണ സമിതിയെ പ്രസ്തുത മീറ്റിംഗിൽ തെരഞ്ഞെടുക്കുന്നതുമാണ്. തിയ്യതി പീന്നീട് അറിയിക്കുന്നതായിരിക്കും.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട യൂണിറ്റ്**

നിത്യസമ്മാനത്തിനായ് വിളിക്കപ്പെട്ട സെബാസ്റ്റ്യൻ പാറയിലച്ചനുവേണ്ടി യൂണിറ്റിന്റെ നേതൃത്വത്തിൽ ആരാധനയും ദിവ്യബലിയും അർപ്പിച്ചു. ഇടവക വികാരിയായി നിയമിതനായ റവ. ഫാ. സനോജ് ചിറ്ററക്കലിനെ സ്വാഗതം ചെയ്തു. ഫാ. സ്റ്റാൻ സ്വാമിയെ മോചിപ്പിക്കണം എന്ന ആവശ്യമുയർത്തി മാനന്തവാടി രൂപത നടത്തിയ Blind Eye Protest പ്രതിഷേധ പരിപാടിയിൽ യൂണിറ്റും പങ്കാളിയായി. Nov 7- KCYM മണിമൂളി മേഖലയേയും നരിവാലമുണ്ട യൂണിറ്റിനെയും മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്ന പ്രസ്ഥാനത്തിന്റെ അമരക്കാരൻ, ശ്രീ ജോഷി ജോൺ പാലക്കാട്ടിന്റെ ജന്മദിനം ആഘോഷിച്ചു.

**മരക്കടവ് യൂണിറ്റ്**

ഒക്ടോബർ 17 –ന് 'Stand with Fr. Stan Swamy' യൂണിറ്റ് തലത്തിൽ പ്രതിഷേധ വീഡിയോ, പോസ്റ്റർ, എന്നിവ തയ്യാറാക്കി മേഖല, രൂപതാ സമിതിക്ക് അയച്ചുകൊടുക്കുകയും യൂണിറ്റ് അംഗങ്ങൾ തങ്ങളുടെ സോഷ്യൽ മീഡിയ വഴി മറ്റുള്ളവർക്ക് ഷെയർ ചെയ്യുകയും ചെയ്തു. Fr. Stan Swamy യെ മോചിപ്പിക്കുന്നതിന് നടത്തിയ പ്രതിഷേധ പരിപാടികളിൽ യൂണിറ്റ് തലത്തിൽ വികാരി റവ. ഫാ. സാന്റോയുടെ നേതൃത്വത്തിൽ യുവജനങ്ങൾ കണ്ണുകെട്ടി പ്ലാക്കാർഡുകൾ പിടിച്ച് ശക്തമായി പ്രതിഷേധിക്കുകയും യൂണിറ്റിന്റെ ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ We are with Women ക്യാമ്പയിനിൽ യൂണിറ്റിൽ നിന്ന് 24 യുവതികൾ തിരിതെളിച്ചു ഇടവകയുടെ ഐക്യദാർഢ്യം

അറിയിച്ചു. ഇടവകയിലെ ക്യാൻസർ രോഗിയെ വീട്ടിൽ സന്ദർശിക്കുകയും ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**അരുൾനിലയം യൂണിറ്റ്**

അരുൾനിലയം ഇടവകയുടെ വികാരിയായി സ്ഥാനമേറ്റെടുത്ത റവ. ഫാ. ചാക്കോ ഇല്ലിപ്പറമ്പിൽ അസി. വികാരി റവ. ഫാ. സനീഷ് എന്നിവരെ ഇടവക കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. ഒക്ടോബർ മാസത്തോട് അനുബന്ധിച്ച് നടത്തിയ പ്രസംഗ മത്സരത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ പച്ചക്കറികളും, ഭക്ഷണസാധനങ്ങളും ശേഖരിച്ച് ആശാഭവനിലും ജീവൻരക്ഷാഭവനിലും നൽകി. ദൈവ വചനത്താൽ പ്രഭാതത്തിന് ശക്തി നൽകിക്കൊണ്ട് തുടക്കം കുറിക്കുന്ന കെ.സി.വൈ.എം. ഗ്രൂപ്പ് അംഗങ്ങളുടെ ശക്തിയായി നിലകൊള്ളുന്ന മേഖല ജോയിൻ സെക്രട്ടറി ജിനു, അംഗങ്ങളുടെ ജന്മദിനങ്ങൾ കൃത്യമായ കുറിച്ചിട്ട് അനുമോദനങ്ങൾ നേരുന്ന വൈസ് പ്രസിഡണ്ട് ലിബിൻ എന്നിവർക്ക് ആശംസകളർപ്പിച്ചു.

**മണിമൂളി യൂണിറ്റ്**

ഒക്ടോബർ 11 ന് യുവജനങ്ങൾക്കായി വിശുദ്ധ ബലിയർപ്പിക്കുകയും യൂണിറ്റ് കൗൺസിൽ ചേർന്ന് ഫാ. സ്റ്റാൻ സ്വാമിയുടെ അറസ്റ്റിനെതിരെ പ്രതിഷേധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഒക്ടോബർ 25 ന് യുവജനങ്ങൾക്കായി ജപമാലയും വിശുദ്ധബലിയും നടത്തി.

**റോസ്മേരി തേറുകാട്ടിൽ**
ജനറൽ സെക്രട്ടറി

**വിവാഹ ഒരുക്ക കോഴ്സ്**

നവംബർ 13,14,15 തിയതികളിൽ നടത്തിയ കോഴ്സിൽ 89 പേർ പങ്കെടുത്തു. അടുത്ത കോഴ്സ് ഡിസംബർ 4, 5, 6 –18, 19,20 തിയതികളിൽ.

**മരിയൻ സിംഗിൾസ്**

ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി 2300 കരുണക്കൊന്തയും തിരുസഭയ്ക്കുവേണ്ടി 1300 ജപമാലയും ചൊല്ലി.

**മാതൃവേദി**

ഓൺലൈൻ വഴി രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. 2019–2020 വർഷത്തെ ശാഖാ മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ടുകൾ രൂപതയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു. പച്ചക്കറിത്തോട്ടം വീടുകളിൽ തയ്യാറാക്കിയതിന്റെ വീഡിയോ, ഹരിതം, യൂട്യൂബുവഴി റിലീസ് ചെയ്തു. ആരോഗ്യപ്രവർത്തകരെ ഇടവകകളുടെ നേതൃത്വത്തിൽ ആദരിച്ചു.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

ആരോഗ്യ പ്രവർത്തകർ, കുരിശിനെ അവഹേളിച്ചവർ, ഫാ. സ്റ്റാൻ സ്വാമിയുടെ മോചനം എന്നീ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ജപമാല റാലി നടത്തി.

**ചുങ്കക്കുന്ന്**

കുരിശിനെ അവഹേളിച്ചവർ, ഫാ. സ്റ്റാൻ സ്വാമിയുടെ അറസ്റ്റ്, ബഫർ സോൺ എന്നിവയ്ക്കെതിരായി പ്രതിഷേധ പ്രകടനം നടത്തി. കുടുംബത്തിൽ ജപമാലയുടെ പ്രസക്തി എന്ന വിഷയത്തെ സംബന്ധിച്ച് പ്രസംഗ മത്സരം നടത്തി. ജൈവപച്ചക്കറിത്തോട്ട നിർമ്മാണത്തിനായി എല്ലാ യൂണിറ്റുകൾക്കും പച്ചക്കറിവിത്ത് വിതരണം ചെയ്തു.

**തരിയോട്**

ജപമാല റാലിക്കു പകരം 12 മണിക്കൂർ വിവിധ നിയോഗങ്ങൾക്കായി 9747 ജപമാല ചൊല്ലി പ്രാർത്ഥിച്ചു. 9200 രൂപ മിഷൻ സംഭാവന നൽകി.

**കൽപ്പറ്റ**

ജപമാല മാസാചരണത്തിൽ അഖണ്ഡ ജപമാല നടത്തി. എല്ലാ

യൂണിറ്റുകളിൽ നിന്നും 1600 –ഓളം അമ്മമാർ ചേർന്ന് 63265 ജപമാല ചൊല്ലി.

**ശാഖാ വാർത്തകൾ**

**അസംപ്ഷൻ**

തിരുസഭ, മതതീവ്രവാദം, കുടുംബ വിശുദ്ധീകരണം എന്നീ നിയോഗങ്ങൾക്കായി പരി. അമ്മയുടെ സഹായം തേടി. എല്ലാവരും ഒരുമിച്ചിരുന്ന് വചനവായന നടത്തി. ലോക വയോജനദിനം ആചരിച്ചു. ബ്രഡ് എന്ന സ്വയാർജ്ജിത പദ്ധതിയുടെ ഭാഗമായി സെൽഫ് ഗ്രൂപ്പ് പ്രവർത്തനം ആരംഭിച്ചു. കോഡിനേറ്റർ ബഹു. ബാബു സാർ കോവിഡ് നിയമങ്ങൾ പാലിച്ച് ക്ലാസ്സ് നയിച്ചു. രൂപത നിർദ്ദേശപ്രകാരം ബൈബിൾ എഴുതാൻ ആരംഭിച്ചു.

**മരകാവ്**

ജപമാല മാസാചരണത്തിൽ വിവിധ നിയോഗങ്ങൾക്കായി ജപ മാല ചൊല്ലി. നേഴ്സുമാരെ ആദരിച്ചു. കുരിശിനെ അവഹേളിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചു.

**സീതാമൗണ്ട്**

ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. വിവിധ നിയോഗങ്ങൾക്കു വേണ്ടി ജപമാല ചൊല്ലി. ബഫർസോൺ, കോവിഡ് എന്നിവക്കെതിരെ പ്രാർത്ഥിച്ചു.

**കുറുമ്പാല**

1001 ജപമാല ചൊല്ലി. പ്രേഷിത പ്രവർത്തനങ്ങൾക്കായി ഒരു വിശ്വാസപ്രാമാണം ചൊല്ലി പ്രാർത്ഥിച്ചു. മിഷൻ രൂപതയെ സഹായി ക്കാൻ 1500 രൂപ നൽകി. 10 ദിവസം മാതാവിന്റെ വചനസന്ദേശം എല്ലാ വരിലും എത്തിച്ചു. രോഗീസന്ദർശനം നടത്തി.

**മരക്കടവ്**

ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിച്ചു. ജപമാല റാലി നടത്തി. ഫാ. സ്റ്റാൻ സ്വാമിയുടെ മോചനത്തിനായ് ഉപവാസവും ആരാ ധനയും നടത്തി. വി. കുരിശിനെ അവഹേളിച്ചവർക്കെതിരെ കുരിശു റാലി നടത്തി. ഇടവകയിലെ നേഴ്സുമാരുടെ ലിസ്റ്റുണ്ടാക്കി പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന്**

വയോജനദിനത്തിൽ ഒരു മാതൃകാകുടുബത്തിന്റെ ജീവിതാ നുഭവങ്ങൾ വീഡിയോ വഴി പങ്കുവച്ച് പുതുതലമുറകൾക്ക് കൈമാറി. വിവിധ കലാപരിപാടികൾ ഓൺലൈൻ വഴി അവതരിപ്പിച്ചു. വാട്സാപ്പ് ഗ്രൂപ്പുവഴി വിവിധ വാർഡുകൾ തിരിച്ച് ജപമാല ചൊല്ലി.

**തോണിച്ചാൽ**

വാർഡ് അടിസ്ഥാനത്തിൽ ദേവാലയവും പരിസരവും വൃത്തി

യാക്കി. ഏദൻതോട്ടം എന്ന പേരിൽ അടുക്കളത്തോട്ടം നിർമ്മിച്ചു. 60 കുടുംബങ്ങൾക്ക് പച്ചക്കറിത്തൈകൾ വിതരണം ചെയ്തു. കുരിശവഹേളനത്തിനെതിരെ പ്രാർത്ഥനാദിനം ആചരിച്ചു.

**ആടിക്കൊല്ലി**

വിവിധ നിയോഗങ്ങൾക്കായി ജപമാല, കുരിശിന്റെ വഴി, കരുണക്കൊന്ത, തിരുഹൃദയ കൊന്ത എന്നിവചൊല്ലി. വാട്സാപ്പ് വീഡിയോ വഴി ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആശംസകൾ അറിയിച്ചു.

**വടപുറം**

എല്ലാ ദിവസവും ദേവാലയത്തിൽ വച്ച് ജപമാലചൊല്ലി പ്രാർത്ഥിച്ചു. ഇടവകയിലെ എല്ലാ ആരോഗ്യ പ്രവർത്തകരേയും ആദരിച്ച് വി. ബലി അർപ്പിച്ചു. കുരിശിനെ അവഹേളിച്ചവർക്കെതിരേ യുവജനങ്ങളും അമ്മമാരും ചേർന്ന് തിരിതെളിച്ച് കുരിശുവണങ്ങി മൗനമായി പ്രാർത്ഥിച്ചു. രൂപതാ നിർദ്ദേശപ്രകാരം ബൈബിൾ എഴുതാൻ ആരംഭിച്ചു.

**നടവയൽ**

കൊറോണ വൈറസ് നിർമ്മാർജ്ജനം ചെയ്യാൻ അഖണ്ഡജപമാലയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. മരിയൻ ഗാന മത്സരം നടത്തി. കുരിശിനെ അവഹേളിച്ചവർക്കെതിരെ കുരിശു റാലി നടത്തി. ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ആശംസകൾ അറിയിച്ചു.

**കോട്ടത്തറ**

ജപമാല മാസാചരണം നടത്തി. മിഷൻ പ്രവർത്തനങ്ങൾക്കായി 4500 ജപമാല ചൊല്ലി. ഒരു നിർദ്ധന കുടുംബത്തിന് 500 രൂപ നൽകി. ഭവനസന്ദർശനം നടത്തി. വി. ജോൺ പോൾ പാപ്പായുടെ തിരുനാൾ ദിനത്തിൽ വിവാഹ വാർഷികം ആഘോഷിക്കുന്ന ദമ്പതികൾക്കു വേണ്ടി പ്രാർത്ഥിച്ചു. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, ജപമാല എന്നിവ ചൊല്ലി.

**കുറുമണി**

ഒരു നിർദ്ധന വിദ്യാർത്ഥിക്ക് 8000 രൂപയുടെ ഫോൺ നൽകി. മിഷൻ മാസം 9445 ജപമാല ചൊല്ലി മിഷനുവേണ്ടി കാഴ്ച വെച്ചു. 1000 രൂപ മിഷൻ സംഭാവന നൽകി. പഠനത്തിൽ മികവ് കാണിച്ച കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകി.

**കല്ലോടി**

വി. കൊച്ചു ത്രേസ്യായുടെ തിരുനാൾ ദിനത്തിൽ ബൈബിൾ പ്രതിഷ്ഠിച്ചു. ബഫർ സോണിനെതിരെ ഒപ്പു ശേഖരിച്ച് പ്രതിഷേധം അറിയിച്ചു. അവിവാഹിതരായ യുവജനങ്ങൾക്കുവേണ്ടി ഉപവാസമനു

ഷ്ഠിച്ച് പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. ഓൺ ലൈനിൽ മിഷൻ പ്രസംഗം നടത്തി.

**ശാന്തിഗിരി**

ഫാ. സ്റ്റാൻ സ്വമിയുടെ മോചനത്തിനായി പ്രതിഷേധ പ്രകടനം നടത്തി. സകല മരിച്ചവരുടേയും ഓർമ്മ ദിനത്തിൽ സെമിത്തേരി വൃത്തി യാക്കി.

**കൊട്ടിയൂർ**

ജപമാലയിലും ദിവ്യബലിയിലും പങ്കെടുത്തു. വിവിധ നിയോഗ ങ്ങൾക്കായി ജപമാല ചൊല്ലി. ബഫർസോണിന് എതിർപ്പ് പ്രകടിപ്പിച്ചു കൊണ്ട് പ്രധാനമന്ത്രിക്ക് കത്തയച്ചു. കുടുംബ ജീവിതത്തിൽ പരി. അമ്മയുടെ സ്ഥാനം എന്ന വിഷയത്തെ സംബ ന്ധിച്ച് പ്രസംഗ മത്സരം നടത്തി.

**അടക്കാത്തോട്**

എല്ലാ മതാദ്ധ്യപകർക്കും ആശംസകൾ അറിയിച്ച് പ്രാർത്ഥിച്ചു. സകല മരിച്ചവരുടേയും സകല വിശുദ്ധരുടേയും തിരുനാൾ ദിനത്തിൽ ദിവ്യ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

**ഒറ്റപ്ലാവ്**

ഫാ. സ്റ്റാൻ സ്വാമിയുടെ മോചനത്തിനായി പ്രതിഷേധ പ്രകടനം നടത്തി. കുരിശിനെ അവഹേളിച്ചവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനായജ്ഞം നടത്തി.

**വെള്ളൂന്നി**

ബഫർ സോൺ, കുരിശിന്റെ അവഹേളനം, ഫാ. സ്റ്റാൻ സ്വാമി യുടെ മോചനം എന്നീ നിയോഗങ്ങൾക്കായി ഉപവാസമനുഷ്ഠിച്ച് പ്രാർത്ഥിച്ചു, പ്ലക്കാർഡുകൾ പിടിച്ച് പ്രതിഷേധിച്ചു. ജൈവ പച്ചക്കറി ത്തോട്ട നിർമ്മാണത്തിനായി വിത്തുകൾ വിതരണംചെയ്തു. കുടുംബ ജീവിതത്തിൽ ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗ മത്സരം നടത്തി.

**കേളകം**

ജപമാല മാസത്തിൽ ഭവനങ്ങളിൽ ജപമാലയും ആരാധനയും നടത്തി. ബഫർ സോണിനെതിരെ പ്രതിഷേധ പ്രകടനം നടത്തി. ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു.

**കളത്തുവയൽ**

കോവിഡ് -19 നെതിരെ 8000 ജപമാല ചൊല്ലി. ഫാ. സ്റ്റാൻ സ്വാമി യുടെ മോചനം, കുരിശിനെ അവഹേളിച്ചവർ എന്നീ നിയോഗ ങ്ങൾക്കായി കരുണക്കൊന്ത ചൊല്ലി. ഇടവകയിലെ നേഴ്സുമാരേയും ആരോഗ്യപ്രവർത്തകരേയും ആദരിച്ചുകൊണ്ട് ഒരു വീഡിയോ ക്ലിപ്പ് തയ്യാറാക്കി.

**റൂബിനഗർ**

എല്ലാ ദിവസവും ജപമാലക്ക് നേതൃത്വം നൽകി. 5 കൂടുബങ്ങളെ വീതം ജപമാലയിലും, 3 കൂടുംബങ്ങളെ വീതം വി. കുർബാനയിലും സമർപ്പിച്ച് പ്രാർത്ഥിച്ചു. വിശുദ്ധരെ അറിയാൻ എന്ന ക്വിസ് മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. നേഴ്സുമാരെ ആദരിച്ചു.

**കയ്യൂന്നി**

ജപമാല രാജ്ഞിയുടെ തിരുനാളിന് അഖണ്ഡ ജപമാല നടത്തി. ഭവനങ്ങളിൽ വ്യത്യസ്ത നിയോഗങ്ങൾവെച്ച് ഒരു മണിക്കൂർ വീതം ജപമാല നടത്തി. വയോജന ദിനത്തിൽ വീഡിയോവഴി മാതാപിതാക്കളുടെ പരിപാടികൾ അവതരിപ്പിച്ചു. സാധുകുടുംബങ്ങൾക്ക് 5 കോഴികളെ വീതം വിതരണം ചെയ്തു. ലോഗോസ് പരിശീലന മത്സരം നടത്തി. ഫാ. സ്റ്റാൻ സ്വാമിയുടെ അറസ്റ്റിൽ അമ്മമാർ കണ്ണു മൂടികെട്ടി പ്രതിഷേധ പ്രകടനം നടത്തി. കുരിശിനെ അവഹേളിച്ചവരുടെ മാനസാന്തരത്തിനായി കുരിശും തോളിൽ വഹിച്ചുകൊണ്ട് കുരിശിന്റെ വഴി നടത്തി. ഒരു നിർദ്ധനകുടുംബത്തിന് 90000 രൂപ വിവാഹ സഹായം നൽകി.

**വാളേരി**

കൊറോണക്കെതിരെ ആരാധന നടത്തി, ജപമാലയും ചൊല്ലി. പയർകൃഷി നടത്തി.

**പൂക്കോട്ടുംപാടം**

ജപമാലയ്ക്ക് നേതൃത്വം നൽകി. എല്ലാ വെള്ളിയാഴ്ചയും ജപമാലദിനമായി ആചരിക്കുന്നു. രോഗീസന്ദർശനം നടത്തി. ബൈബിൾ പകർത്തിയെഴുതുന്നവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ബൈബിൾ ഗ്രൂപ്പ് എന്ന പേരിൽ ഒരു വാട്സാപ്പ് ഗ്രൂപ്പുണ്ടാക്കി.

**കബനിഗിരി**

ഇടവകയിലെ എല്ലാ അമ്മമാരേയും ഉൾകൊള്ളിച്ചുകൊണ്ട് ജപമാലയജ്ഞ വീഡിയോ പുറത്തിറക്കി. ജപമാല രാജ്ഞിയുടെ തിരുനാളിന് കോവിഡ് നിയമങ്ങൾ പാലിച്ചുകൊണ്ട് വി. കുർബാനയും ജപമാല റാലിയും നടത്തി.

**വഞ്ഞോട്**

നേഴ്സുമാരെ ഫോണിൽ വിളിച്ച് ആശംസകൾ അറിയിച്ചു. അവർക്കുവേണ്ടി ജപമാല ചൊല്ലി കാഴ്ചവെച്ചു. സി. എസ്. എസ്. ആർ. പ്രാർത്ഥനാലയത്തിൽ നടന്ന വി. കുർബാനയിലും 4 മണിക്കൂർ ആരാധനയിലും പങ്കെടുത്തു.

**നരിവാലമുണ്ട**

വി. മരിയ ഫൗസ്റ്റീനയുടെ തിരുനാൾ ദിനത്തിൽ ഫാ. സ്റ്റാൻ

സ്വാമിയുടെ മോചനത്തിനായ് ഓൺ ലൈൻ ആരാധന, ജപമാല, കരുണക്കൊന്ത എന്നിവ നടത്തി. നിര്യാതനായ ബഹു. ബാബു അച്ചനുവേണ്ടി വി. കുർബാനയും ഒപ്പീസും ചൊല്ലി. ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു. കുരിശിനെ അവഹേളിച്ചവർക്കുവേണ്ടി കുരിശിന്റെ വഴി നടത്തി. ബഹു. ഡയറക്ടറച്ചൻ പുതിയ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. രോഗീസഹായം നൽകി.

**വലിയകൊല്ലി**

കൊറോണ വൈറസ് മാറുവാൻ ജപമാല ബാങ്ക് തുടങ്ങി. ഭവനത്തിലിരുന്നും ദേവാലയത്തിൽ വന്നും ജപമാലയിൽ പങ്കെടുത്തു. പച്ചക്കറിത്തോട്ടം ആരംഭിച്ചു.

**പേരിയ**

10 ദിവസം ഭവനങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബൈബിൾ പകർത്തി എഴുതാൻ തുടങ്ങി. വാർഷിക റിപ്പോർട്ട് മേഖലയിൽ ഏൽപ്പിച്ചു.

**യവനാർകുളം**

വാർഡ് അടിസ്ഥനത്തിൽ നടന്ന വി. കുർബാനയിലും ജപമാലയിലും പങ്കെടുത്തു. നേഴ്സുമാർക്കുവേണ്ടി പ്രാർത്ഥിച്ചു. കോവിഡ്മാരി മാറുവാൻ ഉപവാസമെടുത്ത് പ്രാർത്ഥിച്ചു.

**തവിഞ്ഞാൽ**

വിവിധ നിയോഗങ്ങളോടെ ജപമാല ചൊല്ലി. അദ്ധ്യാപകദിനത്തിൽ ടീച്ചേഴ്സിന് ആശംസകൾ കൈമാറി. രൂപതാ പ്രാർത്ഥനാ ദിനം ആചരിച്ചു.

**പുതിയിടം**

ഭവനങ്ങൾ ദേവാലയങ്ങളാക്കി ജപമാല യജ്ഞത്തിൽ പങ്കുചേർന്നു. വി. കൊച്ചുത്രേസ്യായുടെ തിരുനാളിൽ വിവിധ കലാപരിപാടികൾ നടത്തി. വൃദ്ധദിനം ആചരിച്ചു.

**ഏലപ്പീടിക**

അമ്മമാരുടെ നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ദേവലയവും പരിസരവും സെമിത്തേരിയും വൃത്തിയാക്കി.

**കരിമാനി**

ജപമാല മാസത്തിൽ വി. കുർബാനയിലും ജപമാലയിലും പങ്കുചേർന്നു. എല്ലാ നേഴ്സുമാരേയും ആദരിച്ചു വീഡിയോ തയ്യാറാക്കി. കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. പ്രോ – ലൈഫ് പ്രവർത്തനങ്ങൾക്കായി തിരുഹൃദയജപമാല ചൊല്ലി. ആദ്യവെള്ളിയാഴ്ച ഉപവാസ ദിനമായി ആചരിച്ചു.

**തലപ്പുഴ**

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വി. കുർബാനയിലും ജപമാലയിലും പങ്കെടുത്തു. ഒരു നിർദ്ധന കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. പച്ചക്കറിത്തോട്ടം നിർമ്മിച്ചു.

**പോരൂർ**

കുരിശിനെ അവഹേളിച്ചവർക്കെതിരെ ഒരു ദിവസം ഉപവാസമെടുത്തു ജപമാല ചൊല്ലി. ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു, ആശംസകൾ അറിയിച്ചു. ഒരു നിർദ്ധന കുടുബത്തിന് 3000 രൂപ ചികിത്സ സഹായം നൽകി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോജോ കുടക്കച്ചിറ**
അസി. ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

ഒക്ടോബർ 31 ന് ശനിയാഴ്ച വൈകിട്ട് 6.30 മുതൽ 8.30 വരെ, കൊന്തനമസ്കാരത്തിന്റെ ഭാഗമായി ഓൺലൈൻ ജപമാല കൺവെൻഷൻ നടത്തി. സിയോൻ ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് ജപമാലയെക്കുറിച്ച് പ്രഭാഷണം നടത്തി. സി. നിർമ്മല, സി. അന്ന, ബ്രദർ പൈലി പെലക്കുടി, ബ്രദർ ബെന്നി തലപ്പുഴ എന്നിവർ ജപമാല പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

നവംബർ 7 ന് ആദ്യശനിയാഴ്ച വൈകിട്ട് 6.30 മുതൽ 8.30 വരെ ഓൺലൈൻ കൺവെൻഷൻ നടത്തി. മരണത്തെയും ശുദ്ധീകരണസ്ഥലത്തെയും കുറിച്ച് സിയോൺ ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് വചന പ്രഘോഷണവും തുടർന്ന് ആരാധനയും നടത്തി. സി. നിർമ്മല SH, സി. മെറീന FCC, ബ്രദർ ബേബി കുപ്പയിൽ, ബ്രദർ ബേബി നാക്കുഴിക്കാട്ട് എന്നിവർ ജപമാലപ്രാർത്ഥനക്കും, സി. അന്ന FCC, ബ്രദർ ബിജു പുളിക്കൽ വാകേരി എന്നിവർ ഗാനശുശ്രൂഷ ക്കും നേതൃത്വം നൽകി. എല്ലാ ഞായറാഴ്ചകളിലും റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട്ട് എന്നിവർ ഓൺലൈൻ വചന പ്രസംഗങ്ങൾ ചെയ്തു. എല്ലാ വെള്ളിയാഴ്ചയും സിയോൻ ചാപ്പലിൽ മധ്യസ്ഥ പ്രാർത്ഥന നടത്തി.

നവംബർ 13ന് വെള്ളിയാഴ്ച വയനാട് ചുറ്റി ദിവ്യകാരുണ്യപ്രദക്ഷിണം നടത്തി. റവ. ഫാ. ബാബു മൂത്തേടം, റവ. ഫാ. ജയ്മോൻ കളമ്പുകാട്ട്, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വാഴകാട്ട് എന്നിവർ നേതൃത്വം നല്കി. മുഴുവൻ സമയവും ബഹു. സിസ്റ്റേഴ്സ് മധ്യസ്ഥപ്രാർത്ഥന നടത്തി.

**NB :** അടുത്ത ആദ്യശനി ഓൺലൈൻ കൺവെൻഷൻ ഡിസംബർ 5 ന് വൈകിട്ട് 6.30 മുതൽ നടത്തുന്നതാണ്. അന്ന് എല്ലാ ശിശുക്കൾക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ ഉണ്ടായിരിക്കും. റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നൽകും.

* അത്യാവശ്യമുള്ളവർക്കുവേണ്ടി Online സ്പിരിചൽ ഷെയറിങ് നടത്തുന്നു. Contact : 9496470462, 9544606936

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.

**1. ഹാർട്ട് ലിംഗ്സ് അവാർഡ് സൈമൺ ആനപ്പാറയ്ക്ക്**

2020 സെപ്റ്റംബർ 29 വേൾഡ് ഹാർട്ട് ഡേയുടെ ഭാഗമായി നല്ല ഹൃദയമായി ഹാർട്ട് ലിംഗ്സ് ഗ്ലോബൽ സമിതി തെരഞ്ഞെടുത്തത് മാനന്തവാടി രൂപതയിലെ സൈമൺ ആനപ്പാറയെയാണ്. പ്രഥമ ഹാർട്ട് ലിംഗ്സ് അവാർഡ് നേടിയ സൈമൺ ചേട്ടന് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും നൽകി സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിനന്ദിച്ചു. കാക്കനാട് സഭാ കേന്ദ്രത്തിൽ വച്ച് നടന്ന അവാർഡ് ദാന ചടങ്ങിൽ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയാപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയനിലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഹാർട്ട് ലിംഗ്സ് എക്സിക്യൂട്ടീവ് അംഗങ്ങളായ ആന്റണി എൽ തൊമ്മാന, തോമസ് പീടികയിൽ, ഗ്ലോബൽ സെക്രട്ടറി ബെന്നി ആന്റണി എന്നിവർ പ്രസംഗിച്ചു. കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ വൈസ് പ്രസിഡണ്ട് ഷെവലിയാർ ഡോ. മോഹൻ തോമസ് ചെയർമാനായും മുൻ സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് ഉൾപ്പെടെ വിവിധ രാജ്യങ്ങളിലെ നേതാക്കൾ നേതൃത്വം നൽകുന്നതുമായ സി. സി. ഗ്ലോബൽ ഹാർട്ട് ലിംഗ്സിൽ 34 രാജ്യങ്ങളിൽ നിന്നുള്ള നല്ല ഹൃദയങ്ങൾ അണിചേർന്നിട്ടുണ്ടെന്ന് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി പറഞ്ഞു. പ്രിയപ്പെട്ട സൈമൺ ചേട്ടന് മാനന്തവാടി രൂപതാ സമിതിയുടെ ആശംസകളും അഭിനന്ദനങ്ങളും.

**2. കത്തോലിക്കാ കോൺഗ്രസ് നിൽപ്പു സമരം നടത്തി**

സംവരണ വിഭാഗങ്ങൾക്കുള്ള പത്തു ശതമാനം സാമ്പത്തിക സംവരണം അട്ടിമറിക്കുന്ന സമീപനങ്ങൾക്കെതിരെ കത്തോലിക്ക കോൺഗ്രസ്സ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ കുടിയേറ്റ കേന്ദ്രമായ നടവയൽ വില്ലേജ് ഓഫീസിനു മുൻപിൽ പ്രതിഷേധ നിൽപ്പുസമരം നടത്തി. രൂപതാ ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി ഓൺലൈനിലൂടെ സമരത്തെ അഭിസംബോധന ചെയ്തു. ആർച്ച് പ്രീസ്റ്റ് ഫാ. ജോസ് മേച്ചേരി മുഖ്യപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് ഡോ. കെ.പി. സാജു, രൂപതാ സമിതി അംഗം ജെയിംസ് മറ്റം, ഫൊറോന സെക്രട്ടറി

വിൻസെന്റ് ചേരിവേലിൽ, ബിനു എം.സി, സ്റ്റാനി തെനങ്കാല, അന്നക്കുട്ടി ജോസ് എന്നിവർ പ്രസംഗിച്ചു.

**3. പ്രതിഷേധിച്ചു**

ആദിവാസികൾക്കിടയിലെ സാമൂഹ്യ പ്രവർത്തകനും ഈശോ സഭ വൈദികനുമായ ഫാ. സ്റ്റാൻ സ്വാമിയെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്ത നടപടിക്കെതിരെ രൂപതാ സമിതി പ്രതിഷേധിച്ചു.

**4. അടുക്കളത്തോട്ടം: രണ്ടാം ഘട്ട വിത്തുവിതരണം**

ലോക്ക്ഡൗൺ കാലത്ത് 'വീട്ടിലിരിക്കാം പച്ചക്കറി നടാം' പദ്ധതിയുടെ രണ്ടാം ഭാഗമായി എല്ലാ യൂണിറ്റംഗങ്ങൾക്കും വിത്ത് വിതരണ ഉദ്ഘാടനം മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. ആന്റോ മമ്പള്ളി നിർവ്വഹിച്ചു.

**5. ബഫർസോൺ പ്രഖ്യാപനം**

രൂപതാ ജനസംരക്ഷണസമിതിയുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായി യൂണിറ്റ്, മേഖല ഭാരവാഹികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. എല്ലാവർക്കും രൂപതാസമിതിയുടെ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കട്ടെ.

**6. ശാഖാ-മേഖല-രൂപതാ സമിതി രൂപീകരണം**

2021 മാർച്ച് 31 നുള്ളിൽ കത്തോലിക്കാ കോൺഗ്രസ്സ് തിരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. എല്ലാ മൂന്നാം വർഷവുമാണല്ലോ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുന്നത്. അതിനാൽ ഈ വരുന്ന മാർച്ച് മാസം കൊണ്ട് രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്. അതിനുമുമ്പ് ശാഖാ രൂപീകരണം നടത്തി ഭാരവാഹികളെ തിരഞ്ഞെടുക്കണം. അതിനുശേഷം മേഖലാ രൂപീകരണവും തിരഞ്ഞെടുപ്പും നടത്തണം. വികാരിയച്ചന്മാരും മേഖലാ ഡയറക്ടറച്ചന്മാരും പ്രത്യേകം താൽപര്യമെടുത്ത് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽ സെക്രട്ടറി

**സംസ്ഥാന ചലചിത്ര പുരസ്കാര ജേതാവ് വിനുഷ രവിക്ക് സ്വീകരണം.**

സംസ്ഥാന ചലചിത്ര പുരസ്കാരം ലഭിച്ച കെഞ്ചിരയിലെ നായിക ദ്വാരക പത്തിൽക്കുന്ന് സ്വദേശി വിനുഷ രവിക്ക് റേഡിയോ മാറ്റൊലിയിൽ സ്വീകരണം നല്കി.

**ഫാക്ട്ശാല – ഓൺലൈൻ ശില്പശാല**

Internews, Data LEADS എന്നിവ Google -ന്റെ സഹകരണ ത്തോടെ SMART-ന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി റേഡിയോ കൾക്കു വേണ്ടി മാധ്യമ സാക്ഷരതയുടെ ഭാഗമായി ഫാക്ട് ശാല എന്ന പേരിൽ ഒക്ടോബർ 28, 29, 30 തിയ്യതികളിൽ സംഘടിപ്പിച്ച ഓൺലൈൻ ശില്പശാലയിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം പ്രൊഡ്യൂസർ പ്രജിഷ രാജേഷ് പങ്കെടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

**തുടരാം ജാഗ്രത**

കോവിഡ് ബോധവത്കരണ പരിപാടിയുടെ ഭാഗമായി തുടരാം ജാഗ്രത എന്ന പേരിൽ നവംബർ 05 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ആശുപത്രിയിലെ ശിശുരോഗവിദഗ്ദനും കോവിഡ് 19 നോഡൽ ഓഫീസറുമായ ഡോ. ചന്ദ്രശേഖരൻ 2.30 മുതൽ 4.30 വരെ സംഘടിപ്പിച്ച തത്സമയ ഫോൺ ഇൻ പരിപാടിയിൽ ശ്രോതാ ക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

കോവിഡ് ബോധവത്കരണ പരിപാടിയുടെ ഭാഗമായി തുടരാം ജാഗ്രത എന്ന പേരിൽ കോവിഡും ആയുർവ്വേദവും എന്ന വിഷയത്തിൽ നവംബർ 12-ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ആയുർവ്വേദ കോവിഡ് നോഡൽ ഓഫീസർ ഡോ. പരിശങ്കർ റ്റി. എൻ ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണിവരെ സംഘടിപ്പിച്ച തത്സമയ ഫോൺ ഇൻ പരിപാടിയിൽ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

വനിതാശിശുവികസന വകുപ്പിന്റെ പാരന്റിങ് ക്യാമ്പയിനിങ്ങി നോടനുബന്ധിച്ചു വയനാട് ജില്ലാശിശു സംരക്ഷണ യൂണിറ്റും ജില്ലാ മാനസികാരോഗ്യ പദ്ധതിയും ചേർന്ന് മാതാപിതാക്കൾക്കായി റേഡിയോ മാറ്റൊലിയുമായി ചേർന്ന് ശിശുദിനത്തിൽ രക്ഷാകർതൃ ബോധന ക്ലാസും ലൈവ് ടെലി ഫോൺ പ്രോഗ്രാമും നവംബർ 14

ശനിയാഴ്ച ഉച്ചകഴിഞ്ഞു 3 മുതൽ 4 വരെ നടത്തി. മാനന്തവാടി ജില്ലാ ആശുപത്രിയിലെ സൈക്കിയാട്രിസ്റ്റ് ഡോക്ടർ മെറിൻ, ജില്ലാശിശുസംരക്ഷണ ഓഫീസർ വയനാട് ശ്രീമതി സ്മിത ടി. യൂ. എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**ടീം മീറ്റിംഗ്**

നവംബർ 6–ന് 11 മണിക്ക് ടീം മീറ്റിംഗ് നടത്തി. ഡബ്ള്യൂ. എസ്. എസ്. ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാലയുടെ അധ്യക്ഷതയിൽ ആണ് ഈ മാസത്തെ അവലോകനം നടത്തിയത്.

നവംബർ 1–ന് കേരള, വയനാട് പിറവിയോടനുബന്ധിച്ച് വയനാട് ചരിത്രവും വർത്തമാനവും എന്ന പേരിൽ പ്രത്യേക പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

**ജനവിധി**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ജനവിധി എന്ന പേരിൽ പഞ്ചായത്ത് ഭരണ സമിതികളുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും കോട്ടങ്ങളും പ്രതീക്ഷകളും പങ്കുവെയ്ക്കുന്ന പരിപാടി പ്രക്ഷേപണം ചെയ്തു.

**താങ്ങും തണലും**

നബാർഡ് വിമൻ സെൽഫ് ഹെൽപ് ഗ്രൂപ്പിന്റെ സാമ്പത്തിക സഹായത്തോടെ താങ്ങും തണലും എന്ന പേരിൽ സാമ്പത്തിക സാക്ഷരതാ പരിപാടി ആരംഭിച്ചു. തിങ്കൾ മുതൽ വെള്ളിവരെ രാത്രി 8.45 നു പ്രക്ഷേപണം ചെയ്യും. പുനപ്രക്ഷേപണം തൊട്ടടുത്ത ദിവസം രാവിലെ 7 മണിക്കും.

**അസ്സി. ഡയറക്ടർ**
**ഫാ. ജോസ് കാവുങ്കൽ**

**തേനീച്ച വളർത്തൽ പരിശീലനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പൊർലോം നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന കെ. എഫ്. ഡബ്ല്യു സോയിൽ പ്രൊജക്ടിന്റെ ഭാഗമായി തേനീച്ച വളർത്തലിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. പൊർലോം സാംസ്കാരിക നിലയത്തിൽ വെച്ച് നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. നീർത്തട വികസന പദ്ധതി പ്രസിഡണ്ട് എൻ. എസ്. ബെന്നി അധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. നീർത്തട കമ്മിറ്റി കൺവീനർ വി.ടി. അനിൽകുമാർ എന്നിവർ സംസാരിച്ചു. സംസ്ഥാനത്ത് ഏറ്റവും നല്ല തേനീച്ച കർഷകനുള്ള അവാർഡ് ജേതാവും ഇടുക്കി ഹൈറേഞ്ച് ഹണി പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടറുമായ ശ്രീ. വി.കെ. രാജു ക്ലാസുകൾക്ക് നേതൃത്വം നൽകി.

മട്ടിലയം നീർത്തട വികസന പദ്ധതിയുടെ ഭാഗമായി നിരവിൽപ്പുഴ എ.യു.പി. സ്കൂളിൽ വെച്ച് നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. മട്ടിലയം നീർത്തട വികസന പദ്ധതി ട്രഷറർ കെ. പി. ശിവൻമാസ്റ്റർ അധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ. നീർത്തട കമ്മിറ്റി ചെയർമാൻ പി. വെള്ളൻ എന്നിവർ സംസാരിച്ചു.

**തേനീച്ച പെട്ടികൾ വിതരണം ചെയ്തു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ മട്ടിലയം, പൊർലോം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന നബാർഡ് കെ.എഫ്.ഡബ്ല്യു സോയിൽ പ്രൊജക്ടിന്റെ ഭാഗമായി 100 കർഷകർക്ക് തേനീച്ച പെട്ടികൾ വിതരണം ചെയ്തു. ഓരോ കർഷകനും അഞ്ച് തേനീച്ചപെട്ടികൾ വീതമാണ് വിതരണം

ചെയ്തത്. തേനീച്ച പെട്ടികൾ വിതരണം ചെയ്യുന്നതിന് മുന്നോടിയായി കർഷകർക്ക് വിദഗ്ദ പരിശീലനം നൽകി. പരിശീലനത്തിന് ഇടുക്കി ഹൈറേഞ്ച് ബീകീപ്പിങ് യൂണിറ്റ് മാനേജിങ് ഡയറക്ടർ വി.കെ. രാജു നേതൃത്വം നൽകി. തേനീച്ച പെട്ടികളുടെ വിതരണ ഉദ്ഘാടനം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ. നീർത്തട കമ്മിറ്റി ഭാരവാഹി കളായ പി. വെള്ളൻ, കെ. പി ശിവൻ, ബെന്നി എൻ.എസ്, വി. ടി അനിൽകുമാർ എന്നിവർ നേതൃത്വം നൽകി.

മട്ടിലയം നീർത്തടത്തിൽ സുഗന്ധ വിളകളുടെ വ്യാപനത്തിന് സഹായഹസ്തവുമായി കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം നീർത്തട പ്രദേശത്ത് നടപ്പിലാക്കിവരുന്ന കെ. എഫ്. ഡബ്ല്യു സോയിൽ പ്രൊജക്റ്റിൽ ഉൾപ്പെടുന്ന കർഷകർക്ക് സുഗന്ധ വിളകൾ വ്യാപിപ്പി ക്കുന്നതിന് സമഗ്രമായ വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാ ക്കുവാൻ സന്നദ്ധമാണെന്ന് കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം അറിയിച്ചു. മട്ടിലയം നീർത്തട പ്രദേശം സുഗന്ധവിളകൾ കൃഷി ചെയ്യു വാൻ ഏറെ അനുയോജ്യമാണെന്നും നീർത്തട പ്രദേശത്ത് കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കറുവപ്പട്ട, ജാതി, വാനില തുടങ്ങിയ സുഗന്ധവിള കളുടെ പുതിയ ഇനങ്ങൾ കൃഷി ചെയ്യുന്നതിന് ആവശ്യമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്നും മട്ടിലയം നീർത്തട പ്രദേശത്ത് സന്ദർശനം നടത്തിയ കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാർ അറിയിച്ചു. ആദ്യഘട്ടത്തിൽ അത്യു ല്പാദനശേഷിയുള്ള കുരുമുളക് വള്ളികൾ ഉല്പാദിപ്പിക്കുന്നതിനുള്ള നേഴ്സറി മട്ടിലയം നീർത്തട പ്രദേശത്ത് തന്നെ തയ്യാറാക്കും. കൂടാതെ മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ കർഷകർക്ക് നൽകും. ഇഞ്ചി, മഞ്ഞൾ, കറുവപ്പട്ട, ജാതി, വാനില തുടങ്ങിയവയുടെ നല്ലയിനം വിത്തു കൾ കർഷകർക്ക് ലഭ്യമാക്കും. സുഗന്ധവിളകൾക്ക് ആവശ്യമായ വളങ്ങൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങിയവ വിതരണം ചെയ്യും. കർഷകർക്ക് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ, പഠനയാത്രകൾ, കൃഷിയിട പരിശോധനകൾ എന്നിവ സമയാസമയ ങ്ങളിൽ നടത്തും. നീർത്തട പ്രദേശത്തെ ആദിവാസി വിഭാഗത്തിൽ വരുന്ന കർഷകർക്ക് കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ

ട്രൈബൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കും.

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാർ മട്ടിലയം നീർത്തട പ്രദേശത്തെ വിവിധ കൃഷിയിടങ്ങൾ സന്ദർശിക്കുകയും നീർത്തട വികസന കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും ചെയ്തു. കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാരായ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്രീനിവാസൻ, സീനിയർ സയന്റിസ്റ്റ് ഡോ. ലിജോ തോമസ്, സയന്റിസ്റ്റ് ഡോ. ഗോപു എന്നിവർ ടീമിൽ ഉണ്ടായിരുന്നു. മട്ടിലയം നീർത്തട കമ്മിറ്റി ചെയർമാൻ പി. വെള്ളൻ, കൺവീനർ വേണു മാസ്റ്റർ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി.

**ശില്പശാല സംഘടിപ്പിച്ചു**

നബാർഡിന്റെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ഇ-ശക്തി പദ്ധതിയിൽ ആനിമേറ്റർമാർക്കായി ശില്പശാല സംഘടിപ്പിച്ചു. ഡോക്യുമെന്റേഷൻ, പബ്ലിക് റിലേഷൻ, മീഡിയ മാനേജ്മെന്റ്, ഡിജിറ്റൽ പ്രൊമോഷൻ എന്നീ വിഷയങ്ങളിലാണ് ശിൽപശാല സംഘടിപ്പിച്ചത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല പരിപാടി ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി. എ. ജോസ് അധ്യക്ഷത വഹിച്ചു. കേരള ഭൂഷണം വയനാട് ബ്യൂറോ ചീഫ് സി.വി. ഷിബു ക്ലാസെടുത്തു. സിസ്റ്റർ അനിലിറ്റ്, എസ്.ഡബ്ല്യു. എസ്. റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി, ഇ ശക്തി പ്രോഗ്രാം കോഡിനേറ്റർ ജാൻസി ജിജോ എന്നിവർ നേതൃത്വം നൽകി.

**DDU-GKY**

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU-GKY കോഴ്സ് Covid 19 ലോക്ക് ഡൗണിന് ശേഷം വീണ്ടും നവംബർ 16 ന് ബോയ്സ് ടൗൺ കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന സെന്ററിൽ ആരംഭിക്കുന്നു. അതുപോലെ തന്നെ കാട്ടിക്കുളം, മാനന്തവാടി തുടങ്ങിയ സെന്ററുകളിൽ ഫുഡ് പ്രൊസസ്സിംഗ് പ്രിസർവേഷൻ, ബ്യൂട്ടീഷൻ, ഇലക്ട്രീഷ്യൻ, ഫിറ്റർ ഫാബ്രിക്കേഷൻ തുടങ്ങിയ കോഴ്സുകളും വരുന്ന മാസങ്ങളിൽ ആരം

ഭിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപ്പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്രസർക്കാരിന്റെ അംഗീകാരമുള്ള SSLC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. എല്ലാ കോഴ്സുകളിലേക്കും ഉള്ള അഡ്മിഷൻ ആരംഭിച്ചുകഴിഞ്ഞു. ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബ സഹായ പദ്ധതിയിൽ ഫീൽഡ് തലത്തിൽ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു വരുന്നു. ഡയറക്ടർ ഫാ. പോൾ കൂട്ടാലയുടെ അധ്യക്ഷതയിൽ സേവ് എ ഫാമിലി സ്റ്റാഫ് ഒന്നുചേർന്ന് ഭാവികാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്തു. കുടുംബങ്ങളുമായി നിരന്തരബന്ധം പുലർത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ചും പദ്ധതികളെക്കുറിച്ചും ചർച്ച ചെയ്തു. അസോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ കൂടുതൽ ഫലപ്രദമായി കാര്യങ്ങൾ എങ്ങനെ ക്രമീകരിക്കാം എന്ന് വിശദമാക്കി. FCRA യുടെ പുതിയ ഭേദഗതികളെ കുറിച്ച് ചർച്ചചെയ്യാൻ രൂപതാ ഡയറക്ടേഴ്സിനായി സേവ് എ ഫാമിലി പ്ലാൻ എക്സിക്യൂട്ടീവ് ഡയറക്ടർ സംഘടിപ്പിച്ച സൂം മീറ്റിംഗിൽ സി. അനിലിറ്റ് എഫ്. സി. സി പങ്കെടുത്തു. നമ്മുടെ രൂപതയിൽ ഇപ്പോൾ ആകെ 325 കുടുംബങ്ങൾക്ക് സഹായം ലഭിക്കുന്നുണ്ട്. 2021-2022 വർഷത്തിലേക്കുള്ള പുതിയ അംഗങ്ങളെ ചേർത്തുവരുന്നു. അർഹരായ കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**ഉപഭോക്താക്കൾക്ക് ഈ മാസം ലഭിച്ച ധനസഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| ചെറുകിട സംരംഭകങ്ങൾക്കായി | - 10000 | (SAFP) |
| കൃഷിക്കായി | - 45000 | (SAFP) |
| മൃഗസംരക്ഷണത്തിനായി | - 90500 | (SAFP) |

| | | |
|---|---|---|
| നിർമ്മാണ പ്രവർത്തനങ്ങൾക്കായി | 1276000 | (SAFP,Govt &Local) |
| വിദ്യാഭ്യാസം | – 29000 | (Lcal) |
| ചികിത്സാ സഹായം | – 10000 | (Local) |
| ഭക്ഷണസാധനങ്ങൾ | – 60000 | (Local) |
| പെൻഷൻ ലഭിച്ചത് | – 5100 | (Local) |
| ആകെ | – 1525600 | |

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2020–2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി. അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്. എസ്. എൽ. സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**ക്ഷേമനിധി പദ്ധതികൾ**

നിർമ്മാണ തൊഴിലാളി (SNTU) ക്ഷേമനിധിയിൽ ഈ മാസം 83 പുതിയ അപേക്ഷകൾ ലഭിച്ചു. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഓഫീസ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ സമയം അറിയിക്കുന്നതിന് അനുസരിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ക്യാമ്പ് നടത്തുന്നതായിരിക്കും. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 3 അംഗങ്ങൾക്ക് ഈ മാസം പെൻഷന് അപേക്ഷ സമർപ്പിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ അംഗത്വമെടുത്തവരുടെ 2020–21 ലെ വിഹിതം സ്വീകരിച്ചു തുടങ്ങി. 2020 ജനുവരി 15 വരെ അംഗങ്ങളുടെ വിഹിതം അടയ്ക്കാൻ സമയപരിധി ഉണ്ട്. ഇതിനോടകം 57 പേർക്ക് 60 വയസ്സ് ആയതിനെ തുടർന്ന് തുക ലഭിക്കുകയുണ്ടായി.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗ

മായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ വർഷം 827 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിലായി 358704 രൂപ ലഭിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ റീജിയണുകളിൽ യഥാക്രമം കർമ്മസമിതി, എക്സിക്യൂട്ടീവ് മീറ്റിംഗുകൾ നടത്തി. കുറുക്കൻമൂലയിൽ എസ്. ഡബ്ലു. എസ്. അംഗങ്ങളുടെ നേതൃത്വത്തിൽ കോവിഡ് ആന്റിജൻ ടെസ്റ്റ് നടത്തുകയുണ്ടായി. കൂടാതെ വിവിധ പ്രദേശങ്ങളിൽ കൊറോണ പ്രതിരോധ ഹോമിയോ മരുന്ന് വിതരണം നടത്തി. തവിഞ്ഞാൽ, കരിമാനി, കോറോം, കൊട്ടിയൂർ, എള്ളുമന്ദം, പുൽപ്പള്ളി, മാനന്തവാടി, തോണിച്ചാൽ എന്നിവിടങ്ങളിൽ സോപ്പ് ആൻഡ് ഡിറ്റർജന്റ് പരിശീലനം നൽകി. പുതിയ സ്വാശ്രയ സംഘങ്ങളെ രൂപീകരിച്ച് അത് നബാർഡിലേക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവവിഭവങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പ്രാദേശിക കാലാവസ്ഥാഭേതങ്ങൾക്ക് അനുസരണമായി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥായിയായ കൃഷിരീതികളെ ജൈവകൃഷി എന്ന് പറയാം.

മണ്ണിന്റെയും വിലയുടെയും ഉത്പാദനക്ഷമത ഉയർത്തുകയും നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള കൃഷിമുറകളായിരിക്കണം ജൈവ കൃഷിയിൽ അനുവർത്തിക്കേണ്ടത്. നിലവിൽ 18031 കർഷകരാണ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്, ഇവരിൽ തന്നെ 6114 കർഷകർ പൂർണ്ണമായും നാല് വർഷത്തെ പരിവർത്തന കാലയളവ് പൂർത്തികരിച്ച ജൈവ കൃഷിയിടങ്ങളുള്ളവരാണ് എന്നത് അഭിമാനിക്കാൻ വകയുള്ള നേട്ടം തന്നെയാണ്. രണ്ടായിരത്തോളം കർഷകർ പുതുതായി പദ്ധതിയിൽ അംഗങ്ങളാവാൻ കഴിഞ്ഞ ഒരു വർഷമായി പേര് രജിസ്റ്റർ ചെയിതിട്ടുണ്ട് എന്നത് ബയോവിന്നിന്റെ ഈ മേഖലയിലെ പ്രവർത്തന മികവിന് കിട്ടുന്ന അംഗീകാരം തന്നെയാണ്.

2021-ൽ ജൈവ സർട്ടിഫിക്കേഷൻ പുതുക്കേണ്ട കർഷകരുടെ വിവരശേഖരണവും ഓഡിറ്റിനാവശ്യമായ ക്രമീകരണങ്ങളും നടന്നുവരുന്നു. 15 ICS കളുടെതാണ് ഇനി പുതുക്കുവാനുള്ളത്.

കാനഡയിലേക്ക് കയറ്റി അയക്കുന്ന ഉത്പന്നങ്ങൾ ജൈവമാണെന്നു തിരിച്ചറിയുന്നതിനായി കാനഡയിൽ ഓർഗാനിക്ക് സ്റ്റാൻഡേഡ് അനുസരിച്ചുള്ള രജിസ്ട്രേഷൻ ആവശ്യമാണെന്നതിനാൻ, അതിനായുള്ള നടപടികൾ ആരംഭിച്ചു. ബാംഗ്ലൂർ ആസ്ഥാനമായ അഥിതി ഓർഗാനിക് സർട്ടിഫിക്കേഷനാണ് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നത്.

2020 -23 കാലഘട്ടത്തിലേക്കുള്ള വൊഫ /കഫെ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നതിന്റെ മുന്നോടിയായി ഗ്രൂപ്പുകളിൽ (വില്ലേജ് ഫാം ക്ലബ്ബ് -VFC) തെരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു. അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. വില്ലേജ് ഫാം ക്ലബ്ബ് തെരഞ്ഞെടുപ്പ് തീരുന്ന മുറയ്ക്ക് റീജിണൽ ഫെഡറേഷൻ കമ്മിറ്റി (RFC) തെരഞ്ഞടുപ്പ് ആരംഭിക്കുന്ന

തായിരിക്കും. VFC ലീഡർമാരാണ് RFCയിലേക്ക് എത്തുക.

സംസ്കരണ വിഭാഗത്തിൽ സെപ്റ്റംബർ മാസം കാപ്പി, കുരുമുളക്, വാഴപ്പഴം, മഞ്ഞൾ, ഇഞ്ചി, കാന്താരി മുളക് എന്നിവയുടെ സംസ്കരണം നടക്കുകയും ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേക്ക് വിപണനം നടത്തുകയും ചെയ്തു വരുന്നു. ഇതിനായി 471 തൊഴിൽ ദിനങ്ങൾ പ്രയോജനപ്പെടുത്തി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
CMD ബയോവിൻ അഗ്രോ റിസേർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2020 ഒക്ടോബർ, നവംബർ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഇവാലുവേഷൻ മീറ്റിംഗ്**

**ഒക്ടോബർ 2020**

NDS കയ്യൂന്നി, കൽപ്ര, കുന്നലാടി, ബെക്കി യൂണിറ്റുകളുടെ ഇവാലുവേഷൻ മീറ്റിംഗ് 17.10.2020 ശനിയാഴ്ച്ച ബെക്കി യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു. വികലാംഗരും, ശാരീരികവും മാനസീകവുമായ അവശത അനുഭവിക്കുന്നവരെ കണ്ടെത്തി നാം അവരെ സഹായിക്കാൻ തയ്യാറാവണമെന്ന് NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ അദ്ധ്യക്ഷപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് കയ്യൂന്നി, കുന്നലാടി, കൽപ്ര, ബെക്കി യൂണിറ്റുകളുടെ ഭാരവാഹികൾ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ഓരോ യൂണിറ്റിന്റെയും പ്രവർത്തനങ്ങളെയും വിലയിരുത്തി ഡയറക്ടറച്ചൻ സംസാരിക്കുകയും ചെയ്തു. അതേ തുടർന്ന് ശ്രീ. ജൂഡ് മാർട്ടിന്റെ നേതൃത്വത്തിൽ ചെറുകിട സംരംഭകത്വം എന്ന വിഷയത്തിൽ ക്ലാസ് നയിക്കുകയും ചെയ്തു.

**നവംബർ 2020**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ വിവിധ യൂണിറ്റുകളുടെ നവംബർ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് 14-1-2020 ശനിയാഴ്ച്ച NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. ബഹു. ഡയറക്ടറച്ചൻ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി. പി. മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. ബെക്കി, ബോസ്പാറ, കയ്യൂന്നി, കുന്നലാടി, മൺവയൽ, ധർമ്മഗിരി, വിമലഗിരി യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ

അവതരിപ്പിക്കുകയും ഡയറക്ടറച്ചൻ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾ ചെയ്ത മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. മേഖലാ കോഡിനേറ്റർ NDS –ന്റെ വെബ്സൈറ്റ് അംഗങ്ങൾക്ക് പരിചയപ്പെടുത്തികൊടുത്തു. കുന്നലാടി യൂണിറ്റ് കോഡിനേറ്റർ ശ്രീ. അഗസ്റ്റ്യൻ കഴുക്കച്ചാലിൽ മീറ്റിംഗിന് നന്ദി പറഞ്ഞു.

**NDS ആനിമേറ്റേഴ്സ് മീറ്റിംഗ്**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ വിവിധ യൂണിറ്റുകളിലെ ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് 21.10.2020 NDS ഓഫീസിൽ വെച്ച് രാവിലെ 11 മണിക്ക് നടത്തി. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച് മീറ്റിംഗിന് മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി സ്വാഗതം ആശംസിച്ചു. മേഖലാ ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ മാനന്തവാടി രൂപതയുടെ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന NDS നെകുറിച്ചും, WSSS നെകുറിച്ചും, ബയോവിൻ അഗ്രോ റിസേർച്ച് സെന്ററിനെകുറിച്ചുമെല്ലാം വീഡിയോ, സ്ലൈഡ് പ്രസന്റേഷൻ എന്നിവയുടെ സഹായത്തോടെ വിശദമായ ക്ലാസ് നയിക്കുകയും സംഘടനയിൽ ആനിമേറ്റേഴ്സിന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ആനിമേറ്റേഴ്സ് സ്വയം പരിചയപ്പെടുത്തുകയും, അവരുടെ യൂണിറ്റുകളിലെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. പൊതുവായ ചർച്ചയുടെ സമയത്ത് അംഗങ്ങളുടെ സംശയങ്ങൾക്ക് ബഹു. മേഖലാ ഭാരവാഹികൾ മറുപടി നൽകി. മേഖലാ ട്രഷറർ ബഹു. അനീഷ് ആലുങ്കൽ അച്ചനും, എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ശ്രീ. പി.വി. വർഗീസും മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

**CEI പ്രോജക്ട് : പശുലോൺ തിരിച്ചടവ്**

CEI പ്രോജക്ടിലൂടെ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി വിതരണം ചെയ്ത 89 പശു ലോണുകളുടെ രണ്ടാംഘട്ട തിരിച്ചടവ് മുതലായി 180000.00 (ഒരുലക്ഷത്തി എൺപതിനായിരം രൂപ) സമാഹരിച്ചു.

**യൂണിറ്റുകളുടെ ഓഡിറ്റിംഗ്**

NDS കുന്നലാടി, ബെക്കി യൂണിറ്റുകളിലെ 4 സ്വാശ്രയ സംഘങ്ങളുടെ ഓഡിറ്റിംഗ് 30.10.2020 ന് മേഖലാ കോഡിനേറ്ററിന്റെ നേതൃത്വത്തിൽ നടത്തുകയും ആവശ്യമായ തിരുത്തലുകളും, നിർദ്ദേശങ്ങളും നല്കുകയും ചെയ്തു.

**NDS രജിസ്ട്രേഷൻ പുതുക്കൽ**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഓൺലൈൻ രജിസ്ട്രേഷന്റെ ഭാഗമായി തമിഴ്നാട് സൊസൈറ്റീസ് ആക്ട്

പ്രകാരമുള്ള ഡോക്യുമെന്റുകൾ സമർപ്പിക്കുകയും 148/2008 നമ്പറിലുള്ള രജിസ്ട്രേഷൻ 2020-21 വർഷത്തേക്ക് പുതുക്കുകയും ചെയ്തു.

**അടുക്കള പച്ചക്കറിത്തോട്ടം - വിത്ത് വിതരണം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന അടുക്കള പച്ചക്കറിത്തോട്ട മത്സരത്തിനുള്ള പച്ചക്കറി വിത്തുകളുടെ കിറ്റിന്റെ വിതരണം വിവിധ യൂണിറ്റുകളിൽ ഡയറക്ടർമാരുടെയും, ആനിമേറ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തി. 275 ഓളം പച്ചക്കറി വിത്തിന്റെ കിറ്റുകൾ വിതരണം ചെയ്തു.

**സ്വാശ്രയസംഘ ഭാരവാഹികൾക്കുള്ള പരിശീലനം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ മണ്ണുവയൽ യൂണിറ്റിലെ സ്വാശ്രയസംഘ ഭാരവാഹികൾക്കുള്ള പരിശീലനം 01.11.2020 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മൺവയൽ പള്ളി ഹാളിൽവെച്ച് നടത്തുകയുണ്ടായി. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. കെ. വി. പൗലോസ് ഏവർക്കും സ്വാഗതം ആശംസിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി.പി. NDS ന്റെ റെക്കോർഡുകളും പാസ് ബുക്കുകളും പരിചയപ്പെടുത്തുകയും അത് എഴുതേണ്ട വിധം പറഞ്ഞുകൊടുക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. യൂണിറ്റ് കോഡിനേറ്റർ ശ്രീ. മനോജ് ആലുങ്കൽ ഏവർക്കും നന്ദി പറഞ്ഞു. യൂണിറ്റ് ഡയറക്ടർ ബഹു. ബാബു കക്കാട്ടിക്കാലായിൽ അച്ചനും ആനിമേറ്റർ സിസ്റ്റർ ലൂസി SKD യും മീറ്റിംഗിൽ തങ്ങളുടെ സാന്നിധ്യം അറിയിക്കുകയും ചെയ്തു.

**NDS ട്രൈബൽ ഗ്രൂപ്പുകളുടെ രൂപീകരണവും, ഭക്ഷണകിറ്റ് വിതരണവും**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ധർമ്മഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ മാതേശ്വരൻ, ലോട്ടസ് എന്നീ രണ്ട് ട്രൈബൽ ഗ്രൂപ്പുകൾക്ക് 01.11.2020 ന് തുടക്കം കുറിച്ചു. ധർമ്മഗിരി യൂണിറ്റ് ഡയറക്ടർ ബഹു.റോബിൻ പടിഞ്ഞാറയിൽ അച്ചൻ, ആനിമേറ്റർ സിസ്റ്റർ പുഷ്പറാണി MSMI, കോഡിനേറ്റർ ഷിജി ജോസ്, കമ്മറ്റി അംഗങ്ങളായ ജിൻസി റോജൻ, സെലിൻ ജോൺ എന്നിവർ നേതൃത്വം നല്കി. പുതിയതായി പ്രവർത്തനം ആരംഭിച്ച 2 ട്രൈബൽ ഗ്രൂപ്പുകളിലെയും 19 അംഗങ്ങൾക്കും യൂണിറ്റിന്റെ നേതൃത്വത്തിൽ ഭക്ഷണകിറ്റ് വിതരണം ചെയ്തു.

**NDS PWD's സ്വാശ്രയസംഘത്തിന്റെ ഉദ്ഘാടനം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ വിമലഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ ഉദയം എന്ന പേരിൽ ശാരീരിക വൈകല്യമുള്ളവരുടെ ഒരു സ്വാശ്രയസംഘത്തിന് 03.11.2020 ന് തുടക്കം

കുറിച്ചു. വിമലഗിരി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോർജ് കെ.വി. മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ബഹു. സ്റ്റീഫൻ കോട്ടക്കലച്ചൻ സ്വാശ്രയസംഘപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സമൂഹത്തിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട ആവശ്യകതയെകുറിച്ച് അച്ചൻ ഉദ്ഘാടന സന്ദേശത്തിൽ അംഗങ്ങളെ ഓർമ്മിപ്പിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി.പി. ഗ്രൂപ്പിന് ആശംസകൾ അർപ്പിച്ചു. വികലാംഗരായ ആളുകളുടെ ജില്ലാ കോഡിനേറ്റർ ശ്രീ. ശിവനേശൻ അവരുടെ ആവശ്യങ്ങളെകുറിച്ചും, സമൂഹത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങളെകുറിച്ചും സംസാരിച്ചു. ഉദയം സ്വാശ്രയം സംഘഭാരവാഹികളായ ശ്രീമതി ജിലുമോൾ, ശ്രീദേവി എന്നിവർ മീറ്റിംഗിന് നേതൃത്വം നല്കി.

**കുന്നലാടി യൂണിറ്റിൽ ക്രെഡിറ്റ് യൂണിയൻ ഉദ്ഘാടനം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി കുന്നലാടി യൂണിറ്റിന്റെ വളർച്ചയുടെ ഭാഗമായി യൂണിറ്റിൽ ക്രെഡിറ്റ് യൂണിയന്റെ ഉദ്ഘാടനം 08.11.2020 ഞായറാഴ്ച്ച യൂണിറ്റ് ഡയറക്ടർ ബഹു.ജോണി കപ്യാരുമലയിൽ അച്ചൻ യൂണിറ്റ് കോഡിനേറ്റർ ശ്രീ. അഗസ്റ്റ്യൻ കഴുക്കച്ചാലിന് സി.യു. പാസ്ബുക്ക് നല്കി നിർവ്വഹിച്ചു.

**സോഷ്യൽ സർവ്വീസ് സൊസൈറ്റി – ഡയറക്ടേഴ്സ് മീറ്റിംങ്ങ്**

മാനന്തവാടി രൂപതയുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ WSSS, Biowin, NDS എന്നീ പ്രവർത്തന മേഖലയിലെ ഡയറക്ടർ അച്ചൻമാരുടെ മീറ്റിംഗ് 16.10.2020 ന് മാനന്തവാടി WSSS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ മീറ്റിംഗിൽ പങ്കെടുക്കുകയും സൊസൈറ്റിയുടെ അർദ്ധവാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു.

**മാനന്തവാടി സമരിറ്റൻസ്**

**നീലഗിരി റീജിയൺ  കോവിഡ് ടാസ്ക് ഫോഴ്സ്**

കൊറോണ വൈറസ് ബാധിച്ച് അരുൾനിലയം ഇടവകയിൽ മരണമടഞ്ഞ വ്യക്തിയുടെ ശവസംസ്കാര ശുശ്രൂഷയിൽ മാനന്തവാടി സമരിറ്റൻസ് കോവിഡ് ടാസ്ക്ക് ഫോഴ്സ് നീലഗിരി റീജിയണിലെ 5 അംഗങ്ങൾ ബഹു. സനീഷ് സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ പങ്കെടുക്കുകയും ശവസംസ്കാര ശുശ്രൂഷകൾക്ക് സഹായിക്കുകയും ചെയ്തു.

**ഫാ. ബിനോയി കാശാംകുറ്റിയിൽ**
ഡയറക്ടർ – NDS

**October- November 2020**

1. Dr. Maria Martin Joseph (Principal), Dr. Ramya Krishnan M. (IQAC Cordinator), Mr. Bibin Jose, Mr. Toby K. Joseph, Ms. Sharon Rose, Mr. Joy Joseph and Mr. Anish Chacko (IQAC Members) completed a two month certificate course on "Effective Documentation for Accreditation" organized by the IQAC Cluster India from 15th September to 10th November 2020. Our college IQAC initiated the staff to participate in this enrichment programme and the college paid 50% of course fee for the staff. Mr. Joy Joseph was selected as a meritorious participant and bagged a cash prize for the same.
2. Dept.of Zoology organized an International Webinar 'ZOOBINAR 2020' on Recent Trends in Biodiversity Conservation from 26th to 28th Oct 2020.
3. Career Guidance Cell Conducted a webinar with the assistance of MYRA School of Business, Mysore on 20th October. The Cell also conducted a webinar on Job Training Program on 28th October in association with School Guru Eduserve, Bangalore.
4. The college NCC unit conducted a webinar on 'National Education Policy-2020' on 18th Oct 2020. The unit also conducted a survey and evaluation on National Education Policy-2020.
5. Online Classes for the First year UG and PG students began on 2 November 2020
6. Dr. Maria Martin Joseph: Successfully completed 3 months course on "Development of Institutional Quality" organized by IQAC Cluster India from 3rd Aug to 10th November. Achieving the required standard in the following modules - 1. Developing institutional Policies, Process and Procedures, 2. Facilitating the academic audits, 3. Documentation and communication to

management, 4. Analyzing Institutional Risks and Opportunities.

7. Dr. Mary Nirmala Borgia: Organized and participated an International Webinar ZOOBINAR 2020 from 26th to 28th October 2020

8. Ms. Jisha T E: 1) Participated in an Online Workshop on "How to Publish in Scopus Indexed Journal" organised by Research and Publication Division of Gujarat National University, Gandhinagar, Gujarat, India on 31st October, 2020.

2) Completed a Two-Day Online Faculty Development Program on "PYTHON WITH HANDS ON SESSION", organized by NAM College Kallikandy In association with IQAC on 30th&31st Oct, 2020.

3) Participated in the International Workshop on "Plagiarism and Academic integrity: Problems and Solutions", organized by Manuscriptpedia, Kanyakumari, on 9th &10th October, 2020 through online pedagogy.

9. Ms. Lisha A:1) Completed a 2-Week Faculty Development Programme on "RESEARCH METHODOLOGY" from 1st October - 15th October, 2020.

2) Attendeda Webinar on "Decision Making - A Machine Learning Approach".

10. Mr. Bibin Jose:1) attended a Two Week Online Faculty Development Programme (FDP) in Research Methodology organized by Teaching Learning Centre and Research Development and Services Cell, Ramanujan College, University of Delhi (1st to15th October, 2020).

2) Attended an One-week Faculty Development Program (FDP) on Darshan - Fine Tune your Research Planning using Online Research Tools organized by Department of Computer Applications, St.Teresa's College Ernakulam (12th to17th October 2020).

3) One Week FDP on Development and Implementation of

MOOCs (organized by Teaching Learning Centre and Research Development and Services Cell, Ramanujan College, University of Delhi Oct. 21 - Oct. 27, 2020).

4) Online Certificate Course Cum Workshop of 32 hours on Professional Documents with Microsoft-Word organized by Department of Computer Science & Applications, Sanatan Dharma College, Ambala Cantt, Kurukshetra University, Kurukshetra (14th to 28th October 2020).

11. Mr.Binoy Joseph: 1) Presented a research paper entitled "A Revised Symmetric-key Cryptographic Method using Laplace Transforms" in the International Conference on Emerging Trends in Mathematics and Statistics (ICETMS-2020 online) from 21/10/2020 - 23/10/2020 organized by Post Graduate Department of Mathematics and Statistics St. George's College Aruvithara, Kottayam in association with Kerala Mathematical Association (KMA)

2) Participated in the International Conference on Emerging Trends in Mathematics and Statistics (ICETMS-2020 online) from 21/10/2020 - 23/10/2020 organized by Post Graduate Department of Mathematics and Statistics St George's College Aruvithara, Kottayam in association with Kerala Mathematical Association (KMA) and

3) Served as the resource person for the National Webinar on "Vedic Mathematics" on 27-10-2020 organized by the Department of Mathematics Pazhassiraja College, Pulpally.

12. Dr. Rakesh Kalia: 1)Attended a national webinar on Hindi Stories by Christ Nagar College Maranallor, Tvm.

2) Attended webinars conducted by Employment and Information Bureau, Kannur University on 5th,13th October and 3rd November.

13. Mr. Regi Francis: Attended "International Webinar series (ZOOBINAR - 2020)" organized by Department of Zoology,

Mary Matha Arts & Science College Mananthavady, Wayanad from 26th to 28th October, 2020.

14. Dr.Ramya Krishnan M.: 1) Attended "International Webinar series (ZOOBINAR - 2020)" organized by Department of Zoology, Mary Matha Arts & Science College Mananthavady, Wayanad from 26th -28th October, 2020.

2) Participated in the webinar on "Research Indicators" organized by IQAC, SVR NSS College, Vazhoor on 12th November 2020.

**Dr Maria Martin Joseph**
Principal

കോവിഡ് മൂലം വിദ്യാലയങ്ങൾ തുറക്കാത്ത സാഹചര്യത്തിൽ ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് സ്കൂൾതലത്തിൽ നടത്തുന്ന ഓൺലൈൻ കലാമേളകൾ കോർപ്പറേറ്റിന് കീഴിലുള്ള ഭൂരിപക്ഷം വിദ്യാലയങ്ങളിലും നടന്നുകഴിഞ്ഞു. ഇതിന് നേതൃത്വം നൽകിയ എല്ലാ പ്രധാനാധ്യാപകർക്കും, അഭിനന്ദനങ്ങൾ.

**1. നിയമനാംഗീകാരം**

2016 മുതൽ നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാനവ്യാപകമായി കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ ഉപവാസസമരങ്ങൾ നടന്നു. വയനാട് ജില്ലയിൽ കലക്ടറേറ്റിന് മുന്നിൽ നടന്ന ഉപവാസസമരത്തിൽ നിരവധി അദ്ധ്യാപകർ പങ്കെടുത്തു. കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ ഉപവാസസമരപന്തൽ സന്ദർശിച്ചു. വിദ്യാഭ്യാസമന്ത്രിയുമായി കെ.സി.ബി.സി. ഭാരവാഹികൾ നടത്തിയ ചർച്ചയെ തുടർന്ന് നിയമനാംഗീകാര കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കുമെന്ന് ഉറപ്പിന്മേൽ ആഴ്ചകൾ നീണ്ടുനിന്ന ഉപവാസസമരം അവസാനിപ്പിച്ചു.

കേരള ഗവൺമെന്റിന്റെ സമന്വയ സോഫ്റ്റ്‌വെയറിൽ നിയമനാംഗീകാരത്തിനുള്ള ഓപ്ഷൻ പുന:സ്ഥാപിച്ചതിനാൽ ദിവസവേതന നിയമനങ്ങൾ അടക്കം നിരവധിപേരുടെ നിയമനങ്ങൾക്ക് അംഗീകാരം ലഭിച്ചു.

**2. വിദ്യാലയ സന്ദർശനം**

കോർപ്പറേറ്റ് മാനേജർ വിദ്യാലയസന്ദർശനം ആരംഭിച്ചു. ദ്വാരക യു.പി സ്കൂൾ, ബത്തേരി അസംപ്ഷൻ യു.പി.സ്കൂൾ, ഏലപ്പീടിക സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ, കോട്ടത്തറ സെന്റ് ആന്റണീസ് യു.പി സ്കൂൾ, പുതിയിടംകുന്ന് സെന്റ് പോൾസ് എൽ. പി. സ്കൂൾ, തരിയോട് സെന്റ് മേരീസ് യു.പി സ്കൂൾ, മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി സ്കൂൾ, കബനിഗിരി സെന്റ് മേരീസ് യു.പി സ്കൂൾ, കബനിഗിരി നിർമ്മല ഹൈസ്കൂൾ, പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ, പയ്യംപള്ളി സെന്റ് കാതറിൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. സ്റ്റാഫ്മീറ്റിംഗ് വിളിച്ച് വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ